Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 || 1130 ഇടവം 18—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജൂൺ 1 || ലക്കം 40

## മർദ്ദിതൻ

(വറുഗീസ് കിളിച്ചിമല)

I

തീവെയിൽ എരിഞ്ഞുനില്ക്കുമ്പോളാണീ സംഭവം. കടുത്ത നീതികേടിൻെറ കരുണയില്ലാത്ത മൃഗീയകരം ഒരു യുവയോദ്ധാവിനെ നിർദ്ദയം മർദ്ദിച്ചു.

ധാർമ്മികതയ്ക്കുവേണ്ടി സമരം ചെയ്യുവനാണാ യോദ്ധാവു്. ഏറ കത്തുള്ളികൾ ചിന്തിക്കൊണ്ടാണു് ആ കൊച്ചുഹംസം ആദർശശുദ്ധിയും ആത്മാർത്ഥതയും തെളിയിച്ചതു്. ക്രൂരതയുടെ ചവിട്ടിത്തേക്കലിൽ ആ പുഷ്പക്കുരുന്നരഞ്ഞുപോയി.

ഈ സംഭവത്തിലെ ഒരു പ്രധാനപാത്രത്തെ അന്ത്യമായി കാണുന്നതു് ക്യൂബായിലെ മഞ്ഞണിമേഖലയിലാണു്. വിറങ്ങലിപ്പിക്കുന്ന തണുപ്പുള്ള ആ പ്രദേശത്തു ഒരു സാധുവൃദ്ധൻ നാടുകടത്തൽ ശിക്ഷയുടെ ദയനീയത അനുഭവിക്കുന്നു. ഭദ്രമായി സൂക്ഷിച്ചുവച്ചിട്ടുള്ള ഒരു കൈലേസ് അദ്ദേഹം ചിലപ്പോഴെടുത്തു നോക്കും; മററു ചിലപ്പോൾ ഒരു ഫോട്ടോ സൂക്ഷിച്ചുനോക്കി വിങ്ങിപ്പൊട്ടിക്കരയും. കണ്ണുനിറയാതെ ആ രംഗങ്ങൾ കണ്ടുനില്ക്കുക സാദ്ധ്യമല്ല.

അയാൾ ആ തൂവാല ചുംബിക്കും, തേങ്ങിക്കരയും......ആ ദയാപ്രതിമയുടെ നേരെ നൂറുകൂട്ടം സങ്കടമുണർത്തിക്കും.

രക്തപ്പുശ് ആ കൈലേസിൽ ഉണങ്ങിപ്പിടിച്ചിട്ടുണ്ടു്.

രണ്ടു ശവപ്പെട്ടികളാണു ഫോട്ടോയിൽ. അതിനു ചുററും കത്തിച്ച മെഴുകുതിരികൾ. ഹൃദയംപൊട്ടി രക്തം ഒലിപ്പിച്ച രണ്ടു യുവാക്കന്മാരാണാ ശവപ്പെട്ടികളിൽ നിദ്രകൊള്ളുക.

ആ ഫോട്ടോയിൽ തുറിച്ചുനോക്കി വൃദ്ധൻ വിങ്ങിവിങ്ങിപ്പറയും: "മൈക്കിൾ ഒരു പ്രേഷിതനായിരുന്നു, ഹംബർട്ടു ഒരു ദൈവദൂതനും. അവർ ദൈവത്തിനുവേണ്ടി മരിച്ചു. അവർ ദൈവത്തോടുകൂടി സ്വർഗ്ഗത്തിലാനന്ദിക്കുന്നു."

ഈ വരികൾ ഉച്ചരിക്കുമ്പോൾ വൃദ്ധൻ അഭിമാനംകൊണ്ടു വികസിക്കും. മഹനീയമായ ആദർശത്തിനുവേണ്ടി പടപൊരുതിയ രണ്ടു വീരയോദ്ധാക്കന്മാരുടെ ജീവിതസംഗ്രഹമാണീ വരികൾ. അതിൽ ന്യായമായി അഭിമാനിക്കുവാൻ തനിക്കുള്ള വിലപിടിച്ച അവകാശം വൃദ്ധൻ വലിയ സമ്പാദ്യമായി കരുതുന്നു.

II

പേടിപ്പിക്കുന്ന ചില പേരുകളുണ്ടു് ചരിത്രത്തിൽ—ഒന്നു നീറോ; വേറൊന്നു കാലസ്. ക്രൂരതയുടെ ഒരു പര്യായമായിട്ടല്ലാതെ കാലസിൻെറ നാമധേയം സ്മരിക്കുവാൻ കഴിയുന്നതല്ല. കണ്ണിൽ ചോരയില്ലാത്ത ഒരുവനായിരുന്നു കാലസ്. "പിടിച്ചിടത്തുവച്ചു ഒടി"ക്കാതിരിക്കുവാൻ ക്രൂരത ആ നിർദ്ദാക്ഷിണ്യനെ അനുവദിച്ചില്ല. ഒരു നാട്ടുമ്പുറത്തെ അദ്ധ്യാപകനായി പാവം കുട്ടികൾ അദ്ദേഹത്തെ പരിചയിച്ചിട്ടുണ്ടു്. "കടുവാ" എന്നായിരുന്നു വിദ്യാർത്ഥികൾ അയാളെ വിളിക്കുക. ആ നിർദ്ദയൻെറ കരങ്ങളിലിരുന്നു ഞെരുങ്ങുകയെന്ന നിർഭാഗ്യമാണു 1924 ജൂൺമുതൽ മെക്സിക്കോയ്ക്കു പിണഞ്ഞതു്.




പരിശുദ്ധകന്യകമറിയത്തിൻെറ രാജ്ഞിത്തതിരുനാൾ

(മേയ് 31)

"നല്ലപിള്ള ചമഞ്ഞു"കൊണ്ടാണു കാലസ് ഭരണക്കൂടം കൈയേറിയതു്, ഇന്നത്തെ ചില രാഷ്ട്രീയപ്രവർത്തകരെപ്പോലെ. 1925 നോടുകൂടി "ചെമ്പുതെളിഞ്ഞു", ആ ഭരണനേതാവു തനിനിറം കാണിച്ചു. ഫ്റഞ്ചുവിപ്ലവത്തെ അനുകരിക്കുക, റഷ്യയുടെ കാലടിപ്പാടുകൾ പിന്തുടരുക ഇവയായിരുന്നു ആ വിപ്ലവകാരിയുടെ ആഗ്രഹങ്ങൾ. അയാൾ കത്തോലിക്കാപള്ളിക്കൂടങ്ങളടച്ചു, കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസമില്ലാതാക്കി, വൈദികർക്കു മതകർമ്മങ്ങൾ നടത്തുക സാദ്ധ്യമല്ലാതായി.

വിദേശിവൈദികരെ നാടുകടത്തി. നാസ്തികവ്യവസ്ഥകൾക്കു സമ്മതംമൂളാത്തവർക്കു രാജ്യത്തു സ്ഥാനമില്ലെന്നായി. മെക്സിക്കോയിലെ മെത്രാപ്പോലീത്താ ഭരണനയത്തെ വിമർശിച്ചു. ഗവൺമെൻറു് അദ്ദേഹത്തെ കോർട്ടിൽകയററി വിസ്തരിച്ചു; ഒരു രാജ്യദ്രോഹിയായി മുദ്രയടിച്ചു. കന്യാസ്ത്രീകളെ മഠങ്ങളിൽനിന്നും അടിച്ചോടിച്ചു. നഗ്നമായ മൃഗീയതയിൽ അവരോടു പെരുമാറി.

കാലസിൻെറ പുത്രിയെ മെക്സിക്കോയുടെ ദേവിയായി വാഴിച്ചു. കൂട്ടക്കൊലകൾ പലേടത്തും നടത്തി.

കാലസ് ആക്രോശിച്ചു: "ഗൗരവാവഹമായ ഒരു സമരം, പഴയതിനോടുള്ള സമരം, മനുഷ്യനെ മയക്കുന്ന സർവ്വതിനുമെതിരായുള്ള ഒരു സമരം നാം സമാരംഭിക്കുന്നു.........സാമൂഹ്യവിപ്ലവത്തിൻെറ ഈ യുഗത്തിൽ മതത്തിൻെറ മറപിടിച്ചു ഒച്ചപ്പാടുണ്ടാക്കുന്നവർ നമ്മുടെ നാട്ടിലുമുണ്ടു്. ശത്രുപക്ഷം എത്രമാത്രം മുഖം വീർപ്പിച്ചാലും ഗവൺമെൻറിൻെറ നയം നടപ്പിൽ വരുത്തുകതന്നെ ചെയ്യും. പുരോഗമനത്തിനു മുമ്പിൽ വിലങ്ങുതടിയുയർത്തിക്കൊണ്ടു് മതത്തിൻെറ പേരുംപറഞ്ഞു വിപ്ലവം കുത്തിപ്പൊക്കുന്നവർ ഇന്നുമുണ്ടെന്നുള്ളതു ലജ്ജാകരമാണു്."

പരസ്യമായ വൈദികാനുഷ്ഠാനങ്ങൾ മെക്സിക്കോയിൽ നിയമവിരുദ്ധമായി. കാറിൻകീറുകൾ ആകാശത്തിൽ നിറഞ്ഞു. ദൈവാലയത്തിൽ കർമ്മങ്ങളില്ലാതായി. സക്രാരി ശൂന്യമായിത്തീർന്നു. കെടാവിളക്കു കെട്ടു. പള്ളിമണി മുടങ്ങി. ശ്മശാനമൂകത സർവ്വത്ര വ്യാപിച്ചു. സന്താപത്തിൻെറ കരിനിഴലുകൾ ആ നിർഭാഗ്യനാടിനെ വിഴുങ്ങി. മെക്സിക്കോയിൽ നീണ്ട "കഷ്ടാനുഭവവാരം" ആരംഭിച്ചു.

III

"കല്ലോലം കൊട്ടംകാററത്തിര
മ്പിമറിയുന്നു
കപ്പലോ കടലിൻെറ നേർന
ടുക്കുഴലുന്നു"

എന്ന ദയനീയതയിലായി മെക്സിക്കോയിൽ ക്രിസ്തുമതം. കാലസിൻെറ ഉരുക്കുനിയമങ്ങൾ പുറത്തുവന്നപ്പോൾ ക്രിസ്ത്യാനികളുടെ രക്തനാളങ്ങളിൽ ചൈതന്യം തരിച്ചു. തീക്ഷ്ണതയുടെ അലകൾ അവരിൽ ഓളംവെട്ടി. ആദർശധീരന്മാർ അരങ്ങത്തിറങ്ങി. അവരിൽ ഒരുവനാണു ഫാദർ മൈക്കിൾ പ്രോ.

ക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ ഫാദർ പ്രോ രഹസ്യമായി വി. കുർബാന നടത്തി; അനേകരുടെ പാപസങ്കീർത്തനം ശ്രവിച്ചു; ഭക്തിനിറഞ്ഞ ഹൃദയത്തോടുകൂടി ആളുകൾ ആ പ്രേഷിതനു ചുററുംകൂടി.

രഹസ്യപ്പോലീസിൻെറ കുത്തരങ്ങായിരിക്കുമ്പോഴും ആ വൈദികൻ നാടുമുഴുവൻ ചുററിസഞ്ചരിച്ചു. പതിയിരിക്കുന്ന ശത്രുക്കളുടെ വായിൽ പെടാതിരിക്കുന്നതിനും ദുഷ്ടന്മാരുടെ കുഴിയിൽ വീഴാതിരിക്കുന്നതിനും ആ കൂർമ്മബുദ്ധി ശ്രദ്ധിച്ചു. ചിലപ്പോൾ അദ്ദേഹം ഒരു വിദ്യാർത്ഥിയെപ്പോലെ പ്രത്യക്ഷപ്പെടും. സവാരിവടിയും പിടിച്ചു യാത്രചെയ്യുന്നതായിട്ടാണു മററു ചിലപ്പോൾ അദ്ദേഹത്തെ കാണുക. വേറെ ചിലപ്പോൾ അദ്ദേഹം ഒരു സൈക്കിൾയാത്രക്കാരനായിരിക്കും.

തന്നെ പിടിക്കുവാൻ ഓടിയടുത്ത പോലീസുകാരുടെ പിടിയിൽനിന്നും വഴുതി രക്ഷപെടുവാൻ അദ്ദേഹത്തിനു പലപ്പോഴും കഴിഞ്ഞിട്ടുണ്ടു്.

ഒരു പ്രഭാതം. ഒരു ഭവനത്തിൽ ഫാദർ പ്രോ ദിവ്യകാരുണ്യം വിതരണം ചെയ്യുകയാണു്. പെട്ടെന്നു് ഒരു വേലക്കാരൻ മുറിയിൽ കടന്നറിയിച്ചു, "പോലീസ്, പോലീസ്" എന്നു്. അവിടെ കൂടിയിരുന്ന സ്ത്രീകൾ ഭയവിഹ്വലരായി.

"ശാന്തമാകൂ!" അച്ചൻ പറഞ്ഞു: "നിങ്ങളുടെ തലമുണ്ടുകൾ

മറച്ചുവെക്കൂ! പല ഭാഗങ്ങളിലായി ചിന്നിച്ചിതറി നില്ക്കൂ.!"

അദ്ദേഹം ഒരു തൊപ്പിധരിച്ചു. വേഷം മാറി. ദിവ്യകാരുണ്യം കീശയിലൊളിച്ചു. ഒരു സിഗററു കത്തിച്ചു. ആഗതരെ നോക്കിനില്പായി.

"എവിടെ? എവിടെ? കത്തനാരെവിടെ?" ഏതാനുംപേർ പ്രവേശിച്ച് അലറി. "എവിടെയാണ പരസ്യാരാധന?"

"പരസ്യാരാധനയോ?" കഥാനായകൻ.

"അതേ, സർ, ഇവിടെ പരസ്യാരാധനയുണ്ട്."

"നിങ്ങൾ കളിപറയുന്നോ?"

"കളിയെന്നോ? ഞങ്ങൾ കണ്ടു ഒരു കത്തനാർ ഇങ്ങോട്ടു കടക്കുന്നത്."

"കൊള്ളാം. ഇവിടെ കത്തനാരുണ്ടെന്നോ? നോക്കൂ. ഇവിടം പരിശോധിക്കൂ!"

"ആ കത്തനാരെ പിടിക്കുവാൻ ഞങ്ങൾക്കുത്തരവുണ്ട്. ഞങ്ങളെ സഹായിക്കൂ."

അവർ മുറികളെല്ലാം പരിശോധിച്ചു. കഥാനായകൻ അവരോടുകൂടി അവിടമെല്ലാം നോക്കി. പോലീസുകാരെ കുത്തുകളിപ്പിക്കുന്ന ആ കത്തനാരെ ബന്ധിക്കുവാൻ തങ്ങളെ സഹായിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടാണ് അവർ കഥാനായകനോടു യാത്രപറഞ്ഞത്.

ഫാദർ പ്രോ ഭവനത്തിൽനിന്നും പോയപ്പോൾ പോലീസുകാർ പടിവാതില്ക്കൽ കാവലുണ്ടായിരുന്നു.

സിംഹത്തേയും പെരുമ്പാമ്പിനേയും ഫാദർ പ്രോ മറികടന്നു. ചീറിയടുത്ത ഹിംസ്രജന്തുക്കളിൽനിന്നും ആ ആട്ടിൻകുട്ടി രക്ഷപെട്ടു. എങ്ങനെയും ഫാദർ പ്രോയെ അറസ്റ്റ്ചെയ്യണമെന്നായി, കാലസിന്റെ ഉത്തരവ്.

മെക്സിക്കോയിലെ ഒരു രാഷ്ട്രീയപാർട്ടിയുടെ നേതാവായിരുന്നു ജനറൽ ഓബ്രഗൺ. തലസ്ഥാനനഗരിയിലേക്കു നീങ്ങവേ അദ്ദേഹത്തിന്റെ വാഹനത്തെ വേറൊരു വാഹനം ഉരസി. ഒരുവൻ ഓബ്രഗനെ ലക്ഷ്യമാക്കി ബോംബെറിഞ്ഞു. മററു ചിലർ വെടിവച്ചു. ഫാദർ പ്രോയൊ അദ്ദേഹത്തിന്റെ സഹോദരന്മാരോ അക്രമിസംഘത്തിലുൾപ്പെട്ടിരുന്നില്ല. എങ്കിലും, നിരപരാധരായ മൈക്കിൾ അച്ചനേയും സഹോദരന്മാരെയും കാലസ് കുററക്കാരാക്കി. അങ്ങനെ, ഫാദർ പ്രോയും സഹോദരന്മാരായ ഹംബർട്ടും റോബർട്ടും ഇരുട്ടറയിലടയ്ക്കപ്പെട്ടു.

"കേസരി ചതിക്കുട്ടിൽപെട്ടുപോകിലുമൊരു കേസരിതാൻ" എന്നു പ്രോ തെളിയിച്ചു. വിശ്വാസത്തെ കടുകിടയെങ്കിലും ത്യജിച്ചുകൊണ്ടു കാരാഗൃഹത്തിൽനിന്നും വിടുതൽനേടുവാൻ അദ്ദേഹം സന്നദ്ധനായില്ല.

വിചാരണനടന്നില്ല. എന്തൊരു ശിക്ഷാവിധിയാണ് ലഭിക്കുവാൻപോകുന്നതെന്നും അവർക്കറിവില്ലായിരുന്നു. ഫാദർ പ്രോ പ്രസ്താവിച്ചു: "ഓബ്രഗൺ സംഭവവുമായി എനിക്കു ബന്ധമില്ല. നിയമത്തെയും സമാധാനത്തെയും മറുത്തു വിധ്വംസകപ്രവർത്തനങ്ങളിലേർപ്പെടുവാൻ മനസ്സാക്ഷി എന്നെ അനുവദിക്കുകയില്ല. സത്യം ജയിക്കുമെന്നാണ് എന്റെ പ്രതീക്ഷ."

1927 നവംബർ 23-ാംനു കാരാഗൃഹത്തിനു ചുററും ഒരു ബഹളം കണ്ടുതുടങ്ങി. പട്ടാളക്കാർ അണിനിരന്നു. ഫോട്ടോഗ്രാഫറന്മാരും പത്രപ്രതിനിധികളും പ്രത്യക്ഷപ്പെട്ടു. വികാരവിവശരായ പുരുഷാരത്താൽ വീഥി നിറഞ്ഞു.

ഭടന്മാർ തുറുങ്കിൽനിന്നും ഫാദർ പ്രോയെ പുറത്തേക്കു നയിച്ചു. യാത്രയിൽ ഒരു ഭടൻ അച്ചനോടു മാപ്പു ആവശ്യപ്പെട്ടു. "മാപ്പുമാത്രമല്ല" അദ്ദേഹം പറഞ്ഞു, "നിങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുകൂടി ചെയ്യുന്നു."

ഗവമ്മെൻറിന്റെ ആ കുററവാളിവൈദികൻ നിർദ്ദിഷ്ടസ്ഥാനത്തുനിന്നു. അന്തിമാഭിലാഷം അറിയിക്കുന്നതിനായിരുന്നു ആ നിർദ്ദാക്ഷിണ്യരിൽനിന്നും അദ്ദേഹത്തിനു ലഭിച്ച അടുത്ത ആജ്ഞ.

"ഒന്നു പ്രാർത്ഥിക്കണം." ആ ധീരാത്മാവിനു മറൊന്നും ആവശ്യപ്പെടുവാനുണ്ടായിരുന്നില്ല.

അദ്ദേഹം മുട്ടുകുത്തി; കുരിശുവരച്ചു. കൈയിലുണ്ടായിരുന്ന കുരിശുരൂപം മാറോടണച്ചു.

അദ്ദേഹം ജനങ്ങളുടെനേരെ തിരിഞ്ഞു. വലത്തുകൈയിലുണ്ടായിരുന്ന കുരിശുരൂപം നീട്ടിപ്പിടിച്ചുകൊണ്ടു പുരുഷാരത്തെ ആശീർവ്വദിച്ചു: "ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!" എന്നു്.

അനന്തരം ആ കർമ്മയോഗി, ജപമാലധരിച്ചിരുന്ന, ക്രിസ്ത്യാനിയുടെ ആറംഭബാമ്പു വഹിച്ചിരുന്ന ഇടതുകരം മുമ്പോട്ടുനീക്കി. കൈകൾ കുരിശാകൃതിയിലാക്കി. ശാന്തസ്വരത്തിൽ പറഞ്ഞു: "എന്നെ മർദ്ദിക്കുന്നവരോടു ഞാൻ സർവ്വാത്മനാ ക്ഷമിക്കുന്നു."

ഏതാനും നിമിഷങ്ങൾ ദിവ്യമൂകനായി അദ്ദേഹം നിലകൊണ്ടു. സ്വർഗ്ഗത്തിലേക്കു നയനങ്ങളുയർത്തി. ബലിപീഠത്തിൽ വൈദികൻ കൂദാശവചനം ഉച്ചരിക്കുന്ന സ്വരത്തിൽ ആ ധീരസേനാനി വിളിച്ചുപറഞ്ഞു, മെക്സിക്കൻ രക്തസാക്ഷികൾ ഉരുവിട്ട അന്ത്യവാചകം.

"ക്രിസ്തുരാജൻ ജയിക്കട്ടെ!"

"ഠേ!"—പീരങ്കി ഗർജ്ജിച്ചു ഒരു മാരകത്തീയുണ്ട ആ ക്രിസ്തീയ സിംഹത്തിന്റെ വിരിമാറിടത്തെ തുളച്ചു.

**Assisi Sisters of Mary Immaculate**

ഈ സഭയിൽ ചേരുന്നതിനു ഉദ്ദേശിക്കുന്നവർ അടുത്ത ജൂൺ 10-ാംനു യോടുകൂടി ചേരേണ്ടതാണു്.

Sister General
Assisi Convent,
Green Gardens, Shertallay

IV

ഹംബർട്ടും വധവേദിയിലേക്കാനീതനായി. ചോരക്കളത്തിൽ കട്ടരക്തമൊലിപ്പിച്ചു മരിച്ചുകിടക്കുന്ന കൂടപ്പിറപ്പിനെ അദ്ദേഹം കണ്ടു. ആ നിർജ്ജീവശരീരത്തെ സ്പർശിച്ചു പ്രബുദ്ധതസംഭരിച്ചു. ക്രിസ്തീയസമരവീര്യം ഒഴുകുന്ന വിരിമാറിടം കാലസിന്റെ ഉരുക്കുഭടന്മാരുടെ പീരങ്കിക്കു മുമ്പിൽ ധീരതയോടെ കാണിച്ചുകൊടുത്തു് ഹംബർട്ടും ജ്യേഷ്ഠസോദരനെ അനുഗമിച്ചു.

പ്രോസഹോദരന്മാരെ കുഴിമാടത്തിലടച്ചു. എന്നിട്ടും, കാലസിന്റെ ക്രൗര്യം ശമിച്ചില്ല. ധാർമ്മികതയ്ക്കുവേണ്ടി പോരാടിയ ആ ധീരന്മാരെ ലോകത്തിനു നൽകുകയും അവരെ ഉത്തമരായി വളർത്തുകയും ചെയ്ത വീരജനകൻ ഡോൺ മിഗ്വൽ പ്രോയുടെ നേരെതിരിഞ്ഞു അയാളുടെ പ്രതികാരഖഡ്ഗം. നാടുകടത്തൽ ശിക്ഷ ആ വൃദ്ധന്റെമേൽ പതിച്ചു. ജന്മനാടിനോടുള്ള സർവ്വബന്ധങ്ങളും പറിച്ചെറിഞ്ഞു ക്യൂബായിലെ മഞ്ഞണിമേഖലയിലേക്കു യാത്രയായ ആ പടുകിഴവനെ അഹങ്കരിപ്പിക്കുന്ന രണ്ടു സമ്പാദ്യങ്ങളുണ്ടായിരുന്നു കൊണ്ടുപോകുവാൻ.

ഒന്നു്, രക്തസാക്ഷിത്വം വരിച്ച പുത്രന്മാർ ശവപ്പെട്ടിയിൽ കിടക്കുന്ന ഫോട്ടോ;

രണ്ടു്, പുത്രന്മാരുടെ രക്തത്തിൽ മുക്കിയെടുത്ത ഒരു തുവാല.

പത്രാധിപക്കുള്ള കത്തു

## "മതം യൂറോപ്പിൽ"

മാതൃഭൂമിയിലെ മൂലലേഖനവും സത്യദീപത്തിലെ പത്രാധിപക്കു കിട്ടിയ കത്തും ഞാൻ വായിച്ചു. ഇംഗ്ലണ്ടിലാകട്ടെ, ഫ്രാൻസിലാകട്ടെ, റോമിലാകട്ടെ, ജനീവയിലാകട്ടെ മൂലലേഖകൻ മതം കണ്ടില്ല. പക്ഷെ റഷ്യയിൽ അയാൾ കണ്ടു. ആ സ്ഥിതിക്കു റഷ്യയിൽ ദൈവത്തേയും കണ്ടുകാണും. ദൈവമില്ലെങ്കിൽ മതമില്ലല്ലോ. അങ്ങനെ ആ മൂലലേഖകനു് മതം കിട്ടിക്കാണും റഷ്യയിൽനിന്നു്—എന്നുവച്ചാൽ നമ്മുടെ ചേപ്പ്മെമ്പറിനു് ധാരാളം കാപ്പ് കിട്ടിയിട്ടുണ്ടെന്നർത്ഥം. കാപ്പ് തിന്നാലോ? ബുദ്ധി മന്ദിക്കും. പിന്നത്തെ കഥ ഊഹ്യം.

പണ്ടിവിദ്വാൻ ക്രിസ്ത്വാനുകരണം കൂട്ടതർജ്ജമ ചെയ്തിട്ടുണ്ടു്. ആ മഹാപാപത്തിനു പരിഹാരം ചെയ്യുകയായിരിക്കണമിപ്പോളിങ്ങനെ. ഈ ഉദ്യോഗമൊഴിഞ്ഞ (അതോ ഒഴിപ്പിച്ചതോ?) പ്രൊഫസ്സർ, ഐർലണ്ടിലും, ബൽജിയത്തിലും, സ്പെയിനിലും, പോർട്ടുഗലിലും പോകാഞ്ഞതു നന്നായി. അല്ലെങ്കിൽ, അവിടെയുമെങ്ങും മതമില്ലാതെ വരുമായിരുന്നു. വത്തിക്കാനിൽ, പത്രോസിന്റെ ദേവാലയത്തിൽ മതമില്ലെന്നു കണ്ട ലേഖകൻ, മറെറങ്ങും മതം കാണുകയില്ലെന്നു തീർച്ച. പക്ഷെ ഒന്നെനിക്കു നിസ്സംശയം പറയാൻ കഴിയും. പ്രൊഫസ്സറിന്റെ അന്തഃമനസ്സിൽ ദൈവത്വം, ആത്മാവിന്റെ അനശ്വരത്വം, ഭാവിജീവിതം, മോക്ഷം, നരകം, വെസ്പുർക്കാന ഇതെല്ലാം സുദൃഢമായി പതിഞ്ഞുകിടപ്പുണ്ടു്. അതെങ്ങനെ ഞാനറിഞ്ഞെന്നല്ലേ? അതൊരു പരമരഹസ്യമാണു്. തുറന്നു പ്രഖ്യാപിക്കാൻ ഇനിയും സമയമായിട്ടില്ല. അതിനാൽ ഇത്രയും പറഞ്ഞുകൊണ്ടു് ത്രിവിക്രമൻ നിറുത്തുന്നു.

പ്രൊഫസ്സർ കുറേക്കാലമായി എഴുതുന്ന രീതിയും സമ്പ്രദായവും കണ്ടു് ആരും വിരളിപിടിക്കേണ്ടതില്ല. അദ്ദേഹമൊരാസ്തികവിശ്വാസിയാണു്. കത്തോലിക്കാമതവിശ്വാസത്തിൽ സ്ഥിരമായി ഉറച്ചുനില്ക്കുന്നാളാണു്. അല്ലെന്നു അദ്ദേഹംതന്നെ ചിലപ്പോളെല്ലാം പറഞ്ഞാലും ത്രിവിക്രമനതു വിശ്വസിക്കയില്ല. "മതം യൂറോപ്പിൽ" എന്ന ലേഖനംതന്നെ ആവർത്തിച്ചാവർത്തിച്ചു വായിച്ചാലതു ബോദ്ധ്യമാകും ആർക്കും. ബിഷപ്പ് ഫുൾട്ടൻ ഷീനും പറഞ്ഞിട്ടുണ്ടു്: "റഷ്യ ദൈവത്തിലേക്കു പിന്തിരിയും. അതു മററുള്ള ലോകത്തിനു ഒരു അപ്പസ്തോലനായിരിക്കും" എന്നു്.

ഇങ്ങനെ ഫുൾട്ടൻ ഷീൻ എഴുതുന്നതിനു മുമ്പേതന്നെ പ്രൊഫസ്സർ ദീർഘദർശനം കണ്ടു. അതാണു് അദ്ദേഹം റഷ്യയിൽമാത്രം മതം ദർശിച്ചതു്. അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയേയും തന്റേടത്തേയും ഞാൻ അനുമോദിക്കുന്നു.

P. S. മാതൃഭൂമി ആ ലേഖനത്തിനു പ്രാധാന്യം കൊടുത്തതു എന്തുകൊണ്ടെന്നോ? ആ വാരിക ഇടതുപക്ഷമാണെന്നു ചിലർ പറയുന്നതു ശരിയല്ല. അതു ഒരു കമ്പനി വകയാണു്—ലിമിറെറഡ്—വെറും കമ്പനിയും മററുമല്ല. ഭാരതം ഇന്നു മതേതരമല്ലേ? അതുപോലെതന്നെ മാതൃഭൂമിയും—എന്നുവച്ചാൽ ഭാരതംതന്നെ. (ത്രിവിക്രമൻ,

ഗദ്യകവിത

# രക്തചിത്രങ്ങൾ

(റവ. ജെ. കണയംപ്ലാക്കൽ, എസ്സ്. ബി. കോളേജ്)

റോമൻ ചക്രവർത്തിമാരുടെ മന്ദിരാങ്കണത്തിൽ തളം കെട്ടിയ ക്രൈസ്തവരക്തംപോലെ അന്തിച്ചോപ്പണിഞ്ഞ മേഘശകലങ്ങൾ പശ്ചിമചക്രവാളത്തിൽ നിരന്നു പരന്നു കിടക്കയാണു്. അസ്ഥിഖണ്ഡങ്ങളിൽ പോലും ആവേശത്തിന്റെ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്ന വീരഗാഥകൾ ആലപിച്ചുകൊണ്ടു് വാനമ്പാടികൾ പൊങ്ങിപ്പറന്നു. പച്ചക്കുന്നുകളുടെ സ്വച്ഛശീതളമായ താഴ്വാരങ്ങളിലൂടെ കിലുകിലുത്തൊഴുകുന്ന കാട്ടരുവികളുടെ ചിറേറാളങ്ങളിൽ ആ ഗാനവീചികൾ അലിഞ്ഞുകൊണ്ടിരുന്നു.

ഞാൻ പാറന്നു, ചിന്തയുടെ ചിറകുകളിൽ! നൂററാണ്ടുകളുടെ തിരശ്ശീലകളെ കീറിമാററിക്കൊണ്ടു് ചരിത്രത്തിന്റെ മേഖലയിലൂടെ ഞാൻ പറന്നു. എങ്ങും കണ്ണഞ്ചിക്കുന്ന വർണ്ണചിത്രങ്ങൾ! അനശ്വരതയുടെ ചുമരിൽവീരന്മാരുടെ ഹൃദയകുംഭത്തിലെ ചെഞ്ചോരകൊണ്ടു് കാലത്തിന്റെ കരങ്ങൾ വരച്ചുവെച്ച ഛായാപടങ്ങൾ! അവ എന്റെഹൃദയത്തിൽ കോരിത്തരിപ്പുകൾ വാരിപ്പൊഴിച്ചു. വികാരങ്ങളെ കിക്കിളി കൂട്ടുന്ന നൂറു നൂറു കവിതകൾ തൂലികത്തുമ്പിൽ ഊറിയൂറിവീണു! ഞാൻ ചിന്തിച്ചു. രക്തചിത്രങ്ങൾ!! അക്രമത്തിന്റെയും അഴിമതിയുടെയും മുമ്പിൽ മുഖമുയർത്തി നില്ക്കുന്ന ചോദ്യചിഹ്നങ്ങൾ! സുഖഭോഗങ്ങളുടെ ഉപ്പുവെള്ളം കുടിച്ചു ദാഹാർത്തരായവർക്കു പാവനപ്രേമത്തിന്റെ "ജീവജലം" കോരിക്കൊടുക്കുന്ന ചൂണ്ടുപലകകൾ! ഭൗതികത്വത്തിന്റെ ചിന്തകന്മാർക്കുപിടികൊടുക്കാത്ത കടംകഥകൾ! ജീവിതത്തിന്റെ അർത്ഥവും ഉദ്ദേശവും വിളിച്ചറിയിക്കുന്ന മൂകപ്രവാചകന്മാർ!! അങ്ങനെ പലതുമാണവ.

'ഇന്നലെ'കളുടെ ആ ചെമന്ന കഥകൾ! കഴുമരത്തിലേക്കു പുഞ്ചിരിച്ചുകൊണ്ടു് അവർ കയറിച്ചെന്നു. ചീന്തിക്കീറുന്ന സിംഹങ്ങളുടെ മുമ്പിൽ ശാന്തതയവലംബിച്ച ആ വീരന്മാർ കാണികളിൽ അത്ഭുതം വളർത്തി. പളപളെ മിന്നുന്ന കരവാളിനു മുമ്പിൽ ശിരസ്സു കുനിച്ചുകൊണ്ടു് മരണത്തെ നോക്കി മന്ദഹസിച്ച പ്രബലരായ അബലാമണികളെ ചരിത്രത്തിന്റെ നേത്രങ്ങൾ ആദ്യമായി ദർശിച്ചു. ഓമനക്കുഞ്ഞുങ്ങളുടെ അമ്മിഞ്ഞ പുരണ്ട അധരപുടങ്ങളിൽ അന്ത്യചുംബനമർപ്പിച്ചിട്ടു് ആരാച്ചാരന്മാരുടെ വാൾത്തലയിലേക്കു് എറിഞ്ഞുകൊടുത്ത വീരമാതാക്കൾ തിരുസ്സഭാചരിത്രത്തിലല്ലാതെ മറെറവിടെയുണ്ടു്? ഫലിതം പറഞ്ഞുകൊണ്ടു് അന്ത്യശ്വാസം വലിച്ച ലോറൻസുമാരും ചാരിത്ര്യത്തിനു് വേണ്ടി ചോര ചിന്തിയ ഫിലോമിനകളും എത്രയെത്ര!!

സിംഹാസനങ്ങൾ ഗർജ്ജിച്ചു; അവർ നടുങ്ങിയില്ല. ആറടി മണ്ണിനെ ആവരണം ചെയ്യുന്ന മൂടൽമഞ്ഞിനപ്പുറത്തു് നിത്യഭാഗധേയത്തിന്റെ മാദകവസന്തം വിരിഞ്ഞുമിന്നുന്നതു് കാണുവാൻ അവർക്കു കഴിഞ്ഞു. ജീവിക്കുവാൻ വേണ്ടി അവർ മരിച്ചു; സ്നേഹിക്കുവാൻ വേണ്ടി പ്രേമഭാജനങ്ങളെ വിട്ടുപിരിഞ്ഞു. കപാലഗിരിയുടെ വിശാലവക്ഷസ്സിൽ എരിപൊരിയുന്ന വെയിലത്തു്, കരചരണങ്ങൾ തുളഞ്ഞു്, രക്തനാഡികൾ വലിഞ്ഞു്, ചോരനെപ്പോലെ ചോര ചിന്തി മർത്ത്യവർഗ്ഗത്തെ ഉദ്ധരിച്ച ദൈവപുത്രന്റെ ദിവ്യചിത്രം അവരുടെ വേദനകളിൽ മാധുര്യം കലർത്തി. മധുവിധുവിന്റെ മണിയറകളെക്കാൾ കാരാഗാരത്തിന്റെ കാരിരുമ്പഴികളെയും ജീവിതത്തിന്റെ മാദകചഷകത്തെക്കാൾ സഹനത്തിന്റെ പാനപാത്രത്തെയും സ്നേഹിച്ച അവർ ലോകത്തിന്റെ മുമ്പിൽ ഭോഷന്മാരായിരിക്കാം. എന്നാൽ വിശ്വാസത്തിന്റെ ദൂരദർശിനിയിലൂടെ നിത്യസത്യങ്ങളുടെ വിശാലലോകങ്ങളെ ദർശിച്ച ആ വിജ്ഞാനികളെക്കാൾ വലിയ ശാസ്ത്രജ്ഞന്മാരില്ല. പ്രേമം തന്നെയായ ജഗൽകർത്താവിനെ സ്നേഹിച്ച അവരെക്കാൾ വലിയ അനുരാഗികളുമില്ല. മാംസദാഹത്തിന്റെ മഷി പുരളാത്ത പ്രണയലേഖനങ്ങളായിരുന്നു ആ ജീവിതങ്ങൾ. ആ പ്രേമികളെ "കന്യാമണാളൻ" വിശുദ്ധിയുടെ വരണമാല്യമണിയിച്ചു.

തലമുറകൾ റോമൻ കിരാതത്വത്തെ ആവർത്തിച്ചു. സഭാസൗധത്തിനുള്ളിൽ പിന്നെയും പിന്നെയും ചോരപുരണ്ട ചിത്രങ്ങൾ അവതരിച്ചു, ഉത്തേജനത്തിന്റെ പൂമൊട്ടുകൾപോലെ. തിരിച്ചുവരുന്ന എന്റെ ചിന്തകൾ ഇരുമ്പുമറയുടെ ഉള്ളിലേക്കു എത്തിനോക്കി. അഹോ! നൊമ്പരപ്പിക്കുന്ന കാഴ്ചകൾ അല്ല, യുവരക്തത്തിനു് തീ കൊളുത്തുന്ന ജീവാർപ്പണങ്ങൾ! നുറുങ്ങിത്തകരുന്ന ആ ജീവിതങ്ങൾ ഓരോന്നും ഓരോ വിജയഗീതങ്ങളാണു്. അന്ധകാരങ്ങളേ! മാറി നില്ക്കുവിൻ! അനീതിയുടെയും അസത്യത്തിന്റെയും കാവൽഭടന്മാരെ ഞെട്ടിച്ചുകൊണ്ടു് സത്യം ഉത്ഥാനം ചെയ്യും. ആ പ്രഭാപ്രസരത്തിൽ ഇസത്തിന്റെ കറുത്ത ഭൂതങ്ങൾ അമ്പരന്നോടും. ആ നവോത്ഥാനത്തിനു അകമ്പടി നില്ക്കുന്ന കനകക്കിനാവുകളായിരിക്കും ഇന്നത്തെ ഈ രക്തചിത്രങ്ങൾ!

കാട്ടുപിറാക്കൾ ചേക്കേറി. പശ്ചിമാംബരത്തിലെ കുരുതിക്കുളത്തിൽ നിന്നും പറന്നുയർന്ന വെള്ളിനക്ഷത്രങ്ങൾ ഇരുട്ടുകളെ കീറിപ്പിളർന്നുകൊണ്ടിരുന്നു!!

**സത്യദീപം വരിസംഖ്യ**

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കു പുറമെ " 8—12—0

**മെഡിക്കൽ സിസ്റ്റേഴ്സ്**

**അർത്ഥിനികളെ ക്ഷണിക്കുന്നു**

സന്യാസജീവിതം നയിച്ചു ആതുരശുശ്രൂഷ ചെയ്യാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ, ഇൻറർ, ബി. എസ്സി. മുതലായ ഏതെങ്കിലും പരീക്ഷായോഗ്യതയുള്ള യുവതികളെ ആവശ്യമുണ്ടു്. കൂടുതൽ വിവരങ്ങൾക്കു എഴുതുക:

ധർമ്മഗിരി,
കോതമംഗലം

സിസ്റ്റർ സുപ്പീരിയർ

# വിയെററ്നാം

## കമ്മ്യൂണിസവുമായി മല്ലടിക്കുന്ന ഒരേഷ്യൻമേഖല

വിയററ്നാമിൻെറ വിഷമസ്ഥിതിയെപ്പററി 35-ാംലക്കം സത്യദീപത്തിലെ കുറിപ്പിൽ ചില യാഥാർത്ഥ്യങ്ങൾ പ്രതിപാദിച്ചിരുന്നുവല്ലോ.

1954 ജൂലൈ 20-ാംനു ജനീവായിൽവച്ചു് ഒപ്പുവച്ച യുദ്ധവിരാമസന്ധിയനുസരിച്ചു് വിയെട്നാമിൻെറ ഉത്തരാർദ്ധം കമ്മ്യൂണിസ്റ്റു് നിയന്ത്രണത്തിലായി. കമ്മ്യൂണിസ്റ്റു് ഭരണത്തിൻകീഴ് കഴിഞ്ഞുകൂട്ടുവാൻ ഇഷ്ടപ്പെടാതിരുന്ന, 17-ാം സമാന്തരഃരേഖയ്ക്കു വടക്കുഭാഗത്തുള്ള പലരും തെക്കോട്ടു് സ്വതന്ത്ര വിയെട്നാമിലേക്കു് നീങ്ങിക്കൊണ്ടിരുന്നു. ആദ്യമൊക്കെ ഈ അഭയാർത്ഥിപ്രവാഹം ബ്രൂഹദ്രൂപം കൈ




വിയററ്നാമിൻെറ ഭൂപടം—അഭയാർത്ഥികേന്ദ്രങ്ങൾ.

കൊണ്ടിരുന്നില്ല. എന്നാൽ ഏറെത്താമസിയാതെ, ജനപ്രവാഹം പെരുകി. ഏഴു മാസത്തിനുള്ളിൽ 600,000 ഭവനരഹിതരായ ദുർഭഗജനങ്ങൾ ദക്ഷിണ വിയെട്നാമിൽ അഭയം തേടി. ഇപ്പോൾ ഉടമ്പടിയനുസരിച്ചു അതിർത്തിപ്രദേശങ്ങൾ ബന്ധിക്കപ്പെടുകയും അതിർത്തികടക്കുന്നതിനുണ്ടായിരുന്ന അനുമതി നിയമാനുസൃതം തടയപ്പെടുകയും ചെയ്തു കഴിഞ്ഞിരിക്കുകയാണു്.

ഈ അഭയാർത്ഥികളെയെല്ലാം ഒഴിവാക്കിക്കൊണ്ടു പോരികയും അവരെ ദക്ഷിണവിയെട്നാമിൽ പാർപ്പിക്കുകയും ചെയ്യേണ്ട ഭാരം വിയെട്നാം ദേശീയ ഗവമ്മെണ്ടിൻെറ ചുമലിലാണു് പതിച്ചതു്. സായുധാക്രമണത്തിനും ഭീകരപ്രവർത്തനങ്ങൾക്കുമെതിരായി പടവെട്ടി ക്ഷീണിച്ചിരുന്ന ദേശീയ ഗവമ്മെൻറിനു് ഈ ഭാരം കൈയേൽക്കുവാൻ വേണ്ട കെൽപ്പുണ്ടായിരുന്നില്ലെന്നുള്ളതു സ്പഷ്ടമാണല്ലോ. പുതിയ പ്രധാനമന്ത്രിയും ക്യാബിനററും അവിടെ ഭരണം കൈയേററിട്ടു് കഷ്ടിച്ചു് രണ്ടാഴ്ച തികയുംമുൻപു തന്നെ അഭയാർത്ഥിപ്രവാഹം ആരംഭിച്ചു. ജീവകാരുണ്യപരമായ ഈ ചുമതല നിർവഹിക്കുന്നതിനു് വിയെട്നാം ദേശീയഗവമ്മെണ്ടിൻെറ നേർക്കു് അമേരിക്ക സഹായഹസ്തം നീട്ടി. പ്രധാനമന്ത്രി ഡിൻഡയമിൻെറ നേതൃത്വത്തിൽ വിയെട്നാം ദേശീയഗവമ്മെണ്ടു സ്വതന്ത്രലോകത്തിൻെറ സഹായത്തോടുകൂടി സ്വതന്ത്രവിയെട്നാമിൽ അഭയാർത്ഥികളെ സ്വതന്ത്രജീവിതാനുഷ്ഠാനത്തിനു സഹായിക്കുന്നതു് ഇതിനിടയിൽ ചേർത്തിരിക്കുന്ന ചില ചിത്രങ്ങളിൽ കാണാവുന്നതാണു്.

സ്വതന്ത്രവിയെട്നാമിൻെറ അഭ്യർത്ഥനയനുസരിച്ചു് പ്രസിഡണ്ടു് ഐസനോവർ, അഭയാർത്ഥികൾക്കുവേണ്ടി 4 കോടി ഡോളറിൻെറ ഒരു പദ്ധതി അംഗീകരിച്ചു. സ്വതന്ത്രലോകത്തിലെ പല സ്വകാര്യഏജൻസികളും സഹായത്തിനെത്തി.

ഇക്കഴിഞ്ഞ ഫെബ്രുവരി അവസാനത്തിൽ വിമാനമാർഗ്ഗവും കപ്പൽമാർഗ്ഗവും 600,000 അഭയാർത്ഥികളെ ദക്ഷിണവിയെട്നാമിലെത്തിച്ചു. അന്നു് 14,000 അഭയാർത്ഥികൾ ഹെയ്ഫോംഗിലുണ്ടായിരുന്നു. ബഹുസഹസ്രം അഭയാർത്ഥികൾ കമ്മ്യൂണിസ്റ്റു് നിയന്ത്രിതമേഖലകളിൽനിന്നും രക്ഷപ്രാപിച്ചുകൊണ്ടുമിരുന്നു. ദക്ഷിണവിയെട്നാമിലെത്തുന്ന അഭയാർത്ഥികളെ സെയ്ഗോൺ, ക്യാപ്സെൻറ് ജാക്വസ്, കാംഗ്ട്രി, ഹ്യൂ, ടൂറെയിൻ, നാട്രാംഗ് എന്നീ സ്ഥലങ്ങളിലെ സ്വീകരണകേന്ദ്രങ്ങളിൽ ആദ്യം പരിരക്ഷിച്ചശേഷം പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ക്യാമ്പുകളിലേക്കു് അവരെ മാററിപ്പാർപ്പിക്കുന്നു. സെയ്ഗോണിലെ സ്വീകരണകേന്ദ്രങ്ങൾ വിയെട്നാമിലെ നാഷനൽ കമ്മീഷൻെറ നേതൃത്വത്തിലാണു് പ്രവർത്തനം നടത്തുന്നതു്. ഉൾപ്രദേശങ്ങളിൽ അതതുപ്രദേശത്തെ അധികാരികളും കത്തോലിക്കസഭാധികാരികളുമാണു് മേൽനോട്ടം വഹിക്കുന്നതു്.

6 ലക്ഷത്തിൽപരം അഭയാർത്ഥികളുടെ പുനരധിവാസം ബ്രൂഹത്തായ ഒരു പ്രശ്നമാണു്. ദക്ഷിണ വിയെട്നാമിലെ ജനസംഖ്യ 11,000,000 ആകുന്നു. വടക്കുനിന്നുള്ള അഭയാർത്ഥികളെ സംരക്ഷിക്കുന്നതിനും പുറമേ, കഴിഞ്ഞ 8 വർഷങ്ങളായി കമ്മ്യൂണിസ്റ്റുകാരുടെ ഒളിപ്പോരുകളാലും മററും ഭവനരഹിതരും നിരാധാരരുമായ 1,000,000 ത്തോളമാളുകളുടെ പുനരധിവാസപ്രശ്നവും ഗവർമ്മെൻറിനെ അഭിമുഖീകരിക്കുന്നുണ്ടു്.

കമ്മ്യൂണിസം ഉപേക്ഷിച്ചു് സ്വതന്ത്രവിയെട്നാമിൽ അഭയം തേടിയ സ്വാതന്ത്ര്യപ്രേമികൾ അവിടെ ഹർഷപൂർവ്വം സ്വാഗതംചെയ്യപ്പെടുന്നു. പ്രബലതരമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ അവർ തങ്ങളുടെ ചൈതന്യപ്രാപ്തിവിശേഷങ്ങൾ ആത്മാർത്ഥമായി വിനിയോഗിച്ചുകൊണ്ടാണിരിക്കുന്നതു്. അവരുടെ ധീരതയും, ഡയമിൻെറ നേതൃത്വത്തിലുള്ള ദേശീയഗവമ്മെൻറിൻെറ ത്യാഗസന്നദ്ധതയും സ്വാതന്ത്ര്യാദർശതത്വങ്ങളുടെ പുരോഗമനത്തെ സഹായിച്ചുകൊണ്ടാണിരിക്കുന്നതു്.




കമ്മ്യൂണിസ്റ്റുമേഖലയിൽ പിടിച്ചുനിർത്തുവാൻ കമ്മ്യൂണിസ്റ്റധികാരികൾ നടത്തിക്കൊണ്ടിരിക്കുന്ന സാഹസങ്ങളെപ്പററി ഒരു അഭയാർത്ഥി അന്താരാഷ്ട്രീയ യുദ്ധവിരാമക്കമ്മീഷനു് എഴുതുന്നു.



കപ്പലിൽനിന്നു് ഇറങ്ങിയ ഒരു അഭയാർത്ഥിബാലൻ ദാഹം തീർക്കുന്നു.



സ്വതന്ത്രവിയററ്നാമിലേക്കു കടന്നുപോകുവാനായി ഹെഫോംഗിൽ അഭയാർത്ഥികളും ബോട്ടുകളും തടിച്ചുകൂടുന്നു.

## ദിവ്യമായ ദൈവാഹ്വാനം

വൈദികാന്തസ്സിൽ പ്രവേശിച്ചു് കേരളത്തിലും കേരളത്തിനു പുറത്തും വിദ്യാഭ്യാസപ്രവർത്തനങ്ങളിലും, മിഷൻരംഗങ്ങളിലും, വേദപ്രസംഗവേദികളിലും, സാഹിത്യമണ്ഡലങ്ങളിലും മററും മിശിഹായ്ക്കുവേണ്ടി സേവനമനുഷ്ഠിച്ചു സ്വന്തം പുണ്യപൂർണ്ണതയും പരാത്മരക്ഷയും സാധിക്കുവാൻ ആഗ്രഹിക്കുന്ന സുശീലരും ആരോഗ്യവാന്മാരുമായ യുവാക്കന്മാരെ കേരളീയകമ്മലീത്താ സഭയുടെ തിരുഹൃദയപ്രോവിൻസിലേക്കു സസ്നേഹം ക്ഷണിച്ചുകൊള്ളുന്നു. സർവ്വകലാശാലാബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ളവർക്കും സ്കൂൾഫൈനൽപരീക്ഷയിൽ "ക്ലാസ്സ്" കിട്ടി ജയിച്ചിട്ടുള്ളവർക്കും മുൻഗണന നൽകപ്പെടുന്നതാണു്. പ്രശസ്തമതികളായ യുവാക്കന്മാരെ യോഗാർത്ഥിമന്ദിരത്തിൽ സ്വീകരിച്ചശേഷം ഉന്നതവിദ്യാഭ്യാസത്തിനയക്കുന്നതായിരിക്കും. മൂന്നാംഫാറം ജയിച്ചുകഴിഞ്ഞ കൊച്ചുകുട്ടികളെ യോഗാർത്ഥിമന്ദിരത്തിൽ ചേർത്തു പഠിപ്പിക്കുന്നതാണു്. ബ്രദറന്മാരായി സഭയിൽ ചേരാനാഗ്രഹിക്കുന്നവർ മൂന്നാംഫാറമെങ്കിലും പാസായിരിക്കേണ്ടതുണ്ടു്. അപേക്ഷകർ, അവരുടെ വയസ്സു്, മേൽവിലാസം, പരീക്ഷായോഗ്യത മുതലായവ കാണിച്ചു് താഴെ കാണുന്ന വിലാസത്തിൽ എഴുതി ചോദിക്കുകയോ ആലുവാ കമ്മലീത്താ ആശ്രമത്തിൽ വന്നു വിവരങ്ങൾ നേരിട്ടറിയുകയോ ചെയ്യുമാറാകണം.

വെരി റവ. ഫാദർ പ്രൊവിൻഷ്യാൽ
കമ്മലീത്താ ആശ്രമം, ആലുവാ. P. O.



സെയ്ഗോണിലിറങ്ങിയ അഭയാർത്ഥികൾക്കു സാമൂഹ്യസേവകർ അപ്പം വിതരണം ചെയ്യുന്നു.


## ദക്ഷിണ വിയററ്നാമിൽ

### ആഭ്യന്തരസമരം

### പൊട്ടിപ്പുറപ്പെടുന്നു

ദക്ഷിണവിയററ്നാമിലാകെ പ്രധാനമന്ത്രി ഡയമിൻെറ സൈന്യങ്ങളും ഹാവോ ഹാവോ വിഭാഗത്തിലെ സൈന്യങ്ങളും തമ്മിൽ മേയ് 25-ാംനു സമരമാരംഭിച്ചിരിക്കുന്നതായി സെയ്ഗോണിൽനിന്നു റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. ഹാവോ ഹാവോ തലവനായ ജന. ട്രാൻവാൻ പ്രധാനമന്ത്രിക്കെതിരായി സമരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നുവത്രെ.

—ം—



സ്വതന്ത്ര (ദക്ഷിണ)വിയററ്നാം പ്രധാനമന്ത്രി മി. ഡിൻഡയം പ്രാർത്ഥിക്കുന്നു.

തിരുസഭാചരിത്രം 71

# തിരുസ്സഭ നാലും അഞ്ചും ശതാബ്ദങ്ങളിൽ

## മാർപ്പാപ്പായുടെ പരമാധികാരം

[പ്രൊഫസർ പി റ്റി. തോമസ് എം. എ.]

സഭ വളർന്നുവന്നതോടുകൂടി ഭരണപരവും വിശ്വാസസംബന്ധവുമായ അനവധി പ്രശ്നങ്ങൾ ആവിർഭവിച്ചു. അന്തഃഛിദ്രങ്ങളും പാഷണ്ഡതകളും അടിക്കടി പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരുന്നു. ഈ പരിതസ്ഥിതിയിൽ സഭയുടെ ഐക്യവും പുരാതനമായ അപ്പസ്തോലികവിശ്വാസവും അഭംഗുരം പുലർത്തിക്കൊണ്ടുപോകേണ്ടതു് കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ മാർപ്പാപ്പായുടെ കർത്തവ്യമായിരുന്നു. നാലും അഞ്ചും ശതാബ്ദങ്ങളിൽ സഭാഭരണം നിർവ്വഹിച്ചിരുന്ന മാർപ്പാപ്പാമാർ ഈ കൃത്യം സ്തുത്യർഹമാംവണ്ണം നിറവേററുകയുണ്ടായിയെന്നു ചരിത്രം തെളിയിക്കുന്നു.

തിരുസ്സഭയുടെ ഐക്യത്തിനും വിശ്വാസത്തിന്റെ സംരക്ഷണത്തിനും പ്രധാന ആശ്രയമായി നിന്നതു് മാർപ്പാപ്പാമാരുടെ പരമാധികാരപ്രയോഗമാണു്. ഈ പരമാധികാരത്തിന്റെ ശക്തിയും വ്യാപ്തിയും സഭയോടൊപ്പം വളർന്നുകൊണ്ടിരുന്നതായി കാണാം. ആദ്യശതകങ്ങളിൽ പരമാധികാരം പൂർണ്ണവികാസം പ്രാപിച്ചിരുന്നതായോ പൂർണ്ണമായ വിധത്തിൽ പ്രയോഗിക്കപ്പെട്ടിരുന്നതായോ കാണുന്നില്ല. അതു കേവലം സ്വാഭാവികം മാത്രമാണു്. എല്ലാ ഭരണാധികാരങ്ങളുടെ കാര്യത്തിലും ഇതു സാധാരണയായി കണ്ടുവരാറുമുണ്ടു്. ഭരണപരമായ പ്രശ്നങ്ങൾ വർദ്ധിക്കുന്നതോടൊപ്പം അധികാരത്തിനു് തദനുസരണമായ ദൃഢതയും വ്യാപ്തിയും സിദ്ധമാകുന്നു. അങ്ങനെ കാലക്രമത്തിൽ അതു പൂർണ്ണവളർച്ചയെ പ്രാപിക്കുന്നു. എന്നാൽ അധികാരത്തിന്റെ അടിസ്ഥാനത്തിൽ നിലകൊള്ളുന്ന തത്വത്തിനു് മാററം സംഭവിക്കുന്നമെന്നില്ല. ഇതുപോലെതന്നെ മാർപ്പാപ്പായുടെ പരമാധികാരത്തിൽ അന്തർലീനമായിരിക്കുന്ന തത്വം വി. പത്രോസിന്റെ കാലത്തും ഇന്നും ഒന്നുതന്നെയാണു്. അതു ക്രിസ്തുവിന്റെ പ്രതിനിധി എന്ന നിലയിൽ, തിരുസഭാദ്ധ്യക്ഷനിൽ നിക്ഷിപ്തമായിരിക്കുന്ന പരമാധികാരമാണു്. ക്രൈസ്തവസഭയുടെ പ്രാരംഭംമുതൽ ആ അധികാരം റോമാ മാർപ്പാപ്പാമാർ പ്രയോഗിക്കുന്നതായി കാണാം. എന്നാൽ ശതാബ്ദങ്ങളിൽക്കൂടി മാത്രമാണു് അതു വളർന്നതും വികസിച്ചതും.

ആരിയനിസം, നെസ്തോറിയനിസം തുടങ്ങിയ പ്രചണ്ഡമായ പാഷണ്ഡതകൾക്കെതിരായി നടത്തപ്പെട്ട സമരങ്ങളിൽ റോമാ മാർപ്പാപ്പാമാർ പുരാതനവിശ്വാസത്തിന്റെ കാവല്ക്കാരായും സംരക്ഷകന്മാരായും നിലകൊള്ളുന്നതു കാണാം. ഒന്നാം സിൽവെസ്റ്റർ മാർപ്പാപ്പാ (Sylvester I. 314—335), ആരിയനിസത്തിനെതിരായുള്ള നിക്യാസൂനഹദോസിന്റെ തീരുമാനങ്ങളെ സ്ഥിരീകരിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായ ജൂലിയസ് മാർപ്പാപ്പ (Julius) പാഷണ്ഡികൾക്കെതിരായി വി. അത്തനേഷ്യസിന്റെ ഭാഗം പിടിച്ചുകൊണ്ടു് ശക്തിയായി സമരംചെയ്തു. പിന്നീടു വന്നതു് ലിബേരിയസ് മാർപ്പാപ്പായാണു് (Liberius 325—366). കോൺസ്റ്റാൻഷ്യസ് ചക്രവർത്തി അദ്ദേഹത്തെ ത്രേസിലേക്കു നാടുകടത്തിയെങ്കിലും വി. അത്തനേഷ്യസിനെ ന്യായവിരുദ്ധമായി ശപിക്കുവാനും അങ്ങനെ കത്തോലിക്കാവിശ്വാസത്തെ അപകടത്തിലാക്കുവാനും അദ്ദേഹം സന്നദ്ധനായില്ല. ലിബേരിയസിന്റെ പിൻഗാമിയായ വി. ദമാസൂസ് (St Damasus 366—384), മാർപ്പാപ്പാ റോമാസിംഹാസനത്തിന്റെ മഹത്വവും പ്രതാപവും വളരെ വർദ്ധിപ്പിക്കുകയുണ്ടായി. മാർപ്പാപ്പായുടെ പരമാധികാരത്തെ താഴെപ്പറയുന്ന പ്രസിദ്ധമായ ഒരു പ്രഖ്യാപനം മുഖേന അദ്ദേഹം ദൃഢീകരിച്ചു. "പരിശുദ്ധ റോമാസഭ മറെറല്ലാ സഭകളുടേയും മേലായി ഉയർത്തപ്പെട്ടിരിക്കുന്നു. അതു സൂനഹദോസുകളുടെ നിശ്ചയങ്ങൾമുഖേനയല്ല, പ്രത്യുത "നീ പത്രോസാകുന്നു. ഈ പാറമേൽ എന്റെ സഭയെ ഞാൻ പണിയും" എന്നരുളിച്ചെയ്ത നമ്മുടെ ദിവ്യനാഥന്റെ വാക്കുകളുടെ ആധാരത്തിന്മേലാണു്." പഴയ നിയമഗ്രന്ഥങ്ങൾ ഏവയാണെന്നുള്ളതിനെ സംബന്ധിച്ചുണ്ടായ തർക്കത്തിൽ ദമാസൂസ് മാർപ്പാപ്പ കല്പിക്കുന്ന തീർപ്പു് റോമായുടെ പരമാധികാരത്തെ വ്യക്തമായി ദ്യോതിപ്പിക്കുന്നു. "പരിശുദ്ധ റോമൻ കത്തോലിക്കാസഭ അംഗീകരിക്കുന്ന പഴയ നിയമഗ്രന്ഥങ്ങൾ ഇവയാകുന്നു"വെന്നുള്ള മാർപ്പാപ്പായുടെ വാക്കുകൾ ലഘുവെങ്കിലും ദൃഢമായ അധികാരം അവരോഹനിലും പ്രതിഫലിക്കുന്നുണ്ടു്.


അഞ്ചാം ശതാബ്ദത്തിന്റെ ആരംഭഘട്ടത്തിൽ ഒന്നാം ഇന്നസെൻറു് മാർപ്പാപ്പ (Pope Innocent I 410—417 പെലാജിയനിസ്റ്റു് പാഷണ്ഡതയെ ശപിച്ചു. എഫേസൂസ് സൂനഹദോസിലേക്കു് ഒന്നാം സെലസ്റ്റിൻ മാർപ്പാപ്പ തന്റെ പ്രതിനിധികളെ അയക്കുകയുണ്ടായി. "വിവാദപ്രശ്നത്തെ സംബന്ധിച്ചു തർക്കിക്കുവാനായിട്ടല്ല പിന്നെയോ വിധിക്കുവാനായിട്ടാണു് ഞാൻ നിങ്ങളെ അയക്കുന്നതു്" എന്നിപ്രകാരമാണു് തന്റെ പ്രതിനിധികളോടു് മാർപ്പാപ്പാ കല്പിച്ചതു്. പ്രതിനിധികളിൽ ഒരാളായ ഫിലിപ്പു് എന്ന വൈദികൻ സൂനഹദോസിനെ അഭിസംബോധനചെയ്തുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "അപ്പസ്തോലന്മാരുടെ തലവനും, വിശ്വാസത്തിന്റെ ഉറപ്പുള്ള താങ്ങും കത്തോലിക്കാസഭയുടെ ആണിക്കല്ലുമായ വി. പത്രോസ് നമ്മുടെ കർത്താവിൽനിന്നു് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളും പാപങ്ങളെ കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരവും സ്വീകരിച്ചുവെന്ന സത്യം എല്ലാക്കാലങ്ങളിലും അറിയപ്പെട്ടിട്ടുള്ളതാണു്. തന്റെ പിൻഗാമികളിൽ ഇന്നും എന്നും ജീവിക്കുകയും വിധിക്കുകയും ചെയ്യുന്നതു് അദ്ദേഹമാണു്." മാർപ്പാപ്പായുടെ അപ്രമാദിത്വം എന്ന വിശ്വാസസത്യത്തിന്റെ സാരാംശം ഈ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നു. കൽസിഡോനിലെ സൂനഹദോസിലേക്കു് ലിയോ മാർപ്പാപ്പാ അയച്ച സന്ദേശത്തിൽ ഇപ്രകാരം പറയുന്നു: "വിശ്വാസത്തെ സംബന്ധിച്ചുള്ള നമ്മുടെ ലേഖനത്തിൽ നാം ചെയ്തിരിക്കുന്ന വിശ്വാസപ്രഖ്യാപനം അനുസരിച്ചു പ്രവർത്തിക്കുവാൻ അവർ ബാദ്ധ്യസ്ഥരാണു."

അങ്ങനെ നാലും അഞ്ചും നൂററാണ്ടുകളിലുണ്ടായ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം സഭയുടെ ഐക്യത്തിനും പുരാതനമായ ക്രൈസ്തവവിശ്വാസത്തിന്റെ നിലനില്പിനുംവേണ്ടി മാർപ്പാപ്പാമാർ സുധീരം സമരംചെയ്തു് വിജയംവരിക്കുന്നതായി നാം കാണുന്നു. പാഷണ്ഡതകളുടെ ഉപജ്ഞാതാക്കളായ പെലാജിയൂസ്, നെസ്തോറിയസ്, സെർജിയൂസ് എന്നിവർപോലും മാർപ്പാപ്പാമാരുടെ ആനുകൂല്യം സമ്പാദിക്കുവാൻവേണ്ടി ഉദ്യമിച്ചിരുന്നു. സാർവ്വത്രികസഭയിൽ മാർപ്പാപ്പാമാർക്കുണ്ടായിരുന്ന അധികാരത്തെയും സ്വാധീനതയെയുമാണു് ഇതു തെളിയിക്കുന്നതു്.

നാലും അഞ്ചും ശതാബ്ദങ്ങളിൽ നടന്ന സാർവ്വത്രികസൂനഹദോസുകളെല്ലാംതന്നെ ചക്രവർത്തിമാരാണു വിളിച്ചുകൂട്ടിയതു്. ഇതു മാർപ്പാപ്പായുടെ അധികാരത്തിന്റെ പരിമിതിയെയല്ലേ സൂചിപ്പിക്കുന്നതെന്നു സംശയിച്ചേക്കാം. സൂനഹദോസുകൾ വിളിച്ചുകൂട്ടിയിരുന്നതു് ചക്രവർത്തിമാരായിരുന്നെങ്കിലും അതിനു് മാർപ്പാപ്പാമാരുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ സമ്മതം ഉണ്ടായിരുന്നിരിക്കണം. എല്ലാ സാർവ്വത്രികസൂനഹദോസുകളിലും മാർപ്പാപ്പാമാരുടെ പ്രതിപുരുഷന്മാരാണു് ആദ്ധ്യക്ഷം വഹിച്ചിരുന്നതെന്നുള്ളതിൽനിന്നും ഇതു് മനസ്സിലാക്കാം. കൂടാതെ ഈ സാർവ്വത്രികസൂനഹദോസുകളുടെ നിശ്ചയങ്ങൾക്കു മാർപ്പാപ്പാമാർ അംഗീകാരം നൽകുകയും ചെയ്യുന്നതായി കാണുന്നു. ഇങ്ങനെ മാർപ്പാപ്പാമാരുടെ അംഗീകാരം സിദ്ധിക്കുന്ന നിശ്ചയങ്ങൾ മാത്രമേ സാർവ്വത്രികസഭക്കു ബാധകമായിരുന്നിട്ടുള്ളു. അങ്ങനെ സാർവ്വത്രികസൂനഹദോസുകളുടെ നടപടികൾ മാർപ്പാപ്പായുടെ പരമാധികാരത്തെ കൂടുതൽ സ്ഥിരീകരിക്കുകയാണു ചെയ്യുന്നതു്.





## വിനോദവേദി




"അമ്മച്ചിയിന്നലെ പറഞ്ഞില്ലെ കറുത്ത പശുവിന്റെ പാലാ ആരോഗ്യത്തിനു നല്ലതെന്നു്!"

x x x




"വീട്ടീന്നു ഫീസിനു തന്നയച്ച കാശൊക്കെ ഈ പെട്ടി കുടുങ്ങിപ്പോയി സാർ. അതു കിട്ടാതെ ഞാനിവിടുന്നു പോവില്ല."

* * *

ബോംബെയിൽ ഒരു ഹോട്ടൽ മാനേജർ ഒരു പത്രത്തിൽ ഇങ്ങനെ പരസ്യപ്പെടുത്തി:- "രണ്ടുപേർക്കു താമസിക്കാവുന്ന ഒരു മുറി ഒഴിവുണ്ടു്. ക്ഷൂരംവലിച്ചിരങ്ങുന്നവർക്കു് കൊടുക്കാവുന്നതാണു്."

അഞ്ചുമണിക്കു മാനേജരെ ഒരു സ്ത്രീ ഫോണിൽ വിളിച്ചു:- "സർ, നിങ്ങളുടെ മുറി ഞങ്ങൾക്കു കിട്ടിയാൽ കൊള്ളാമെന്നുണ്ടു്. എന്നാൽ ക്ഷൂരംവലിക്കുക ഞങ്ങൾക്കു പതിവില്ല. നിർബന്ധമാണെങ്കിൽ ചുരുങ്ങിയതു് എത്രസമയത്തേക്കു ക്ഷൂരംവലിക്കണമെന്നറിയിക്കണം."



# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു)

ഹെഡാഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശ്ശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,87,573 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |
| 1954 | 5,97,150 | 22,46,601 | 29,22,345 | 36,50,149 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ റ്റി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ

# വിവിധവൃത്താന്തങ്ങൾ

## റോസപ്പൂവിനെപ്പററി

### മാർപ്പാപ്പായുടെ പ്രസംഗം

ലോകത്തിൻെറ കുഴഞ്ഞ പ്രശ്നങ്ങളെപ്പററി സദാപി ചിന്തിച്ചും കൂടിയാലോചിച്ചും സമയംപോക്കുന്ന പരിശുദ്ധ മാർപ്പാപ്പാ ഈയിടെ പൂത്തോട്ടം വളർത്തുകാരുടെ ഒരു സന്ദർശനാവസരത്തിൽ റോസപ്പുഷ്പത്തെക്കുറിച്ചാണു് പ്രഭാഷിച്ചതു്. പതിനൊന്നു വിവിധ രാജ്യങ്ങളിൽനിന്നുമായി റോമിൽനടന്ന റോസപ്പൂമത്സരത്തിൽ പങ്കെടുക്കുന്നതിനു വന്ന തോട്ടക്കാരും റോസ്ചെടി വളർത്തുകാരുമായിരുന്നു അവർ. പരിശുദ്ധ പിതാവു് അവരോടിപ്രകാരം പറഞ്ഞു:- “നിറപ്പകിട്ടുകൊണ്ടു് ലതാസഞ്ചയത്തോടു് ഒത്തിണങ്ങുകയും ഉത്തേജകവും മൃദുലവുമായ അതിൻെറ വാസനാവിശേഷംകൊണ്ടു് അന്തരീക്ഷത്തെ നിറയ്ക്കുകയും ചെയ്യുന്ന നമ്മുടെ രാജ്യങ്ങളിലെ സാധാരണ റോസപ്പുഷ്പങ്ങൾ എക്കാലത്തും തിരുനാളാഘോഷങ്ങളുടെ സ്വാഭാവികമായ അലങ്കാരമായും ആനന്ദത്തിൻെറ സൂചനയായും അംഗീകരിക്കപ്പെട്ടുപോന്നിട്ടുണ്ടു്. ആദിമക്രിസ്ത്യാനികൾ എങ്ങനെയോ അവയെ അവഗണിച്ചിരുന്നതായി കാണുന്നു. അതിനുള്ള കാരണം അവരുടെ വീക്ഷണത്തിൽ, അവർ അത്യധികം വെറുത്തിരുന്ന ഒരു ജീവിതരീതിയുടെ സൂചനയായിരുന്നു അവ. ഈ ക്രൈസ്തവേതരസൂചന കാലാന്തരത്തിൽ മാഞ്ഞുപോവുകയും റോസപ്പുഷ്പത്തിൻെറ മനോഹരത സത്യദൈവത്തിങ്കലേക്കു തിരിക്കപ്പെടുകയുംചെയ്തു. ഈ റോമിലുള്ള മഹത്തായ ബസ്ലിക്കാകളിലെ ശില്പവേലകളുടെ പശ്ചാത്തലങ്ങൾ പുഷ്പങ്ങളെക്കൊണ്ടു വിചിത്രമായി അലങ്കരിക്കപ്പെട്ടവയാണു്; അവയിൽ റോസപ്പുഷ്പങ്ങൾക്കാണു് പ്രാമാണ്യവും.

“ആദിമനൂററാണ്ടുകളിലെ ക്രിസ്ത്യൻസാഹിത്യത്തിൽ ചെമന്ന റോസ് നിണമൊഴുക്കിയ വേദസാക്ഷികളെ കുറിക്കുന്നതാണു്. വെള്ളറോസോ അഥവാ ലില്ലിയോ ആണു് കന്യാത്വത്തെ കാണിക്കുന്നതു്. അതിപുരാതീനമായ വിരിപ്പുകളിന്മേലും വൈദികവസ്ത്രങ്ങളിന്മേലും റോസപ്പുഷ്പങ്ങൾ ധാരാളമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ടു്. കത്തീഡ്രൽദേവാലയങ്ങളുടെ സ്റ്റെയ്ൻഡ്ഗ്ലാസ്സ് വാതായനങ്ങളിൽ സൂര്യപ്രകാശം തട്ടി റോസപ്പൂക്കളുടെ ചിത്രങ്ങൾ തിളങ്ങുകയാണു്. എവിടേയും അതു ക്രിസ്തീയമായ ആനന്ദത്തിൻെറ സൂചനയായി പ്രശോഭിക്കുന്നു. തന്മൂലം അതു “നമ്മുടെ മഹാസന്തോഷകാരണ”മായ പരിശുദ്ധ മറിയത്തിൻെറ ഒരു ചിഹ്നമായിത്തീർന്നിരിക്കുന്നു. ജപമാല മറിയത്തിനപ്പിക്കപ്പെട്ടിട്ടുള്ള ഒരു പനിനീർപ്പുഷ്പവാടിയായിട്ടാണു് സങ്കല്പിക്കപ്പെട്ടിട്ടുള്ളതു്. അതു മാതൃപ്രതിമയുടെ അലങ്കാരവും മാതൃപീഡകളുടെ സൂചനയുമായി നിലകൊള്ളുന്നു. പരിശുദ്ധ കന്യകമറിയം തന്നെത്തന്നെ റോസപ്പുഷ്പത്തോടുപമിച്ചിട്ടുണ്ടു്. ലൊറേറോ ലുത്തനിയായിൽ രണ്ടുപ്രാവശ്യം ക്രിസ്ത്യാനികൾ മറിയത്തെ റോസപ്പുഷ്പത്തോടു ഘടിപ്പിച്ചാഹ്വാനം ചെയ്യുന്നു: “ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന റോസപ്പുഷ്പമേ”, എന്നും “പരിശുദ്ധ ജപമാലയുടെ (റോസറി) രാജ്ഞീ” എന്നും.

“മസ്സബീലിലെ ഗ്രോട്ടോയിൽ പരിശുദ്ധ കന്യകമറിയം വിശുദ്ധ ബർണർദത്തിനു പ്രത്യക്ഷപ്പെട്ടപ്പോൾ അവിടെ വളർന്നുനിന്ന ഒരു ലതാസഞ്ചയത്തിൽനിന്നും ഓരോ വിടർന്ന റോസപ്പുഷ്പം ആ സ്വർഗ്ഗനാഥയുടെ ഇരുപാദങ്ങളേയും അലങ്കരിച്ചിരുന്നു. തിരുസഭ അമലോത്ഭവയെന്നു പ്രഖ്യാപനം ചെയ്തിരുന്ന പരിശുദ്ധമറിയം ഏവംവിധം ഒരു സാധുബാലികയ്ക്കു അവിടുത്തെ പരിപൂർണ്ണതകളുടെ പ്രാഭവത്തോടും എന്നാൽ അനുഗ്രഹത്തിൻെറ മധുരിമയോടുംകൂടി പ്രത്യക്ഷയാവുകയാണു ചെയ്തതു്.”

## പരിശുദ്ധ പിതാവിനെ

### കർദ്ദിനാൾ ഗ്രേഷ്യസ് മുഖം കാണിച്ചു

ബോംബെ ആർച്ചുബിഷപ്പു് അത്യുന്നത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമേനിക്കു് മേയ് 28-ാംനു- മാർപ്പാപ്പാ തിരുമേനി 45 മിനിട്ടുനേരം അഭിമുഖദർശനം അനുവദിക്കുകയുണ്ടായി. യൂറോപ്പിൽ ആറാഴ്ചത്തെ പര്യടനത്തിനായി കർദ്ദിനാൾ തിരുമേനി ഈ വാരമാദ്യം ഇററലിയിലെത്തിയതാണു്. പരിശുദ്ധ പിതാവു് നല്ല ആരോഗ്യവാനായും പ്രസന്നനായും കാണപ്പെട്ടുവെന്നു് കർദ്ദിനാൾ തിരുമേനി പ്രസ്താവിച്ചു. ഇന്ത്യയിലെ കത്തോലിക്കരുടെ ഭക്ത്യാദരങ്ങളും ഇന്ത്യയിലെ ബഹുലക്ഷം കത്തോലിക്കേതരരുടെ സൗമനസ്യാശംസകളും കർദ്ദിനാൾ തിരുമേനി പരിശുദ്ധപിതാവിനെ ഉണർത്തിച്ചു. ഇന്ത്യയോടു തനിക്കുള്ള സ്നേഹത്തെയും തൻെറ അനുഗ്രഹാശിസ്സുകളെയും അറിയിക്കുവാൻ മാർപ്പാപ്പാ തിരുമേനി അദ്ദേഹത്തോടാവശ്യപ്പെട്ടു. കർദ്ദിനാൾ തിരുമേനിയുമായി നടന്ന സ്വകാര്യസംഭാഷണത്തിനുശേഷം പരിശുദ്ധപിതാവു് കർദ്ദിനാളുമൊരുമിച്ചു് അടുത്ത മുറിയിലേക്കു് എഴുന്നെള്ളി. അവിടെ സന്നിഹിതരായിരുന്ന കർദ്ദിനാളിൻെറ പാർട്ടിയിൽപെട്ടവരുടെ അഭിവാദനങ്ങൾ പരിശുദ്ധപിതാവു് സ്വീകരിച്ചു. ബോംബെ ചീഫ് ജസ്റ്റീസ് മി. എം. സി. ചഗ്ലാ, മിസിസ് ചഗ്ലാ, കൊളമ്പു് ആർച്ചുബിഷപ്പു്, അജ്മീർ ബിഷപ്പു്, രണ്ടു കന്യാസ്ത്രീകൾ, ഏഴു വൈദികർ ഇത്രയുംപേരാണു് കർദ്ദിനാളിൻെറ പാർട്ടിയിലുണ്ടായിരുന്നതു്. പരിശുദ്ധപിതാവു് അവരുമായി സംഭാഷണം നടത്തുകയും മി. ചഗ്ലായ്ക്കും കുടുംബാംഗങ്ങൾക്കും തൻെറ അനുഗ്രഹാശിസ്സുകൾ നൽകുകയും ചെയ്തു.

## “പൂമെറിൻ” ഘണ്ടാരവം

### വിയന്നായിൽ മുഴങ്ങി

വിയന്നായിലെ സെൻറു സ്റ്റീഫൻസ് കത്തീഡ്രലിലെ ഏററം വലിയ മണിയാണു് “പൂമെറിൻ”. കഴിഞ്ഞ ദിവസം ചതുശ്ശക്തികളുടെ വിദേശമന്ത്രിമാർ ഒന്നിച്ചിരുന്നു ആസ്ത്രിയൻസന്ധി ഒപ്പുവച്ചതായ സമയത്തു സന്തോഷസൂചകമായി പ്രസ്തുത മണി ഒരു മണിക്കൂർ നേരത്തേക്കു ആടിയടിച്ചുകൊണ്ടിരുന്നു. ആസ്ത്രിയായിലുള്ള എല്ലാ ദേവാലയമണികളും അതോടൊന്നിച്ചു, ചരിത്രം സൃഷ്ടിച്ച ആ ഉച്ചനേരത്തു് ഈ സന്തോഷവാർത്തയെ ഏററുപാടി. 17 കൊല്ലം വിദേശമേധാവിത്വത്തിൽ അമർന്നിരുന്ന ആസ്ത്രിയായുടെ സ്വാതന്ത്ര്യലബ്ധി രാജ്യത്താകെ ആഹ്ലാദപൂർവ്വം കൊണ്ടാടപ്പെട്ടു. ഉച്ചതിരിഞ്ഞു കത്തീഡ്രൽദേവാലയത്തിൽ അത്യുന്നത കർദ്ദിനാൾ ഇന്നിററ്സറിൻെറ പ്രധാനകാർമ്മികത്വത്തിൽ “തെദേവും” എന്ന സ്തോത്രഗീതം ആലപിക്കപ്പെട്ടു. തുടർന്നു കത്തീഡ്രലിൻെറ അങ്കണത്തിൽ ആസ്ത്രിയൻ കാത്തലിക്കു് യൂത്ത്സംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗവും നടത്തപ്പെട്ടു.

### സെയ്ഗോണിൽ

## മാനസാന്തരങ്ങൾ

സെൻറു് വിൻസെൻറു് ഡിപോളിൻെറ ഉപവിയുടെ കന്യാസ്ത്രീകളിൽപ്പെട്ട സിസ്റ്റർ മത്തിൽദെ വിയാററ്നാമിലെ സെയ്ഗോൻ എന്ന സ്ഥലത്തു പ്രതിമാസം 1500 പേരെ മാനസാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. വിയാററ്നാം സ്വദേശിനിയായ ഈ 32 വയസ്സുകാരി പാവപ്പെട്ട സ്വദേശീയരെ അവരുടെ കുടിലുകളിൽ ചെന്നു സന്ദർശിച്ചു അഹോരാത്രം ശുശ്രൂഷിച്ചുപോരികയാണു്. അവരുടെ പരസ്നേഹപരമായ ശുശ്രൂഷകളാൽ ആകൃഷ്ടരായി ദീനക്കിടക്കകളിൽ ക്ലേശമനുഭവിക്കുന്നവർ അവരേയും ക്രിസ്തുമതത്തിലേക്കു സ്വീകരിക്കണമെന്നു നിർബന്ധം കൂട്ടുകയാണു.

## ദക്ഷിണ വിയററ്നാമിലെ കത്തോലിക്കാ പ്രധാനമന്ത്രി

ദക്ഷിണവിയാററ്നാമിലെ ഭൂരിപക്ഷം ജനങ്ങളും ബുദ്ധമതക്കാരാണു്. അവിടെ കത്തോലിക്കർ 8 ശതമാനത്തിൽ കൂടുതലില്ല. അവിടത്തെ പ്രധാനമന്ത്രിയായ നിഗോഡിൻഡിയം പൊതുജനങ്ങളുടെ അഭിമാനപാത്രമാണു്. കത്തോലിക്കാവിശ്വാസത്തിൽ അടിയുറച്ച ധീരമതിയും സത്യസന്ധനുമാണദ്ദേഹം. അദ്ദേഹത്തിൻെറ മതവിശ്വാസത്തെപ്പററി സ്വദേശീയരായ ജനതയ്ക്കു യാതൊരു ആശങ്കയുമില്ല. അദ്ദേഹത്തിൻെറ കറകളഞ്ഞ രാജ്യഭക്തിയാണു് അദ്ദേഹത്തെ സ്വദേശീയരുടെ കണ്ണിലുണ്ണിയാക്കിയിട്ടുള്ളതു്. ഇപ്പോൾ അദ്ദേഹത്തിൻെറ ഭരണത്തിനെതിരായി വിപ്ലവങ്ങൾ കുത്തിപ്പൊക്കിക്കൊണ്ടിരിക്കുന്ന ബിൻസുയൻകക്ഷികൾ അദ്ദേഹത്തിൻെറ മതവിശ്വാസത്തിൻെറ പേരിലല്ല, പ്രത്യുത വിപ്ലവാസക്തികൊണ്ടുമാത്രമാണു് അതിനുദ്യുക്തരായിരിക്കുന്നതു്. സെയ്ഗോണിൽ കുറെ പ്രാമാണ്യമുള്ള ഫ്റഞ്ചു് ഫ്റീമേയ്സൺ കക്ഷി മാത്രമാണു് അദ്ദേഹത്തിൻെറ മതവിശ്വാസത്തെപ്പററി എതിർത്തിട്ടുള്ളതു്. ഒരു കത്തോലിക്കർ വിയാററ്നാമിലെ പ്രധാനമന്ത്രിപദത്തിൽ ആരോഹിക്കപ്പെടുക എന്നതു ഒരു കത്തോലിക്കൻ അമേരിക്കൻ ഐക്യരാജ്യങ്ങളുടെ പ്രസിഡൻറാകുന്നതിൽ വിഷമകരമാണെന്നാണു് സെയ്ഗോണിലെ എൻ. സി. ഡബ്ളിയു. സി. ലേഖകനായ ഫാദർ പാട്രിക്കു് ഒക്കോണർ പ്രസ്താവിക്കുന്നതു്.

### കമ്മ്യൂണിസ്റ്റ നേതാവു്

## കത്തോലിക്കാ സഭയിലേക്കു്

22 കൊല്ലക്കാലം ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രമുഖാംഗമായിരുന്ന മി. ടോംകീപ്പു് ഇപ്പോൾ പാർട്ടിബന്ധം ഉപേക്ഷിച്ചു് കത്തോലിക്കാസഭയെ ആശ്ലേഷിച്ചിരിക്കുന്നു. 1947-ൽ ഏററവും കൂടുതൽ അംഗങ്ങളെ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ചേർത്തതിനുള്ള പ്രത്യേകസമ്മാനം അദ്ദേഹത്തിനാണു ലഭിച്ചതു്. ലണ്ടനിൽ മുൻസിപ്പൽ തിരഞ്ഞെടുപ്പുകളിൽ പല വാർഡുകളിലും കമ്മ്യൂണിസ്റ്റു സ്ഥാനാർത്ഥിയായി നിന്നു അദ്ദേഹം പ്രശസ്തവിജയം കൈവരിച്ചിട്ടുണ്ടു്. 1945 മുതൽ 50 വരെ സ്റ്റീവഡോഴ്സ് ആൻഡ് ഡോക്കേഴ്സ് യൂണിയൻെറ നാഷണൽ പ്രസിഡൻറായിരുന്നു അദ്ദേഹം. 1947-ൽ നടന്ന ലണ്ടൻ തുറമുഖതൊഴിലാളി പണിമുടക്കിൻെറ നേതാവു് അദ്ദേഹമായിരുന്നു. ഇപ്പോൾ കത്തോലിക്കാസഭയുടെ ഉന്നമനത്തിനുവേണ്ടി അദ്ദേഹത്തിൻെറ സർവ്വയത്നങ്ങളും അദ്ദേഹം തുടർന്നുപോരുന്നു.

### വഞ്ചനാദ്യമം കണ്ടുപിടിച്ചതിനു്

## വൈദികനു സമ്മാനം

പനാമാ പ്രസിഡൻറു് റെമോണിനെ വധിക്കുന്നതിനു അദ്ദേഹത്തിൻെറ ശത്രുക്കൾ ഒരുക്കൂട്ടിയിരുന്ന ഉപജാപത്തെ ഫാദർ കാർലോസ് പെരെസ് ഹെരേറാ എന്ന വൈദികൻ കണ്ടുപിടിക്കുകയും ഇതേപ്പററി ഒന്നിലധികം പ്രാവശ്യം പ്രസിഡൻറിനു മുന്നറിയിപ്പു നൽകുകയും ചെയ്തു. പ്രസിഡൻറു് അന്നു അത്ര ഗൗരവമായി പരിഗണിച്ചില്ല. ഇപ്പോൾ വസ്തുതകൾ വിശദമായതോടെ അദ്ദേഹത്തിൻെറ സേവനത്തിനു സമ്മാനമായി 80000 കയുടെ ഒരു പാരിതോഷികം നൽകപ്പെട്ടിരിക്കുന്നു.

—o—

## തൃശ്ശൂർ ഉപതിരഞ്ഞെടുപ്പു്

### ഫലം പ്രഖ്യാപിച്ചു

കോൺഗ്രസ്സും കമ്മ്യൂണിസ്റ്റവും തമ്മിലുള്ള ഒരു ബലപരീക്ഷണമെന്നവിധത്തിൽ പൊതുജനത്തിൻെറ ആനുകൂല്യത്തെ അളന്നുകുറിക്കുന്ന അവസരമായിരുന്നു അടുത്തു നടന്ന തൃശ്ശൂർ ഉപതിരഞ്ഞെടുപ്പു്. മേയ് 25-ാംനു- അതിൻെറ ഫലം പ്രഖ്യാപിക്കപ്പെട്ടു. കോൺഗ്രസ്സ് സ്ഥാനാർത്ഥി ശ്രീമതി ലീലാ മന്നാടിയാർ 3056 വോട്ടിൻെറ ഭൂരിപക്ഷത്തോടുകൂടി തിരുകൊച്ചിഅസംബ്ളിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. ആകെ പോൾ ചെയ്തതു് 28320 വോട്ടുകളാണു്. കമ്മ്യൂണിസ്റ്റു പാർട്ടിക്കാരനായ എതിർസ്ഥാനാർത്ഥി ശ്രീ സി. അച്യുതമേനോനായിരുന്നു. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഈ പരാജയം അടിക്കടി ഇടിഞ്ഞുകൊണ്ടിരിക്കുന്ന അതിൻെറ പൊതുജനപിൻതുണയെ വിളിച്ചറിയിക്കുന്ന ഒരു പുതിയ ദൃഷ്ടാന്തമായി കണക്കാക്കാവുന്നതാണു്.


നയനങ്ങൾ

അവ വിലയേറിയവയാണു്

പാദങ്ങൾ വേണ്ടവിധത്തിൽ സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ കണ്ണുകൾ നഷ്ടപ്പെട്ടേക്കാം.

വിദഗ്ദ്ധരായ ജോലിക്കാർ നവീനോപകരണങ്ങൾ ഉപയോഗിച്ചു നിർമ്മിക്കുന്ന പാദരക്ഷകൾക്കു് അന്വേഷിക്കുക:



Mayor Leather Works

M. O. ROAD, TRICHUR




# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 || ERNAKULAM, JUNE 1 || No. 40


## ചൈനയിലെ യുവലോകം

ഏഷ്യൻ ഭൂഖണ്ഡത്തിലെ കമ്മ്യൂണിസ്റ്റ് ശക്തികേന്ദ്രമാകുന്നതിനു അവിശ്രമം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ചൈന അതിന്റെ പരിയത്നങ്ങളെ കേന്ദ്രീകരിച്ചിരിക്കുന്നതു അവിടത്തെ യുവസഞ്ചയത്തെ കമ്മ്യൂണിസ്റ്റു മൂശയിൽ കരുപ്പിടിപ്പിക്കുന്നതിലാണ്. തദർത്ഥം രാജ്യവ്യാപകമായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള രണ്ടു യുവജനസംഘങ്ങളുണ്ട്. ഒന്നാമത്തേതിന്റെ പേർ "യൂത്ത് അസോസിയേഷൻ" എന്നാണ്. 14 വയസ്സുമുതൽ 25 വയസ്സുവരെ പ്രായമുള്ളവരാണ് ഇതിലെ അംഗങ്ങൾ. 1953-ൽ 90 ലക്ഷം പേർ അതിൽ അംഗങ്ങളായി ചേർന്നിരുന്നു. അതിൽ 50 ലക്ഷവും കർഷകവിഭാഗത്തിൽ പെട്ടവരും 10 ലക്ഷം സൈനികവിഭാഗത്തിൽനിന്നുള്ളവരും 10 ലക്ഷം കോളേജിലും ഹൈസ്കൂളുകളിലും പഠിക്കുന്നവരും 13 ലക്ഷം ഉദ്യോഗസ്ഥവിഭാഗത്തിലുള്ളവരും 680നായിരം തൊഴിലാളികളും 20നായിരം മററോരോ വിഭാഗങ്ങളിലുള്ളവരുമായിരുന്നു. രണ്ടാമത്തെ യുവജനസംഘടനയുടെ പേർ "ചൈനയുടെ യുവസൈന്യം" എന്നാണ്. 9 മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികളെയാണ് ഇതിൽ അംഗങ്ങളാക്കുന്നതു്. 1953-ൽ ഇതിൽ 70 ലക്ഷം പേരുണ്ടായിരുന്നു അംഗങ്ങൾ. ഇവരെ ഒന്നാംതരം കമ്മ്യൂണിസ്റ്റുകളാക്കി രൂപംകൊടുക്കുന്നതിനാണ് നേതാക്കന്മാർ അതിമാത്രം ശ്രദ്ധ പതിച്ചുകൊണ്ടിരിക്കുന്നതു്.

### പരിശീലനം

ചൈനീസ് കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ഒരു പ്രമുഖനേതാവു ഒരിക്കൽ ഇപ്രകാരം പ്രസ്താവിച്ചു:- "ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയും അതിന്റെ മേധാവിയായ മാവോസെതൂങ്ങും യൂത്ത് അസോസിയേഷന്റെ വളർച്ചയിലും പ്രവർത്തനത്തിലും വളരെ പ്രാധാന്യം കല്പിക്കുകയും അതിനുവേണ്ടി നിസ്തന്ദ്രമായി പരിശ്രമിക്കുകയും ചെയ്തുകൊണ്ടാണിരിക്കുന്നതു്." ഈ യുവസംഘടനകൾവഴി വളരുന്ന തലമുറയെ ജീവിതത്തിലും ആദർശത്തിലും കമ്മ്യൂണിസ്റ്റ് മനോഭാവമുള്ളവരാക്കിയെടുക്കണമെന്നാണ് അവരുടെ ലക്ഷ്യം. അതായതു്, ജീവിതതത്വങ്ങളും ധാർമ്മികനിയമങ്ങളുമെല്ലാം തൊഴിലാളിസമൂഹത്തിന്റെ—കമ്മ്യൂണിസ്റ്റ് വിഭാഗത്തിന്റെ—മേന്മയ്ക്കുവേണ്ടിയുള്ള സേവനത്തിൽ അർപ്പിക്കപ്പെടുവാൻ സന്നദ്ധമായ ഒരു സമരനിര വാർത്തെടുക്കുകയെന്നു സാരം. ആ വ്യവസ്ഥിതിയിൽ സത്യവും അസത്യവും, നന്മയും തിന്മയുമെല്ലാം നിർണ്ണയിക്കപ്പെടുവാനുള്ള മാനദണ്ഡം സമൂഹത്തിന്റെ ഉപയോഗയോഗ്യത മാത്രമായിരിക്കും. സമഷ്ടിവാദത്തിന്റെ ഈ മൗലികപ്രമാണം, വികാസംപ്രാപിക്കുന്ന ബാലമനസ്സിൽ അടിച്ചുറപ്പിക്കുന്നതിനുള്ള പരിപാടികളാണ് അവയിൽ സജ്ജീകരിച്ചിട്ടുള്ളതു്. അവർക്കു സ്വയം ചിന്തിക്കുന്നതിനോ, സ്വകീയമായ അഭിപ്രായങ്ങൾ രൂപവൽക്കരിക്കുന്നതിനോ തദനുസരണം പ്രവർത്തിക്കുന്നതിനോ ഉള്ള സ്വാതന്ത്ര്യമോ സൗകര്യമോ നൽകപ്പെടുകയില്ല. അവരുടെ വീക്ഷണഗതി സമഷ്ടിയുടെ പരിഗണനയിലാണ്—കമ്മ്യൂണിസ്റ്റ് സിദ്ധാന്തമനുസരിച്ചുള്ള സമുദായസൃഷ്ടിക്കുവേണ്ടി. വ്യഷ്ടിയുടെ മനസ്സാക്ഷി എന്നൊന്നില്ല; എല്ലാം സമഷ്ടിയുടെ മനസ്സാക്ഷിയിൽ ലയിക്കണം. പാർട്ടിക്കു അനുഗുണമല്ലാത്തതെല്ലാം അവർ വെറുക്കണം. അവയോടു വൈരാഗ്യപൂർവ്വം സന്ധിയില്ലാസമരം നടത്തണം. സ്വകാര്യസ്വത്തു്, ദൈവവിശ്വാസം, മതബോധം, അധികാരസ്ഥാനം, വൈദികർ, മാതാപിതാക്കന്മാർ ഇവയെല്ലാം അവരുടെ ആജന്മശത്രുക്കളായി അവർ പരിഗണിക്കണം. പോരാ, അവർ അവരുടെ വ്യക്തിത്വത്തെത്തന്നേയും വെറുക്കണം. ഏവംവിധം മനുഷ്യഹൃദയത്തിനു സമാകർഷകവും സമാശ്വാസദായകവുമായ എല്ലാററിനേയും വെറുക്കുന്ന മനോഭാവത്തിൽനിന്നാണ് വിപ്ലവബീജം മുളയെടുക്കേണ്ടതു്. കമ്മ്യൂണിസത്തിന്റെ വേദപ്രമാണമായ മാർക്സിന്റെ വിപ്ലവാദർശം നിരന്തരമായും നിർബന്ധമായും ബാലമനസ്സുകളിൽ കുത്തിച്ചെലുത്തുന്നതിലും അതിനു വിരുദ്ധമായ എല്ലാ ചിന്താഗതിയേയും അവരിൽ നിഹനിക്കുന്നതിലുമാണ് യുവതലമുറയുടെ കമ്മ്യൂണിസ്റ്റു പരിശീലനം അടങ്ങിയിരിക്കുന്നതു്. സാഹസികമായ ഈ നിർബന്ധപരിശീലനപരിപാടികൾക്കാണ് ചൈനയിലെ ഒന്നരക്കോടിയിലധികം വരുന്ന യുവസഞ്ചയം വിധേയമാക്കപ്പെട്ടിരിക്കുന്നതു് എന്നറിയുമ്പോൾ ചൈനയുടെ ദുർഭഗസ്ഥിതി എത്ര ദയനീയമാണെന്നു ഏവർക്കും ഊഹ്യമാണല്ലോ. എത്ര നിരാശാപരമായ ഒരധഃപ്പതനത്തിലേക്കാണ് ആ മഹാരാജ്യത്തെ ഈ ജനദ്രോഹികൾ വലിച്ചിഴയ്ക്കുന്നതെന്നും ഇതിൽനിന്നു തെളിയുന്നില്ലയോ? ഈ നിർബന്ധപരിശീലനത്തിനു വിധേയനാക്കപ്പെട്ട ഒരു യുവാവ് ഒരിക്കൽ പറയുകയാണ്, "ഞങ്ങളുടെ പാർട്ടിയുടെ മുദ്രാവാക്യങ്ങളിൽ ഉൾക്കൊള്ളുന്ന ആശയങ്ങളെ വിട്ട് മറേറതെങ്കിലുംവിധത്തിൽ ചിന്തിക്കുന്നതിനു എനിക്കസാദ്ധ്യമായി തോന്നുന്നു"വെന്നു്.

### അനുകമ്പയെ അർഹിക്കുന്നു

ചരിത്രപ്രസിദ്ധവും അതിപുരാതീനമായ ഒരു സംസ്കാരത്തിന്റെ കേന്ദ്രവുമായ ചൈനാരാജ്യം കമ്മ്യൂണിസ്റ്റുവലയിൽ കുടുങ്ങി ഇത്രയധികം അധഃപ്പതിച്ചതിൽ നാം സഹതപിക്കണമെന്നുള്ളതു സ്വാഭാവികമാണല്ലോ. വളരുന്ന തലമുറയെ കമ്മ്യൂണിസ്റ്റുമൂശയിൽ വാർത്തെടുത്തു തനി കമ്മ്യൂണിസത്തിനു അവിടെ സ്ഥിരപ്രതിഷ്ഠനൽകുന്നതിനു കമ്മ്യൂണിസ്റ്റു നേതാക്കന്മാർ ചെയ്തുപോരുന്ന അവിശ്രമപരിശ്രമങ്ങൾക്കു വിധേയരായി ദുർഭഗാവസ്ഥയിലേക്കു നിർബന്ധപൂർവ്വം അധഃപ്പതിക്കുന്ന ആ വൻകരയിലെ ബൃഹത്തായ യുവസഞ്ചയത്തെ അനുകമ്പാപൂർവ്വകമായിട്ടല്ലാതെ നമുക്കു സ്മരിക്കുവാൻ വഹിയാ. ഈ മനോഭാവത്തെ നമ്മിൽ കൈവളർത്തുന്നതിനും, ധാരാളമായ ദൈവാനുഗ്രഹം അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുംവേണ്ടിയാണു് ഈ മാസത്തെ പ്രാർത്ഥനാനിയോഗത്തിൽ പരിശുദ്ധമാർപ്പാപ്പാ ചൈനയിലെ യുവജനങ്ങളെപ്പററി അനുസ്മരിപ്പിച്ചിരിക്കുന്നതു്. കാലോചിതവും അനിവാര്യവുമായ ഈ സഹകരണമനോഭാവം ഓരോരുത്തരും കൈവരിക്കുകയും ചൈനയ്ക്കും പ്രത്യേകിച്ചു് അവിടത്തെ യുവജനങ്ങൾക്കുംവേണ്ടി ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നതിൽ നിസ്തന്ദ്രം വ്യാപൃതരാവുകയും ചെയ്യേണ്ടതു് നമ്മുടെ കർത്തവ്യമാണ്. ആ വൻരാജ്യത്തിന്റെ വിനാശകരമായ പ്രവർത്തനങ്ങൾ എത്ര പ്രബലങ്ങളായിരുന്നാലും ദൈവാനുഗ്രഹത്തിന്റെ പ്രവർത്തനത്തിൽ അവ നിർമ്മാർജ്ജനം ചെയ്യപ്പെടുമെന്നു നമുക്കു വിശ്വസിക്കാം. നിഷ്ഠുരമായ ഇന്നത്തെ പീഡനങ്ങളുടെ മദ്ധ്യത്തിൽ മനോഹരമായി വിരിഞ്ഞു വികസിക്കുന്ന വിശുദ്ധജീവിതങ്ങൾ അവിടെ നിരവധിയുണ്ട്. യാതനകളും പീഡനങ്ങളും വീറോടുകൂടി നേരിട്ടു വീരമകുടം ചൂടുന്ന രക്തസാക്ഷികൾ അവിടെ സഹസ്രക്കണക്കിനെണ്ണാൻ കഴിയും. അന്ധകാരശക്തികളുടെ കയ്യേററങ്ങളെ ചെറുത്തുനിന്നു സത്യത്തിനും നീതിക്കും, ദൈവത്തിനും മതത്തിനും, രാജ്യത്തിനും ജനതയ്ക്കുംവേണ്ടി പടപൊരുതുന്ന യഥാർത്ഥ രാജ്യസ്നേഹികളുടെ എണ്ണം അനുദിനം വർദ്ധിക്കുന്നതിനു നമുക്കു പ്രാർത്ഥിക്കാം. കമ്മ്യൂണിസ്റ്റുകൾ ഒരു ചൈനീസ് യുവാവിനെ പല സാഹസികപീഡനങ്ങളും ഏല്പിച്ചശേഷം അവസാനം മരണത്തിനു വിധിച്ചു കൊലക്കളത്തിലേക്കു ആനയിച്ച അവസരത്തിൽ സത്യവിശ്വാസത്തിന്റേയും മരണത്തിന്റേയും മദ്ധ്യേ പിടഞ്ഞുകൊണ്ടിരുന്ന ആ ധീരയുവാവു് പറഞ്ഞതു്, "ഓരോ നിമിഷവും ഈ പ്രലോഭനം എന്നെ വ്യാമോഹിപ്പിച്ചുകൊണ്ടിരുന്നു. എങ്കിലും ഗെത്സേമിൻ തോട്ടത്തിലെ ക്രിസ്തുവിനെ ഞാൻ സ്മരിച്ചുകൊണ്ടു് അവിടുത്തോടുകൂടി, "എന്റെ ഇഷ്ടമല്ല, അങ്ങേ ഇഷ്ടം നിറവേറണം" എന്നപേക്ഷിച്ചിരുന്നു" എന്നാണ്. ദൈവാനുഗ്രഹത്തിന്റെ പ്രവർത്തനരംഗങ്ങളായ ഈദൃശഹൃദയസഹസ്രങ്ങൾ ചൈനീസ് യുവത്വത്തെ ത്രസിപ്പിക്കുവാൻ ഇടയാകുമെന്നു നമുക്കു പ്രത്യാശിക്കാം.

## പ്രസാധകക്കുറിപ്പുകൾ

### അഭ്യസ്തവിദ്യരുടെ ആദ്ധ്യാത്മിക ജ്ഞാനം

ആദർശപരമായി മാനവസഞ്ചയം രണ്ടായി തിരിഞ്ഞുനില്ക്കുകയും ആദ്ധ്യാത്മികത്വവും ഭൗതികത്വവും പ്രാമുഖ്യം കൈയടക്കുവാൻ തമ്മിൽ മല്ലടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ മനുഷ്യൻ അവന്റെ ആദ്ധ്യാത്മികചൈതന്യത്തെ ഉത്തേജിപ്പിക്കുന്നതിനു ബദ്ധകങ്കണനായി പ്രവർത്തിക്കാത്തപക്ഷം ആബദ്ധ്യത്തിന്റെ അന്ധകാരത്തിൽ ആമഗ്നനാകാതെ ഗത്യന്തരമില്ല. തദ്വാരാ ആദ്ധ്യാത്മികജ്ഞാനം കരഗതമാക്കുന്നതിനുള്ള മാർഗ്ഗങ്ങളായിരിക്കണം ഇന്നത്തെ സർവ്വപ്രധാനമായ ശ്രദ്ധാവിഷയം. അഭ്യസ്തവിദ്യരായ ആളുകളിലാണു് ഈ കർത്തവ്യം കൂടുതലായി നിലകൊള്ളുന്നതു്; കാരണം, അതിനുള്ള കഴിവുകൾ അവരിലാണ് ദൈവം കൂടുതലായി പ്രദാനംചെയ്തിട്ടുള്ളതു്. മാത്രമല്ല, അവരുടെ മാതൃകയും നേതൃത്വവുമാണ് സാധാരണജനങ്ങൾക്കു ആലംബമായിരിക്കുന്നതും. അതുകൊണ്ടു് തങ്ങൾക്കുതന്നെ വേണ്ടിയും പൊതുജനതയ്ക്കുവേണ്ടിയും ആദ്ധ്യാത്മികജ്ഞാനം സമ്പാദിക്കുന്നതിനും മററുള്ളവർക്കുപകാരപ്രദമായ വിധത്തിൽ അതിനെ കൈകാര്യം ചെയ്യുന്നതിനും അവർ തയാറാകണം. ഈയിടെ ബാങ്കളൂർനടന്ന കത്തോലിക്കാ സമ്മർസ്കൂൾ ഉൽഘാടനം ചെയ്തുകൊണ്ടു് ബാങ്കളൂർ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ തോമസ് പോത്തക്കാമുറി ചെയ്ത പ്രൗഢമായ പ്രസംഗത്തിൽ ഈ വിഷയത്തെ സ്പർശിച്ചു പ്രസ്താവിച്ചതിപ്രകാരമാണ്:-

"സ്വാഭാവികവും ആവിഷ്കൃതവുമായ എല്ലാ മതങ്ങളേയും വെല്ലുവിളിച്ചുകൊണ്ടു്, ഭൗതികത്വാദർശം മുന്നേറുന്ന ഇക്കാലത്തു് മതത്തിന്റെ സിദ്ധാന്തങ്ങളേയും, ആധുനികപ്രശ്നങ്ങളിലും ഓരോരുത്തന്റേയും വ്യക്തിഗതവും ഗാർഹികവും സാമൂഹികവും പൗരപരവുമായ ജീവിതരംഗങ്ങളിലും അവയ്ക്കുള്ള പ്രസക്തിയേയുംപററി സമ്യക്കായ അറിവുണ്ടായിരിക്കേണ്ടതു് കത്തോലിക്കാ യുവജനങ്ങൾക്കു സർവ്വപ്രധാനമായ ഒരാവശ്യമാണ്.........ഇന്നു ഏററവും പ്രസ്പഷ്ടമായ സത്യങ്ങൾപോലും ചോദ്യംചെയ്യപ്പെടുകയോ, അന്ധകാരാവൃതമാക്കപ്പെടുകയോ, പാടെ നിഷേധിക്കപ്പെടുകയോ ചെയ്യുകയാണ്. പരമ്പരാഗതമായ വിശ്വാസങ്ങൾ മിക്കവാറും പുറംതള്ളപ്പെട്ടുകഴിഞ്ഞു." തന്മൂലം ഈ അവസരം നന്നായി വിനിയോഗിച്ചു് ആധുനികങ്ങളായ മതവിരുദ്ധപ്രശ്നങ്ങൾക്കു ക്രിസ്തുമതത്തിലെ തത്വസംഹിതയ്ക്കു യോജിച്ചവിധത്തിൽ തക്ക സമാധാനങ്ങൾ പഠിച്ചു മനസ്സിലാക്കണമെന്നും, അവയെ ബുദ്ധിപൂർവ്വകമായും ധീരതയോടുകൂടിയും വിജയപ്രദമായും സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിനുവേണ്ടി പ്രയോഗിക്കണമെന്നും തിരുമേനി ഉൽബോധിപ്പിച്ചു.

x x x

### ക്രിസ്തുമതവും ദേശീയബോധവും

ക്രിസ്തുമതത്തിന്റെ സ്വഭാവത്തെ തെററിദ്ധരിച്ചു ഇന്നു പലേവിധത്തിൽ അടിസ്ഥാനരഹിതമായി നടത്തപ്പെടുന്ന അപവാദങ്ങൾ പലതാണ്. ക്രിസ്തുമതത്തിന്റെ സ്വഭാവത്തെ മനഃപൂർവ്വം തെററിദ്ധരിപ്പിക്കുന്നതിനു നടത്തപ്പെടുന്ന ദുരുപദിഷ്ടമായ കുപ്രചരണങ്ങളും ഒട്ടും കുറവല്ല. ക്രിസ്തുമതം ഒരു രാജ്യത്തിന്റേയോ, ഒരു ജനത്തിന്റേയോ, ഒരു ഭാഷക്കാരുടേയോ, ഒരു നിറക്കാരുടേയോ സ്വകാര്യസ്വത്തൊന്നുമല്ല. അതു രാജ്യങ്ങളുടേയും ജനവിഭാഗങ്ങളുടേയും പരിമിതികളെ അതിലംഘിച്ചു് എല്ലാ രാജ്യങ്ങൾക്കും എല്ലാ ജനങ്ങൾക്കുംവേണ്ടിയുള്ള ഒരു സ്ഥാപനമാണ്. "നിങ്ങൾ ലോകം മുഴുവനിലുംപോയി ഞാൻ പഠിപ്പിച്ചിട്ടുള്ളതെല്ലാം അവരെ പഠിപ്പിക്കുവിൻ" എന്നാണല്ലോ ദിവ്യഗുരുവിന്റെ ആജ്ഞ. രക്ഷയുടെ ദൗത്യത്തെ വഹിക്കുന്ന ഒരു മതത്തിനു അങ്ങനെയല്ലാതിരിക്കുക സാദ്ധ്യവുമല്ല. അതുകൊണ്ടാണ് കത്തോലിക്കാസഭ എക്കാലത്തും അതിന്റെ സാർവ്വത്രികസ്വഭാവത്തെ സത്യസഭാലക്ഷണമായി വ്യവഹരിച്ചിട്ടുള്ളതു്. അതു ഏതുരാജ്യത്തും ഏതു ജനതയിലും പരിപൂർണ്ണമായി സ്വദേശീയവും സ്വജാതീയവുമാണ്.

രഷ്യയുടെ വടക്കുനോക്കിയന്ത്രങ്ങളെപ്പോലെ മോസ്കോയുടെ ഇംഗിതങ്ങൾമാത്രം പ്രവർത്തനപരിപാടിയായി സ്വീകരിക്കുകയോ സ്വീകരിപ്പിക്കപ്പെടുകയോ ചെയ്തുപോരുന്ന കമ്മ്യൂണിസ്റ്റുകൾ, കത്തോലിക്കാ മതാവലംബികൾ അവരെപ്പോലെതന്നെ റോമയുടെ പരമാധികാരത്തിനു വിധേയരായി അടിമത്തത്തിൽ കഴിഞ്ഞുകൂടുന്നവരാണ് എന്നാരോപിക്കാറുണ്ടു്. ഇന്ത്യയെന്നതു ഹിന്ദുമതമാണെന്നു ദിവാസ്വപ്നം കണ്ടു് മററു മതവിശ്വാസങ്ങളെയെല്ലാം അറബിക്കടലിൽ തള്ളണമെന്നു വെപ്രാളം കൂട്ടിക്കൊണ്ടിരിക്കുന്ന കുറെ മതഭ്രാന്തന്മാരും ഇന്ത്യയിലുണ്ടു്. അവർ ദേശീയബോധത്തിന്റെ പേരിലാണ് സമരാസക്തരാകുന്നതു്. ഈ വഴിപിഴച്ച വിദേശീയവിദ്വേഷമോ ദേശീയത്വമോമൂലം ഉന്മത്തരാകുന്നവരാരും കത്തോലിക്കാസഭയുടെ നിലപാടിനെ മനസ്സിലാക്കുന്നില്ല. കത്തോലിക്കാസഭ കറകളഞ്ഞതും ആരോഗ്യപൂർണ്ണവുമായ ദേശീയബോധത്തേയും രാജ്യസ്നേഹത്തേയും മുറുകെപ്പിടിക്കുന്ന ഒരു സ്ഥാപനമാണ്. ഒരിന്ത്യൻ കത്തോലിക്കൻ പരിപൂർണ്ണമായും ഒരിന്ത്യൻ പൗരനാണെന്നും അവന്റെ മാതൃഭൂമിയോടും അതിന്റെ ന്യായമായ എല്ലാ അഭിവൃദ്ധിമാർഗ്ഗങ്ങളോടും എത്ര ദൃഢമായ ഒരു ബന്ധമാണ് അവനുള്ളതെന്നും ഒരുപക്ഷെ മററാരെക്കാളും ഭേദമായി അവൻ ഗ്രഹിച്ചിരിക്കും. ഇതു് അവന്റെ മതവിശ്വാസത്തിനു ഒരു തടസ്സമല്ല. മതം അവന്റെ മനസ്സാക്ഷിയുടെ കാര്യമാണ്. ആദ്ധ്യാത്മികതത്വങ്ങളിലുള്ള വിശ്വാസം, തദനുസൃതമായ ആരാധനാമുറകൾ, ആദ്ധ്യാത്മികാധികാരത്തോടും അന്തർദ്ദേശീയാദർശത്തോടും കൂടിയുള്ള മേധാവിത്വത്തിനുള്ള വിധേയത്വം ഇവയാണ് മതജീവിതം ആവശ്യപ്പെടുന്നതു്. അതിൽ സ്വരാജ്യസ്നേഹത്തേയോ ദേശീയബോധത്തേയോ തടസ്സപ്പെടുത്തുന്ന ഒന്നുമില്ലതന്നെ. അതുകൊണ്ടു് ക്രിസ്തുമതത്തിന്റെ ആദർശങ്ങൾക്കു വിരുദ്ധമായി നടത്തപ്പെടുന്ന ദേശീയത്വമുറവിളിയും, മിഷനറിവിരുദ്ധമനോഭാവവും, ദേശീയ സഭാസ്ഥാപനസംരംഭങ്ങളുമെല്ലാം സമാധാനധ്വംസനത്തിനുള്ള വഴിപിഴച്ച കാട്ടുകയററമാണെന്നു പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

x x x

### മിഷ്യനറിക്കാര്യത്തിൽ അന്വേഷണക്കമ്മിററിയുടെ പ്രശ്നാവലി

ഇന്ത്യയിൽ മിഷ്യനറിമാർക്കെതിരായി ഒരു ശബ്ദകോലാഹലം ഉയരുകയും അവരെ പാടെ ഭാരതത്തിൽനിന്നു തുരത്തിയില്ലെങ്കിൽ ഭാരതസ്വാതന്ത്ര്യം അവതാളത്തിലാകുമെന്നു മുറവിളി മുഴങ്ങുകയും ചെയ്തതു അടുത്ത കാലത്താണല്ലോ. മദ്ധ്യപ്രദേശ് അതിന്റെ അണിയറയുമായിരുന്നു. അതുകൊണ്ടു് മദ്ധ്യപ്രദേശ് ഗവമ്മേണ്ടു് ഒരു അന്വേഷണക്കമ്മററിയെ നിയമിച്ചു. കഴിഞ്ഞ ഡിസമ്പറിൽ കമ്മററി 99 ചോദ്യങ്ങളുള്ള ഒരു പ്രശ്നാവലി പുറപ്പെടുവിച്ചു. മദ്ധ്യപ്രദേശിൽപെട്ട റയ്ഗാർ ഡിസ്ട്രിക്ടിലെ "കാത്തലിക്ക് സഭ"യാണ് അവയ്ക്കു സമാധാനം നൽകുന്നതിനു നിയോഗിക്കപ്പെട്ടതു്. 1955 ജനുവരി 9-ാംതീയതി ജിന്നബഹാറിൽവ

ച്ചുകൂടിയ മീററിംഗിലെ തീരുമാനമനുസരിച്ചു അവരുടെ സമാധാനം നൽകിക്കഴിയുകയും ചെയ്തിട്ടുണ്ടു്. റിപ്പോർട്ടിൻെറ ആമുഖത്തിൽ, കമ്മററി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രശ്നാവലിയുടെ സ്വഭാവത്തെ പരാമർശിച്ചുള്ള വിവരണം പ്രത്യേകം ശ്രദ്ധാർഹമാണു്. പ്രശ്നങ്ങൾ പലതും എത്രമാത്രം അനാവശ്യവും, പ്രകോപനപരവും, ആക്ഷേപാർഹവുമാണെന്നു അതിൽനിന്നു വിശദമാകും.

"കമ്മററിയിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള പ്രശ്നാവലി സാധാരണ മനസ്സിലാക്കുന്ന അർത്ഥത്തിൽ ഒരു പ്രശ്നാവലിയാകുന്നില്ല, അതായതു്, നിഷ്പക്ഷമായ ഒരധികാരസ്ഥാനത്തുനിന്നു സത്യം ഗ്രഹിക്കണമെന്നുള്ള യഥാർത്ഥമായ ഉദ്ദേശ്യത്തിൽ രൂപവല്ക്കരിക്കപ്പെട്ട ഒന്നല്ല അതു്. പ്രശ്നാവലി ഒരാവർത്തി വായിച്ചുനോക്കുന്ന ആർക്കും മനസ്സിലാകും അതു അതിൽതന്നെ ഒരു ആരോപണവും, തെററുചെയ്തുവെന്നുള്ള മുൻവിധിയോടുകൂടി സജ്ജമാക്കപ്പെട്ട ഒരു കുററപത്രവുമാണെന്നു്. പ്രധാന ചോദ്യങ്ങളുടേയും, നിർദ്ദേശങ്ങളുടേയും, സൂചനകളുടേയും, ധാരണകളുടേയും ആ നീണ്ട പട്ടികകൊണ്ടുദ്ദേശിച്ചിട്ടുള്ളതായി കാണുന്നതു്, മിഷ്യനറിമാരെ ഒന്നടങ്കം കുററവാളികളാക്കത്തക്ക ആരോപണങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഒരു ബദ്ധപ്പാടാണു്. അന്വേഷണക്കമ്മററിപോലുള്ള ഒരു ഘടകം അതിൻെറ മുൻവിധികളെ സാധൂകരിക്കുന്നതിനു ഏതാദൃശകുത്സിതമാർഗ്ഗങ്ങളിലേക്കു വഴുതിപ്പോകുക എന്നുള്ളതു്, ഏതുദ്ദേശത്തോടുകൂടി അതു സ്ഥാപിതമായോ ആ ഉദ്ദേശത്തെത്തന്നെ വിഫലമാക്കുന്ന ഒരേർപ്പാടാണു്.

"ഏതു സാഹചര്യത്തിലും യാഥാർത്ഥ്യം കണ്ടുപിടിക്കുന്നതിനു ഒരു പ്രശ്നാവലി ഇറക്കുക എന്നുള്ളതു് ചോദ്യം ചെയ്യപ്പെടാവുന്ന ഒരു രീതിയാണു്. അന്വേഷണക്കമ്മററി ഒരു പ്രശ്നാവലി പുറപ്പെടുത്തണമെങ്കിൽതന്നെയും കമ്മററി അതിൻെറ തെളിവുശേഖരണം സമാരംഭിക്കുന്നതിനു മുമ്പായിരിക്കണം അതു ചെയ്യേണ്ടതു്. ഈ കമ്മററി പ്രസ്തുത ക്രമത്തെ കീഴ്മേൽ മറിച്ചിരിക്കുകയാണു്. പൊതുജനങ്ങൾ തന്നെ ആരോപണങ്ങൾ കൊണ്ടുവരണമെന്നു കമ്മററി ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതിൽ നിന്നു ഇതുവരെയുള്ള അവരുടെ അന്വേഷണങ്ങളിൽ ക്രിസ്ത്യാനികളായ ഞങ്ങൾക്കു വിനാശകരമായി ഒന്നും കണ്ടുപിടിക്കുവാൻ സാധിച്ചില്ല എന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടതു്. ക്രൈസ്തവവിരുദ്ധമായ കുപ്രചാരണം പ്രസിദ്ധീകരണങ്ങൾമൂലവും പൊതുപ്രസംഗങ്ങൾമൂലവും മൂർദ്ധന്യത്തെ പ്രാപിച്ചിരിക്കുകയും ഒരു വിഭാഗത്തിൻെറ വർഗ്ഗീയവികാരങ്ങൾ ആളിക്കത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ ഈ നടപടി തികച്ചും അപലപനീയമാണു്. പല ചോദ്യങ്ങളും അസ്ഥാനത്തുള്ളവയാണു്. മിക്ക ചോദ്യങ്ങളും ക്രൈസ്തവർക്കെതിരായ കടുത്ത മുൻവിധിയെ പ്രകടമാക്കുന്നവയാണു്. പലതും വിദ്വേഷജന്യങ്ങളുമാണു്."

നാടും വീടും വിട്ടു് നമ്മുടെ രാജ്യത്തുവന്നു നമ്മുടെ ഉന്നമനത്തിനും ശ്രേയസ്സിനുംവേണ്ടി ത്യാഗപൂർണ്ണമായ സേവനങ്ങൾ ചിരകാലമായി അനുഷ്ഠിച്ചുപോരുന്ന ഒരു സമൂഹത്തോടു് വർഗ്ഗീയതയുടെ തണലിൽ ചെയ്യപ്പെടുന്ന അനീതിപരമായ ഏതാദൃശപ്രവർത്തനങ്ങൾ ഭാരതത്തിൻെറ വിശ്വവിഖ്യാതമായ സൗഹൃദമനോഭാവത്തേയും സഹിഷ്ണുതാബോധത്തേയും നിഹനിക്കുന്നവയാണു് എന്നു പറയാതെ തരമില്ല. പ്രത്യക്ഷമായോ പരോക്ഷമായോ ഈ കുത്സിതമാർഗ്ഗങ്ങളെ താലോലിക്കുന്ന ഗവമ്മേണ്ടുകൾ രാജ്യത്തോടും പൗരതതിയോടും ദുസ്സഹമായ അനീതിയാണു് പ്രവർത്തിക്കുന്നതു്.

—o—

വാരാന്ത്യവീക്ഷണം

# യൂഗോസ്ലാവിയാമുതൽ ഫിൻലണ്ടുവരെ

(സി. ഐ. ജോൺ)

ലോകത്തിൻെറ അന്നന്നുള്ള ചലനങ്ങൾക്കൊത്തു് മുന്നോട്ടു പോയിക്കൊണ്ടുതന്നെ രാഷ്ട്രീയ അടവുകൾ ഉപയോഗിച്ചു സ്വന്തം കാര്യം നേടുവാൻ മററെല്ലാ രാജ്യങ്ങളെക്കാളും ഉപരിയായി സോ: റഷ്യക്കു കഴിയും എന്നതിനു് കഴിഞ്ഞ ആഴ്ചയിലെ സംഭവങ്ങൾ മതിയായ തെളിവുകളാണു്. യുദ്ധം ആഗ്രഹിക്കാത്ത ലോകജനതയെ സമാധാനത്തിൻെറ പേരിൽ ചൂഷണം ചെയ്യുന്നതോടൊപ്പം "നിഷ്പക്ഷ രാജ്യങ്ങളെ സൃഷ്ടിക്കൽ" എന്ന നയത്തിലൂടെ യുദ്ധപരിതസ്ഥിതികളെ ഉണ്ടാക്കുകയുമാണു് സോവിയററു റഷ്യ ചെയ്യുന്നതു്.

സ്വേച്ഛാധിപതിയായ സ്റ്റാലിനോടെതിർത്തയാളും ഒരു കടുത്ത കമ്മ്യൂണിസ്റ്റുമായ മാർഷൽ ടിറേറായെ കുതക്കിൽ വീഴിക്കുവാൻ ക്രൂഷേവും ബുൾഗാനിനുമടക്കം ബൽഗ്രേഡിലേക്കു് പോയിരിക്കുകയാണു്. ആദർശപരമായി യൂഗോസ്ലാവിയാ ഏതു നയം തന്നെ സ്വീകരിച്ചാലും ഒരു സ്വതന്ത്രരാജ്യത്തിൻെറ ഉയർച്ചയ്ക്കു് ജനാധിപത്യരാഷ്ട്രങ്ങൾ ചെയ്തുകൊടുക്കാറുള്ള തരത്തിൽ അമേരിക്ക വളരെ ഏറെ സഹായം യൂഗോസ്ലാവിയാക്കു് ചെയ്തുകൊടുത്തിട്ടുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ യൂഗോസ്ലാവിയായുടെ ഇന്നത്തെ നിലയ്ക്കും വിലയ്ക്കും കാരണം അമേരിക്കയാണു്. ആ പരമാർത്ഥം മാർഷൽ ടിറേറാ പോലും അതർഹിക്കുന്ന ഗൗരവത്തോടുകൂടി ഇന്നും സ്മരിച്ചുകൊണ്ടാണിരിക്കുന്നതു്. വടക്കെ അററ്ലാൻറിക്കു സഖ്യവുമായി ബന്ധപ്പെട്ടിട്ടുള്ള ബാൾക്കൻ സഖ്യത്തിൽ ഗ്രീസ് ടർക്കി മുതലായ രാജ്യങ്ങളുമായും യൂഗോസ്ലാവിയാ ഇന്നു കൂട്ടുകെട്ടിൽ നില്ക്കുകയാണു്. അങ്ങനെ പാശ്ചാത്യ പ്രതിരോധബന്ധത്തിൽ പററിനില്ക്കുന്ന യൂഗോസ്ലാവിയായെ ആ കൂട്ടുകെട്ടിൽ നിന്നു് വിടർത്തി ആസ്ട്രിയായെപ്പോലെ നിഷ്പക്ഷമാക്കി നിർത്തുകയെന്ന സോവിയററ് നയം പ്രായോഗികമാക്കിത്തീർക്കുന്നതിനുവേണ്ടിയാണു് റഷ്യ ഇന്നു പരിശ്രമിക്കുന്നതു്. ഇതോടൊപ്പം തന്നെ ഈ അടുത്തകാലത്തു് റഷ്യക്കു പററിയിട്ടുള്ള ചില അമളികളുടെ മേൽ സുന്ദരമായ ലേബലൊട്ടിച്ചു് ജനസമക്ഷം അവതരിപ്പിക്കുവാനുള്ള ഒരു ശ്രമവും നടന്നുവരുന്നുണ്ടു്. യാൾട്ടാ രഹസ്യം അമേരിക്ക വെളിപ്പെടുത്തിയപ്പോൾ സോവിയററു് യൂണിയൻെറ ആത്മാർത്ഥതയ്ക്കു് സാരമായ കോട്ടം സംഭവിക്കുകയുണ്ടായി. ജർമ്മനിയുടെ വിഭജനകാര്യത്തിൽ റഷ്യ സ്വീകരിച്ച നയം അതിൻെറ നഗ്നമായ രൂപത്തിൽ പ്രസ്തുത കരാറിൽ പ്രതിഫലിക്കുന്നുണ്ടു്. ജർമ്മനിയെ വിഭജിക്കണമെന്നും, ഫ്റാൻസിൻെറ ശക്തി ക്ഷയിപ്പിക്കണമെന്നുംമററുമുള്ള നയം സോവിയററ് ഭാഗത്തു് ഉണ്ടായിരുന്നു എന്നാണു് യാൾട്ടാ രഹസ്യംവഴിമനസ്സിലാക്കാൻ കഴിയുന്നതു്. എന്നാൽയാൾട്ടാരേഖകൾവെളിച്ചത്തുവന്നപ്പോഴൊന്നും റഷ്യ അതിൽ പറയുന്ന കാര്യങ്ങളെ എതിർത്തിരുന്നില്ല. ഏതാനും ദിവസങ്ങൾക്കുമുൻപു തുടങ്ങി യാൾട്ടാക്കരാറിൻെറ ഉള്ളിലേക്കു കടന്നു് സത്യത്തെയും, ചരിത്രത്തെയും വളച്ചൊടിക്കുന്ന ചില പ്രസ്താവനകൾ മൂലം സോവിയററു റഷ്യയുടെ ആത്മാർത്ഥതയെ വീണ്ടും ഉറപ്പിക്കുന്നതിനുള്ള ഒരു വൃഥാശ്രമം നടത്തുന്നുണ്ടു്. ജർമ്മൻ വിഭജനകാര്യത്തിൽ അമേരിക്ക അനുകൂലമായിരുന്നെന്നും, ഫ്റാൻസിൻെറ സൈനികശക്തി കുറയ്ക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നു എന്നും ആ ഉദ്ദേശം യാൾട്ടാക്കരാറിൽ ഉടനീളം കാണാമെന്നും വരത്തക്കതരത്തിലുള്ള ഒരു ലേഖനം "ഇൻറർനാഷനൽ ലൈഫിൽ" പ്രസിദ്ധപ്പെടുത്തിയതു് മോസ്കോറേഡിയോ ഉദ്ധരിക്കുകയുണ്ടായി. ഇതിൻെറ എല്ലാം ഉദ്ദേശം സമാധാനത്തിനു വേണ്ടിയാണു് റഷ്യ എക്കാലവും നിലകൊണ്ടിട്ടുള്ളതെന്നു് ലോകത്തെ ബോദ്ധ്യപ്പെടുത്തുന്നതിനു വേണ്ടിയാണു്. ഇങ്ങനെ ലോകത്തിൽ സോവിയററു് യൂണിയനു ഒരു സമാധാനരാഷ്ട്രം എന്ന പേരു സമ്പാദിക്കണമെന്നു് വളരെ ഏറെ ആഗ്രഹമുണ്ടു്. എന്നാൽ ഒരു യുദ്ധത്തിനുവേണ്ടിയുള്ള ശാസ്ത്രീയമായ കരുനീക്കങ്ങളായി മാത്രമേ ഇവയെ ദൈനംദിന ലോകസംഭവഗതികൾ പഠിക്കുന്നവർക്കു മനസ്സിലാക്കുവാൻ സാധിക്കൂ. ഏററവും ചെറിയ രാജ്യങ്ങളിലെപ്പോലും ഭാവിപരിപാടികൾ ആ രാജ്യത്തെ ജനങ്ങൾ രൂപീകരിക്കണമെന്നുള്ള ജനാധിപത്യതത്വത്തിനു വിരുദ്ധമായി ചില രാഷ്ട്രങ്ങൾ നിഷ്പക്ഷമായേ നില്ക്കാവൂ, ചിലതിനു ആയുധസജ്ജീകരണങ്ങൾ പാടില്ല എന്നും മററും "ആജ്ഞാപിക്കുവാൻ" ഈ നൂററാണ്ടിലും സോവിയററു റഷ്യക്കു് സങ്കോചമില്ലാത്തതു് അതിശയകരം തന്നെയാണു്. ആസ്ട്രിയൻ നേതാക്കളെ മോസ്കോയിലേക്കു വിളിച്ചുവരുത്തി "ശീതസമരത്തിൽ" നിഷ്പക്ഷത പാലിക്കാമെങ്കിൽ നിങ്ങൾക്കു് കുറെ സ്വാതന്ത്ര്യം തരാമെന്നും, പശ്ചിമജർമ്മനിയെ പുനരായുധീകരിക്കുവാൻ പാടില്ലെന്നും എല്ലാം സോവിയററു ഭാഗത്തുനിന്നു പറയുമ്പോൾ അതിലുള്ള താത്വികമായ പാപ്പരത്വത്തെ ജനാധിപത്യരാജ്യങ്ങൾ ചോദ്യം ചെയ്യുന്നുണ്ടെങ്കിൽ പരിഭവിച്ചിട്ടു ഫലമില്ല. കിഴക്കേ ജർമ്മനിയിൽ റഷ്യൻ പോലീസും, പട്ടാളവുമെല്ലാം താവളമടിച്ചിരിക്കുന്നതു് കിഴക്കേ ജർമ്മൻ നിവാസികൾക്കു തന്നെ അസഹ്യമായിത്തീർന്നിട്ടുപോലും അതേപ്പററി ഒരക്ഷരം മിണ്ടാതെ പടിഞ്ഞാറെ ജർമ്മനിയുടെ കാര്യത്തെപ്പററി ഘനഭാവത്തിൽ അഭിപ്രായം പറയുന്നതു കേട്ടാൽ പൊട്ടിച്ചിരിച്ചുപോകും. പശ്ചിമജർമ്മനിയിൽ നിലവിലുള്ള ഗവർമ്മേണ്ടു വിരുദ്ധ കക്ഷികൾ പോലും ജർമ്മൻനിരായുധീകരണത്തെ അങ്ങേ അററം എതിർക്കുന്നവരാണു്. ജർമ്മനിയുടെ ഭാവിയെ സ്പർശിക്കുന്നതും ജർമ്മൻജനതയ്ക്കു് ഒന്നടങ്കം എതിർപ്പുള്ളതുമായ നിരായുധീകരണം ജർമ്മനിയിൽ നടപ്പിലാക്കണമെന്നു് റഷ്യക്കാണു് നിർബ്ബന്ധം. അതിനു കാരണമുണ്ടു്. ഇന്നത്തെ സോവിയററു് നയം യൂറോപ്പിനെ മുഴുവൻ റഷ്യൻ അധീനത്തിൽ കൊണ്ടുവരുവാനുള്ളഒന്നായി തീർന്നിരിക്കുകയാണു്. അതിനിടയ്ക്കു് സായുധശക്തമായ പശ്ചിമജർമ്മനി റഷ്യൻ നേതാക്കൾക്കു് തലവേദനയുണ്ടാക്കുന്ന ഒന്നായി തീർന്നിരിക്കുകയാണു്. ആസ്ട്രിയായെപ്പോലെ, ഒരു നിഷ്പക്ഷ യൂഗോസ്ലാവിയായും അതുപോലെയുള്ള ജർമ്മനിയും ആണു് സോവിയററു യൂണിയൻ ഇന്നാഗ്രഹിക്കുന്നതു്. അതു് സാധിച്ചാൽ തെക്കു് യൂഗോസ്ലാവിയാമുതൽ ആസ്ട്രിയാ,ജർമ്മനി,എന്നീ നിഷ്പക്ഷരാജ്യങ്ങളിലൂടെ വടക്കു്ഫിൻലാണ്ടുവരെരാജ്യങ്ങളുടെ ഒരു കോട്ടപണുതുയർത്തുവാൻകഴിയും. ആസ്ട്രിയായിൽനിന്നു പിൻവലിക്കുന്ന സേനകളെ ഇററലിയുടെ വടക്കുഭാഗത്തെങ്ങാൻ പ്രവേശിപ്പിച്ചാൽ ഭയങ്കരമായ ഭവിഷ്യത്തുകളുണ്ടാകുമെന്നു് റഷ്യൻകമ്മ്യൂണിസ്റ്റ്പാർട്ടിയുടെ മുഖപത്രമായ പ്രവദ ഈയിടെ മുഖപ്രസംഗത്തിലൂടെ വ്യക്തമാക്കിയ വസ്തുതയും ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണു്.

—o—

## ജപാപ്പസ്തോലസഖ്യത്തിൻെറ ജൂൺമാസത്തെ

### പൊതുനിയോഗം

"ഡോക്ടർമാരും നഴ്സ്മാരും ദൈവതിരുമുമ്പാകെ അവർക്കുള്ള ഗൗരവാവഹമായ ഉത്തരവാദിത്വത്തെപ്പററി ബോധമുള്ളവരായി തീരുന്നതിനു്."

### വേദപ്രചാരനിയോഗം

"ചൈനയിലെ യുവജനങ്ങൾക്കുവേണ്ടി."

## അടുത്തയാഴ്ചയിൽ

ജൂൺ

2 വ്യാ: വി. എവുജേനിയൂസ്

3 വെ: വി. ജെനേസിയൂസ്

4 ശ: വി. ഒപ്താത്തൂസ്

5 ഞാ: പന്തക്കുസ്ത 1-ാം ഞായർ പ. ത്രിത്വം

6 തി: വി. നോർബത്തോസ്

7 ചൊ: വി. പീലിപ്പോസും യാക്കോബും

8 ബു: വി. അത്തനാസിസ്

## വിവാഹമംഗളം

കല്ലറമ്പു് പള്ളി എടവക പാലമററത്തു് തെങ്ങിൽ ദേവസ്സിയുടെ പുത്രൻ ശ്രീമാൻ കൊച്ചു് റപ്പായിയും കല്ലേററുങ്കര ഉഴക്കൻ കളത്തിങ്ങാ അന്തോണിയുടെ പുത്രി ശ്രീമതി മറിയാമ്മയും തമ്മിൽ വിവാഹം മേയ്മാസം 23-ാംനു കല്ലേററുങ്കര പള്ളിയിൽവച്ചു് സമംഗളം നടന്നിരിക്കുന്നു. റവ. ഫാ. ജേക്കബ്ബു് മഞ്ഞളി വിവാഹകർമ്മം ആശീർവ്വദിച്ചു. നവദമ്പതിമാർക്കു് സൗഭാഗ്യപൂർണ്ണമായ വൈവാഹികജീവിതത്തെ ഹൃദയപൂർവ്വം ആശംസിക്കുന്നു.

എന്നു് ഒരു ഗുണകാംക്ഷി: കൊളമ്പു്.

## കൃതജ്ഞത

അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥയായ വി. റീത്തായുടെ സഹായത്താൽ ലഭിച്ച പ്രത്യേകാനുഗ്രഹങ്ങൾക്കു് ഉള്ളഴിഞ്ഞ കൃതജ്ഞത.

പനയ്ക്കൽ സി. അബ്രാഹം, കാഞ്ഞിരപ്പള്ളി

For favours received

Excuse me for the delay



Inserted by EMILY S. THARAYIL MALAYATTUR T. C. State.

# വിശുദ്ധപത്താം പീയൂസിൻെറ

അതിമനോഹരമായ ത്രിവർണ്ണചിത്രം

സൈസ് 13½ ഇഞ്ചു × 9 ഇഞ്ചു്

—നല്ല ആർട്ടുപേപ്പർ—

ഒന്നിനു് 4 അണ.

10-ൽ കൂടുതൽ ¼ കമ്മീഷൻ.

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സു്, എറണാകുളം-1



(10-ാംപേജ് തുടർച്ച)

നായി നില്ക്കുന്നതുപോലെതന്നെ തങ്ങളുടെ സംരക്ഷണയിലുള്ളവരേയും കോൺഫറൻസിനോടു ഏതെങ്കിലുംവിധത്തിൽ ബന്ധം പുലത്തുന്നവരേയുംസ്നേഹശൃംഖലയിൽ പെട്ടവരായി കരുതണം. അധികം പാവങ്ങളെ നാം അധികം സ്നേഹിക്കണം. അങ്ങനെ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യവും സഖ്യാംഗങ്ങളും ക്രിസ്തുവിന്റെ യഥാർത്ഥ സ്നേഹദൂതന്മാരായിത്തീരുന്നു.

ക്രിസ്തുനാഥന്റെ സ്നേഹദൗത്യം വഹിക്കുന്ന ഈ സംഘടനയിൽ മററു സംഘടനകളെപ്പോലെ കൊല്ലംതോറും തെരഞ്ഞെടുപ്പോ അല്ലെങ്കിൽ മററു സംഘടനകൾ അനുശാസിക്കുന്നമാതിരിയുള്ള വോട്ടെണ്ണി തിട്ടപ്പെടുത്തുന്ന രീതിയോ ഇല്ല. മററുള്ള സംഘടനകൾക്കെന്നപോലെ പ്രസിഡൻറ്, സെക്രട്ടറി, ഖജാൻജി എന്നീ അംഗങ്ങളുണ്ട്. ഇതിൽ പ്രസിഡൻറിനെ മാത്രമേ കോൺഫറൻസു് രൂപവല്ക്കരിക്കുമ്പോൾ അംഗങ്ങൾ രഹസ്യവോട്ടുമൂലം തിരഞ്ഞെടുക്കുകയുള്ളൂ. പ്രസിഡൻറാണു് കാര്യദർശി, ഖജാൻജി മുതലായവരെ നിശ്ചയിക്കുന്നതു്. ഈ തെരഞ്ഞെടുപ്പു പ്രസിഡൻറു് സ്വയം ചെയ്യുന്നെങ്കിലും ആരെല്ലാമാണു ഓരോ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെടേണ്ടതെന്നു മററംഗങ്ങളോടു പ്രസിഡൻറു് രഹസ്യമായി ചർച്ച ചെയ്തശേഷം നിശ്ചയിക്കേണ്ടതാണു്. പ്രസിഡൻറിനു ഏകാധിപതിയെപ്പോലെ പ്രവത്തിക്കാമെങ്കിലും അംഗങ്ങളുടെ ഭൂരിപക്ഷം രഹസ്യമായി അറിയേണ്ടതാവശ്യമാണു്. ഭൂരിപക്ഷം അനുകൂലിക്കുന്നില്ലെന്നു കാണുമ്പോൾ പ്രസിഡൻറു് സ്വേച്ഛാധിപത്യം പ്രയോഗിക്കുന്നതു് ആരോഗ്യകരമായിരിക്കുകയില്ല. അതിനാൽ ജീവചൈതന്യവും സ്നേഹസിരകളും ഒത്തു പ്രവത്തിക്കുന്ന ഒരു ശിരസ്സുതന്നെയാണു് ഒരു കോൺഫറൻസിന്റെ അദ്ധ്യക്ഷനെന്നു നാം മനസ്സിലാക്കണം. നിയമങ്ങൾ അനുശാസിക്കുംവിധം വിവേകവും സ്നേഹവും സ്വാർത്ഥപരിത്യാഗവും ഇല്ലാത്ത ഒരാൾ ഒരു കോൺഫറൻസിന്റെ അദ്ധ്യക്ഷനായിത്തീന്നാൽ ആ കോൺഫറൻസു് ഒരിക്കലും ജീവിക്കാൻ പോകുന്നില്ല. മററു സംഘടനകളിൽ പ്രസിഡൻറും സെക്രട്ടറിയും ഖജാൻജിയും മററു കമ്മററിക്കാരും ഒരുമിച്ചും തക്കിച്ചും മത്സരിച്ചും പ്രവത്തിക്കേണ്ടിവരുന്ന പല സാഹചര്യങ്ങൾ ഉണ്ടാകാറുണ്ടു്. ഉണ്ടാക്കാറുമുണ്ടു്. എന്നാൽ സെൻറു് വിൻസെൻറു് ഡി പോൾ സഖ്യത്തിൽ ഒരുമിച്ചല്ലാതെ മത്സരിച്ചൊരു കാര്യവും സംഭവിക്കാറില്ല. ഏതു തക്കവും മത്സരവും അഥവാ ഏതു യോജിപ്പും പ്രസിഡൻറിന്റെ തീരുമാനത്തിനു വിധേയമായി അങ്ങനെ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും അനുസരണത്തിന്റേയും കൊടിക്കീഴിൽ നന്നായി പ്രവത്തിച്ചു പുരോഗമിച്ചുകൊണ്ടിരിക്കും. ഇതാണു് മററു സംഘടനകളെ അപേക്ഷിച്ചു് സെൻറു് വിൻസെൻറു് ഡി പോൾ സഖ്യത്തിനുള്ള പ്രത്യേകത.

## വിവാഹവാത്ത

**വെള്ളൂർ:** ബറോഡായിൽ മിലിട്ടറി ഹോസ്പിററലിൽ ജോലിയിലിരിക്കുന്ന മലയപ്പിള്ളിൽ ശ്രീ കെ. വി. ജേക്കബും കുറവിലങ്ങാട്ടു വടക്കേമണവത്തു് ശ്രീ മാത്യുവിന്റെ പുത്രി ശ്രീമതി മറിയാമ്മയും തമ്മിലുള്ള വിവാഹം മേയ് 23-ാംനു മേവെള്ളൂർ പള്ളിയിൽവച്ചു നടന്നിരിക്കുന്നു.

# ചൈനയിൽ നടന്ന ആ ഭീകരസംഭവം

## ഒരു ദൃക്സാക്ഷിയുടെ വിവരണം

(ഫാദർ തോമസ് മണക്കാട്ടു്)

ഈ കഴിഞ്ഞ മാർച്ചുമാസത്തിൽ ഒരു ദിവസം ഞാൻ ചൈനായിലെ കാൻറൺ പട്ടണത്തിലുള്ള എററ്സൽ മെമ്മോറിയൽ ഹോളിൽ നില്ക്കയായിരുന്നു. അപ്പോൾ കാണാം, ഒരു വമ്പിച്ച ജനസമൂഹം പട്ടണവീഥിയിൽ കൂടി മെയിൻ ഹോളിലേക്കു് നീങ്ങുന്നതു്. ചൈനായിലെ കമ്മ്യൂണിസ്റ്റു കോടതി ജയിൽശിക്ഷയ്ക്കു വിധിച്ച അഞ്ചു കുററവാളികളെ പട്ടണമദ്ധ്യത്തിലേക്കു് ആനയിക്കുന്ന കാഴ്ചയായിരുന്നു അതു്. അവർ അഞ്ചുപേരും അവിടെ മിഷ്യൻ ജോലിയിൽ ഏപ്പെട്ടിരുന്ന കനേഡിയൻ കന്യാസ്ത്രീകളായിരുന്നു. കറുത്ത ജയിൽവസ്ത്രമുടുപ്പിച്ചു്, ശിരോവസ്ത്രരഹിതരായി, ഇരുമ്പുചങ്ങലകളാൽ അരകൾ അന്യോന്യം ബന്ധിതരായി ആ ജനൗഘത്തിന്റെ മദ്ധ്യത്തിൽക്കൂടിയുള്ള അരുടെ യാത്രാരംഗം വാസ്തവത്തിൽ ഹൃദയഭേദകമായിരുന്നു. ആ പ്രദക്ഷിണം പട്ടണമദ്ധ്യത്തിൽഎത്തിയപ്പോൾനഗരത്തിന്റെ നാനാഭാഗത്തുനിന്നും ഒരു മഹാജനസമുദ്രം അവിടെ തടിച്ചുകൂടി. അനന്തരം ആ കുററവാളികളായ കന്യകകളെ എല്ലാവക്കും കാണത്തക്കവിധത്തിൽ പൊക്കമുള്ള ഒരു മേശപ്പുറത്തു കയററി നിറുത്തി. എന്തായിരിക്കാം ഈദൃശം ഭീകരമായ ഒരു ശിക്ഷയ്ക്കു കാരണമാക്കിയ അവരുടെ കുററം? അതല്ലെ അറിയേണ്ടതു്! മനുഷ്യന്റെ മൗലികസ്വാതന്ത്ര്യത്തിൽ ഉൾപ്പെടുന്ന മതപ്രചാരണം. അതു മാത്രമായിരുന്നു ആ സാധുകന്യകകൾ ചെയ്ത ഭയങ്കരകുററം. പക്ഷെ ആ കാരണം ദുർബലമായിരുന്നതിനാൽ അതവർ പ്രഖ്യാപിച്ചില്ല. അതു മറച്ചുവച്ചുകൊണ്ടു് ആ കന്യകകൾ ആയിരക്കണക്കിനു് അനാഥക്കുഞ്ഞുങ്ങളെ അരിഞ്ഞുകൊന്നുവെന്നുള്ള പ്രക്ഷോഭകരവും പൈശാചികവുമായ കുററമാണു് അവരുടെമേൽ ചുമത്തപ്പെട്ടതു്. അങ്ങനെ ആ നിർമ്മലകന്യകകളെ ജനതാമദ്ധ്യത്തിൽ കൊടിയ കൊലപാതകികളാക്കി അവർ താറടിച്ചുകാണിച്ചു. മാത്രമോ, ആ കുററത്തിന്റെ ഉപരിബോദ്ധ്യം ജനാവലിയിൽ ഉളവാക്കുന്നതിനുവേണ്ടി അവരുടെ മുമ്പിൽവച്ചു് വിധികത്താവായ കമ്മ്യൂണിസ്റ്റ് ഉദ്യോഗസ്ഥൻ അസ്ഥിപഞ്ജരങ്ങൾകൊണ്ടു നിറഞ്ഞ അഞ്ചു കൊട്ടകളെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറയുകയാണു്, അതാ നോക്കുവിൻ! പിഞ്ചുകുഞ്ഞുങ്ങളുടെ അസ്ഥികൂടങ്ങൾ നിറഞ്ഞ ആ അഞ്ചു കൊട്ടകൾ! ആയിരക്കണക്കിനു് അവർ വധിച്ച കുരുന്നുകുഞ്ഞുങ്ങളുടെ അസ്ഥികൂനകളാണവ! ഇതാണു് കുഞ്ഞാടിന്റെ വേഷംധരിച്ച ഈ ചെന്നായ്ക്കൾ ചൈനയിൽ നിവ്വഹിച്ച പ്രേഷിതവൃത്തി—പരോപകാരകൃത്യം! അതു ശ്രവിച്ച ജനതതിയുടെ കോപം കരകവിഞ്ഞൊഴുകുക തന്നെ ചെയ്തു. പട്ടാളനിയന്ത്രണമില്ലായിരുന്നെങ്കിൽ ആ സാധുകന്യകകളെ അപ്പോൾതന്നെ ജനതതി ചീന്തിക്കീറുമായിരുന്നു. എങ്കിലും അവർ പ്രക്ഷുബ്ധരായി അട്ടഹസിച്ചു ആ കൊടിയ കൊലപാതകികളെ ഉടൻ വെട്ടി വധിക്കണമെന്നു്; അവരേയും അനാഥശാലാങ്കണത്തിൽതന്നെ ജീവനോടെ കുഴിച്ചുമൂടണമെന്നു്. അതേത്തുടന്നു് കമ്മ്യൂണിസ്റ്റു മേധാവി, പ്രസ്തുത കുററവാളികൾക്കു നൽകപ്പെട്ട അവസാനശിക്ഷാവിധിയും പ്രഖ്യാപനംചെയ്തു. അഞ്ചുപേരിൽ രണ്ടുപേക്കു് അഞ്ചുകൊല്ലത്തെ കഠിനതടവും ശേഷിച്ച മൂന്നുപേക്കു് ആജീവനാന്തം നാടുകടത്തലുമായിരുന്നു ശിക്ഷ. അനന്തരം ആ കന്യകകളെ ആ പരിഹാസവേഷത്തിൽ ആനയിച്ചു് ഒരു പട്ടണപ്രദക്ഷിണം കൂടി നടത്തി. തദവസരത്തിൽ പട്ടാളനിയന്ത്രണത്തെപ്പോലും അവഗണിച്ചുകൊണ്ടു് കോപാവിഷ്ടരായ ജനതതി അവരെ ഇടതടവില്ലാതെ ദണ്ഡനങ്ങൾ ഏല്പിച്ചിരുന്നു. ചിലർ അവരെ മുഷ്ടിചുരുട്ടി ഇടിക്കയും മററു ചിലർ അവരുടെ മുഖത്തും ദേഹത്തിലും കാക്കിച്ചുതുപ്പുകയും ചെയ്തു. അകലെനിന്നവർ അനുനിമിഷമെന്നപോലെ അവരുടെനേക്കു കല്ലും ചെളിയും വാരി എറിഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ ശരീരമാസകലം മുറിവും ചതവുമേററു് നിണപ്രവാഹത്തിൽ മുങ്ങിയ അവരെ നിർദ്ദയം അവർ വണ്ടിയിൽ തള്ളിക്കയററി ജയിലിലേക്കു കൊണ്ടുപോയി. മർമ്മഭേദകമായ ആ രംഗം ദർശിച്ച എന്റെ കണ്ണുകൾ അപ്പോൾ കണ്ണീരിൽ നനഞ്ഞുപോയി. രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു് പീലാത്തോസിന്റെ അരമനാങ്കണത്തിൽവച്ചു് ശത്രുതാഡനങ്ങളേററു് ക്ഷതശരീരനായിത്തീന്ന യേശുനാഥനെ അനുകരിച്ച അവരുടെ മനോധീരതയെ ഞാൻ ആത്മാത്ഥം അഭിനന്ദിച്ചു. എന്നെ അവർ കണ്ടില്ലെങ്കിലും, ഒരു വൈദികനെന്ന നിലയിൽ എന്റെ അവസാനാശീർവ്വാദവും അവർക്കു ഞാൻ നൽകി. ഞാൻ ഈ ലേഖനം എഴുതുന്ന അവസരത്തിലും കമ്മ്യൂണിസ്റ്റ് ജയിലിൽക്കിടന്നു്, കഷ്ടതകളുടേയും കദനഭാരത്തിന്റേയും ആ കൽത്തുറുങ്കിൽക്കിടന്നു് നരകവേദനയനുഭവിക്കുകയാണവർ. കരുണാനിധിയായ യേശുനാഥാ! അവരെ സമാശ്വസിപ്പിച്ചാലും. ഹാ! ഹൃദയത്തിൽ വിഷംനിറച്ചു്, അധരങ്ങളിൽ പുഞ്ചിരിപരത്തുന്ന കമ്മ്യൂണിസമേ! നിറുത്തു; നിറുത്തു; നിന്റെ കാപട്യം, നിന്റെ ആത്മവഞ്ചന!

**HOLY CROSS FATHERS**

ചിററഗോങ്ങ് മിഷനു വേണ്ടി ഈ സഭയിൽ ചേരുവാൻ ആഗ്രഹിക്കുന്ന വിദ്യാത്ഥികൾ ഉടൻ അപേക്ഷിക്കുക.

V. Rev. Fr. McClure C. S. C.,
C/o Rector, St. Joseph's Mission Home,
PALAI P. O.




## ഇടവകവാത്തകൾ

**ആലങ്ങാട്:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ 12-ാമതു വാർഷികം മേയ് 22-ാംനു ഞായാറാഴ്ച കൊണ്ടാടിയിരിക്കുന്നു. 21-ാംനു ശനിയാഴ്ച വൈകുന്നേരം പതാക ഉയത്തൽ, ലദീഞ്ഞു്, ജപമാല, പ്രദക്ഷിണം ഇവ നടത്തി. ഞായാറാഴ്ച കാലത്തു് ആഘോഷമായ പാട്ടു കുർബാന, പൊതുദിവ്യകാരുണ്യസ്വീകരണം മുതലായവയും ഉച്ചതിരിഞ്ഞു് പരി. കുർബാനയുടെ വാഴ്വിനുശേഷം പൊതുയോഗവും നടന്നു. വെരി റവ. ഫാ. തിയോഫിൻ C. D. അവർകൾ ആദ്ധ്യക്ഷം വഹിച്ചു. ശ്രീ യു. പി. വറുഗീസ് B. A. B. L. അവർകൾ പ്രസംഗിച്ചു. പെൺകുട്ടികളുടെ ഗാനവും ഡാൻസും ഉണ്ടായിരുന്നു. യോഗാനന്തരം "ഭിക്ഷു" എന്ന ഗദ്യനാടകം സഖ്യാംഗങ്ങൾ അഭിനയിച്ചു.

**എടത്വാ:** സ്ഥലം മലങ്കര സിറിയൻ കാത്തലിക്ക് ചാപ്പലിൽ നിന്നും സ്ഥലം മാറിപ്പോകുന്ന റവ. ഫാ. ഏബ്രഹാം പള്ളിപ്പുറത്തുശ്ശേരി അവർകൾക്കു് ഈ ഇടവകാംഗങ്ങളുടേയും സ്ഥലം കത്തോലിക്കാ വലിയപള്ളി ഇടവകാംഗങ്ങളുടേയും സ്ഥലത്തെ ഇതര സമുദായ പ്രമുഖരുടേയും വകയായി ഒരു യാത്രഅയപ്പു22-ാം തീയതി ഞായറാഴ്ച നൽകിയിരിക്കുന്നു. തദവസരത്തിൽ പി. ജെ. ഫ്റാൻസീസ് B. A., തോമ്മസ് വി. ചിറയിൽ B. A., എം. ഡി. ദേവസ്യ മുതലായവർ പ്രസംഗിച്ചു.

റവ. ഫാ. അലക്സാണ്ടർ, തേവർവേലി പകരം ചാർജ്ജ് എടുത്തിരിക്കുന്നു.

**കുററിക്കാട്:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ദ്വിതീയ വാർഷികപൊതുയോഗം പള്ളി അങ്കണത്തിൽവച്ചു് റവ.ഫാ.തോമസ് വാഴപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽക്കൂടി. റവ. ഫാദർ റഹമാർജിൽ ടി. ഒ. സി. ഡി., ശ്രീ ഏ. സി. റപ്പായി എന്നിവർ പ്രസംഗിച്ചു. യോഗത്തിന്നിടയ്ക്കു കുട്ടികളുടെ വിവിധവിനോദപ്രകടനങ്ങളും യോഗാനന്തരം "ധർമ്മവീരൻ" എന്ന പ്രഹസനാഭിനയവുമുണ്ടായിരുന്നു.

**അറക്കുളം പഴയ:** മിഷൻലീഗ് അറക്കുളം പ്രാ: കൗൺസിൽ, സൊഡാലിററി, സൺഡേ സ്കൂൾ എന്നിവയുടെ വാർഷികം മേയ് 21, 22 തീയതികളിൽ നന്നു. റവ. ഫാദർ ജോസഫ് തുങ്കുഴി പതാക ഉയത്തി. 22-ാം തീയതി മിഡിൽ സ്കൂളിൽവച്ചു് വെ. റവ. മോൺ. ജോൺ കച്ചിറമററം B. A. B. T. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ പ്രൊഫസർ സി. ഇസഡ്. സഖറിയാസ് M. A. പ്രസംഗിച്ചു.

**ബസ്ലഹം:** ഈ ഇടവകയിൽ സി. വൈ. എം. ഏ സമാരംഭിക്കുകയും അതിന്റെ ഉൽഘാടനം ഏപ്രിൽ 7-ാംനു വികാരി റവ. ഫാദർ വർഗ്ഗീസ് നമ്പ്യാപറമ്പിൽ നിർവ്വഹിക്കുകയുംചെയ്തു. സംഘംഭാരവാഹികളേയും പ്രസ്തുത യോഗത്തിൽവച്ചു തിരഞ്ഞെടുത്തു. അമേരിക്കൻകത്തോലിക്കരുടെ സംഭാവനയായി ഈ പള്ളിയിൽ കിട്ടിയിട്ടുള്ള പാൽപ്പൊടി സി. വൈ. എം. ഏ. യുടെ ആഭിമുഖ്യത്തിൽ നാനാജാതിമതസ്ഥക്കും കാർഡുപ്രകാരം വിതരണം നടന്നുകൊണ്ടിരിക്കുന്നു.

**പൊൻകുന്നം:** സ്ഥലം അമലോത്ഭവമാതൃ കപ്പേളയിൽ നടന്നുവരുന്ന മെയ്മാസവണക്കം സംബന്ധിച്ചു മേയ് 21 മുതൽ വാഗ്മികളായ വൈദികരുടെ പ്രസംഗങ്ങൾ ദിവസവും നടന്നുവരുന്നു. 21-ാംനു റവ. ഫാ. ഐരേറുപടവിലും 22-ാംനു വെരി റവ. ഡോക്ടർ എൽ. ജെ. ചിററൂരും, കെ. സി. ചാക്കോ എം. എ. എം. എസും പ്രസംഗിച്ചു.

**ഇടക്കൊച്ചി:** സ്ഥലത്തെ മേയ്മാസാഘോഷങ്ങൾ ഇടവകപ്പള്ളിയിൽ സമംഗളം കൊണ്ടാടപ്പെട്ടു. റവ. ഫാദർ മാത്യു കോതകത്തിന്റെ പ്രസംഗത്തിനുശേഷം ശ്രീ ജോസഫ് കൈമാപ്പറമ്പന്റെ ഭക്തിസംവർദ്ധകമായ കഥാപ്രസംഗവുമുണ്ടായിരുന്നു.

**വെച്ചൂർ:** സ്ഥലത്തെ സെൻറു വിൻസെൻറു ഡി പോൾ കോൺഫറൻസിന്റേയും മരിയസഖ്യത്തിന്റേയും വാർഷികം റവ. ഫാദർ പി. കെ. മാത്യു അവർകളുടെ അദ്ധ്യക്ഷതയിൽ മേയ് 22-ാംനു നടത്തുകയുണ്ടായി. മാസ്റ്റർ പി. സി. ചെറിയാൻ, മി. പി. സി. ചാക്കോ ബി.എ., റവ. ഫാ. ജോസഫ് പാനാപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം മാസ്റ്റർ ജോളി ഓസ്റ്റിൻ ഒരു കഥാപ്രസംഗം നടത്തി.

**മേലൂർ:** ഇവിടത്തെ കർമ്മലീത്താമഠത്തോടനുബന്ധിച്ചു പണിചെയ്ത കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം മേയ് 20-ാംനു റവ. ഫാദർ പോൾ ഏ. ജോർജ്ജ് അവർകൾ നിർവ്വഹിച്ചിരിക്കുന്നു. പിറേറദിവസം രാവിലെ അവിടെ വച്ചുതന്നെ ഇടവകയിലെ കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണം നടന്നു. അതിനുശേഷം വി. കൊച്ചുത്രേസ്യായുടെ തിരുനാൾ സാഘോഷം കൊണ്ടാടി.

ചെറുപുഷ്പമിഷൻലീഗിന്റേയും മരിയാസഖ്യത്തിന്റേയും സജീവപ്രവത്തകയായിരുന്ന ചിറമ്മൽ ജോർജ്ജ് തങ്കം (മേരി) മെയ് 9-ാംതീയതി ഉത്തരേന്ത്യയിലെ സാഗർ മിഷനിൽ ചേന്നിരിക്കുന്നു.

## ചരമവാത്ത

**കാക്കൂർ:** പത്തു കൊല്ലക്കാലം രോഗബാധിതനായികിടന്നിരുന്ന പെരുമററത്തിൽബ്ര. ജോൺ ശമ്മാശൻ ബി. എ. മേയ്മാസം 19-ാംനു കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം പല വൈദികരുടെയും സഹകരണത്തോടുകൂടി അദ്ദേഹത്തിന്റെ പിതൃസഹോദരനായ പെരുമററത്തിൽ ബ. പൗലോസ് അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ കാക്കൂർ സെ: ജോസഫ്സ് പള്ളിയിൽ നിർവ്വഹിക്കപ്പെട്ടു.

R. I. P.

# അഭ്യസ്തവിദ്യർ മുന്നോട്ടു വരണം

[കെ. ഇ. ജോബ് എം. എ. എൽ. ടി.]

കേരളീയ കത്തോലിക്കരിലാണ് ഭാരതീയകത്തോലിക്കരുടെ ഭാവി സ്ഥിതിചെയ്യുന്നതെന്നും, ഭാരതീയ കത്തോലിക്കർ കത്തോലിക്ക കേരളത്തെ പ്രതീക്ഷാപൂർവ്വം സംവീക്ഷിച്ചുകൊണ്ടിരിക്കയാണെന്നും വെളിക്കുനിന്നു വരുന്ന അഹ്വാനങ്ങളും പ്രശംസകളും കേൾക്കുന്ന അവസരത്തിൽ, അസ്മാദൃശരായ വയോവൃദ്ധന്മാർക്കുണ്ടാകുന്ന മനോവികാരം. ലജ്ജയോ, സങ്കടമോ ഗ്ലാനതയോ എന്നു തീർത്തു പറയുവാൻ സാധിക്കുകയില്ല. കേരളീയ കത്തോലിക്കരുടെ വകയായി വിദ്യാലയങ്ങളും മഹാവിദ്യാലയങ്ങളും ധാരാളമുണ്ടെങ്കിലും, അവയിൽനിന്നും പഠിച്ചിറങ്ങുന്ന അഭ്യസ്തവിദ്യർക്ക് കത്തോലിക്ക വിജ്ഞാനീയത്തിലുള്ള അറിവും വിവിധജീവിതരംഗങ്ങളിൽ അതു പ്രയോഗിക്കുവാനുള്ള കഴിവും വേണ്ടത്ര ആശാസ്യമായി കാണുന്നില്ല. ആകയാൽ പ്രഥമവും പ്രധാനവുമായി നാം ചെയ്യേണ്ടതു്, വിദ്യാലയമണ്ഡലങ്ങളിലും അവയ്ക്കു വെളിയിലുള്ള സാംസ്കാരികമണ്ഡലങ്ങളിലും കത്തോലിക്ക വിജ്ഞാനീയം പുലർത്തുന്നതിനു പര്യാപ്തമായ ഉൽകൃഷ്ടഗ്രന്ഥങ്ങളും പത്രമാസികാദിപ്രസിദ്ധീകരണങ്ങളും ധാരാളമായി സജ്ജീകരിച്ചു വയ്ക്കുകയും, വിദ്യാർത്ഥികളും അഭ്യസ്തവിദ്യരായ ഇതരകത്തോലിക്ക പൗരന്മാരും, ആ വക വിജ്ഞാനഭണ്ഡാഗാരങ്ങളെ ആവുംവണ്ണം വിനിയോഗിക്കുവാൻ സൗകര്യം നൽകുകയുമാണ്.

ഇടവകകൾതോറും ഗ്രന്ഥശാലകൾ സ്ഥാപിക്കണമെന്ന് ഈയിടെ കത്തോലിക്ക കോൺഗ്രസ്സിൽ ഒരു നിശ്ചയം പാസ്സാക്കിയിട്ടുള്ളതു്, ഈ ഘട്ടത്തിൽ പ്രത്യേക പ്രശംസയെ അർഹിക്കുന്ന ശരിയായ ഒരു കാൽവയ്പാണ്. ഇതു ഉയർന്ന പടിയിലുള്ള അഭ്യസ്തവിദ്യരെ പ്രത്യേകം ഉദ്ദേശിച്ചിട്ടുള്ള ഒരു നടപടിയല്ലെങ്കിലും, നേതൃസൃഷ്ടിയിൽ അതും ഗണ്യമായ സഹായങ്ങൾ അനുഷ്ഠിക്കാതെയിരിക്കുകയില്ല. ഏററവും വിപുലമായ വിജ്ഞാനസമ്പാദ്യങ്ങളുൾക്കൊള്ളുന്ന ഒരു വൻപിച്ച ലോകഭാഷയാണ് ഇംഗ്ലീഷ്. കത്തോലിക്ക ഗ്രന്ഥകാരന്മാരും അനുവാചകരും ഇംഗ്ലീഷ്ഭാഷ കൈകാര്യം ചെയ്യുന്നവരുടെ ഇടയിൽ സുലഭമായുള്ളതുകൊണ്ട് നാനാവിഷയപ്രതിപാദകങ്ങളായ അനേക കത്തോലിക്ക വിജ്ഞാനപ്രസിദ്ധീകരണങ്ങൾ ഇംഗ്ലീഷ് ഭാഷയിലുണ്ട്. മലയാളഭാഷയിലിപ്പോഴുള്ള കത്തോലിക്ക പ്രസിദ്ധീകരണങ്ങളിൽ സിംഹഭാഗവും മേൽപ്പറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ അനുകരണമോ അനുവാദമോ ആണ്. കേരളഭാഷ നമുക്ക് എത്രതന്നെ പ്രിയംകരമായിരുന്നാലും അതും ഇംഗ്ലീഷ ഭാഷയും തമ്മിലുള്ള അന്തരം ആനയും അണ്ണാനും പോലെയുള്ളതിലും തുലോം അധികമാണെന്നു പറഞ്ഞാൽ ആരും തെറിദ്ധരിക്കുകയില്ലല്ലോ. ആകയാൽ അഭ്യസ്തവിദ്യരായ കേരളകത്തോലിക്കർ—യുവജനങ്ങൾ പ്രത്യേകിച്ചും—അഭിനവമായ സാമൂഹ്യരാഷ്ട്രീയ പ്രശ്നങ്ങളെ അധികരിച്ചുള്ള ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ വായിച്ചു്, തങ്ങളുടെ കത്തോലിക്കവിജ്ഞാനസമ്പാദ്യത്തെ നാൾക്കുനാൾ പോഷിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നപക്ഷം അവർ ഉത്തമരായ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരും, കത്തോലിക്ക പൗരന്മാരുടെ താല്പര്യങ്ങളെ യഥാവിധി സംരക്ഷിക്കുവാൻ പ്രാപ്തിയുള്ളവരുമായി തീരുന്നതാണ്.

കത്തോലിക്കരല്ലാത്ത അഭ്യസ്തവിദ്യർക്ക സർവ്വസ്വാതന്ത്ര്യമായി ഏതുവിധത്തിലുള്ള രാഷ്ട്രീയ സാമൂഹ്യചിന്താപദ്ധതിയേയും കർമ്മപദ്ധതിയേയും പിൻതുടരാൻ സാദ്ധ്യമാണെങ്കിൽ, കത്തോലിക്കാ വിശ്വാസികളായവർക്ക്, തങ്ങളുടെ മാതൃസഭയുമായുള്ള ബന്ധം കൈവെടിയാതെ, അങ്ങനെ അഴിച്ചുവിട്ട കാളയെപ്പോലെ സ്വച്ഛന്ദവിഹാരം ചെയ്യുക സാദ്ധ്യമല്ല. ധാരാളം ഭാരവും വഹിച്ചുകൊണ്ട് വളരെ വേഗം സഞ്ചരിക്കുന്ന തീവണ്ടികൾ, അപകടഭയംകൂടാതെ എത്ര ദൂരം വേണമെങ്കിലും പുരോഗമിക്കുന്നതിന്റെ പ്രധാന കാരണം, അവയുടെ താഴെ ഉറപ്പുള്ള ഉരുക്കുപാളങ്ങൾ സ്ഥാപിച്ചിട്ടുള്ളതാണ്. നേരെ മറിച്ച് അങ്ങനെ ഉറപ്പേറിയ ഉരുക്കുപാളങ്ങളിൽ കൂടിയല്ലാതെ വല്ല തീവണ്ടിയും പരീക്ഷാർത്ഥം ഓടിച്ചുനോക്കിയാൽ അതിന്റെ ഫലം ആർക്കും ഊഹിക്കാവുന്നതാണ്. ആകയാൽ, ഭാവിയിൽ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകന്മാരാകാൻ സാദ്ധ്യതയുള്ള നമ്മുടെ അഭ്യസ്തവിദ്യർ, ഇംഗ്ലീഷുഭാഷയിലുള്ള കത്തോലിക്കാ ഗ്രന്ഥപാരായണംവഴി, ധാരാളം അടിസ്ഥാനാശയങ്ങൾ ശേഖരിക്കുവാൻ വേണ്ട സകല സൗകര്യങ്ങളും സജ്ജീകരണങ്ങളും നമ്മുടെ സമുദായമദ്ധ്യത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

ഒരു ക്രൈസ്തവന്റെ സകല പ്രവർത്തനങ്ങളും (Chri tocentric) ക്രിസ്തുകേന്ദ്രസ്ഥമായിരിക്കണമെന്ന് സഭാപിതാക്കൾ പറയുന്നുണ്ട്. ആകയാൽ ഏതു ജീവിതമേഖലയിലുള്ള ക്രൈസ്തവനായാലും ശരി, അവൻ ആദ്യമായി ചെയ്യേണ്ടതു് ലോകഗുരുവായ യേശുക്രിസ്തുവിന്റെ ജീവിതത്തെയും ധാർമ്മികവും സാമൂഹ്യവുമായ തന്റെ ബോധനങ്ങളെയുംപററി സുവിശദമായ ജ്ഞാനം സമ്പാദിച്ചിരിക്കേണ്ടതാണ്. പുതിയനിയമഗ്രന്ഥങ്ങളായ നാലു സുവിശേഷഗ്രന്ഥങ്ങളും അപ്പസ്തോലനടപടിയും അവരുടെ ഉപദേശലേഖനങ്ങളും അവയെ അടിസ്ഥാനമാക്കിയുള്ള പിതാക്കന്മാരുടെ പ്രധാന കൃതികളും, ആധുനികമാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളുമെങ്കിലും, ശരിയായി വായിച്ചു മനസ്സിലാക്കാത്ത ഏതെങ്കിലും കത്തോലിക്കന്, സഭാചൈതന്യത്തിൽനിന്നു വ്യതിചലിക്കാതെ, എന്തെങ്കിലും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. നിരീശ്വരതത്വങ്ങൾ മൗലികപരിപാടിയിൽ കൊള്ളിക്കാത്ത ഏതൊരു രാഷ്ട്രീയ കക്ഷിയിലും യോജിച്ചുപ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം ഒരു കത്തോലിക്കാ പൗരനുണ്ടെന്നുള്ളതു പരമാർത്ഥമാണെങ്കിലും, യാതൊരു രാഷ്ട്രീയകക്ഷിയുടെ പ്രവർത്തനത്തിലും കത്തോലിക്കാതത്വങ്ങൾ പരിപൂർണ്ണമായി സ്വീകരിക്കപ്പെട്ടു കാണുന്നില്ല എന്നതും. അതുപോലെയുള്ള വേറൊരു പരമാർത്ഥമാണ്. കത്തോലിക്കാസഭയുടെ ധാർമ്മികബോധനങ്ങളുടെ ആഘാതപ്രത്യാഘാതങ്ങൾ വ്യക്തിപരവും സാമൂഹ്യവും ആയ സകല പ്രശ്നങ്ങളിലും വ്യാപിച്ചുകിടക്കുന്ന കാര്യം നമ്മുടെ അഭ്യസ്തവിദ്യരുടെ സ്മരണയിൽ എപ്പോഴും ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. കുടുംബസംവിധാനം, വിദേശ മിഷ്യനറി ബഹിഷ്കരണം, മതപ്രചാരണനിയന്ത്രണം, വിദ്യാലയ പ്രവർത്തനസ്വാതന്ത്ര്യഭംഗം, ന്യായമായ സ്വകാര്യസ്വത്തവകാശത്തിലുള്ള കൈകടത്തൽ മുതലായ പ്രശ്നങ്ങളെ പൊതുജീവിതത്തിൽ അഭിമുഖീകരിക്കേണ്ട സന്ദർഭങ്ങൾ വന്നാൽ ആ വക കാര്യങ്ങളിൽ സാരമായ പരിജ്ഞാനമില്ലാത്ത കത്തോലിക്കാ പ്രവർത്തകർ തങ്ങളുടെ സഭയ്ക്കും സമുദായത്തിനും ദ്രോഹംചെയ്യുന്നതിനു പകരം ഒരു തീരാക്കളങ്കമായിത്തീരാനിടയുള്ളതാണ്. എന്നാൽ കത്തോലിക്കാ വിജ്ഞാനീയത്തിൽ വ്യുല്പത്തിയില്ലെന്ന കാരണംപറഞ്ഞു് പൊതുകാര്യങ്ങളിൽനിന്നും പിൻവാങ്ങിനില്ക്കുന്നതു് തുലോം ആപല്ക്കരവുമാണ്.

അധുനികലോകമഹാപ്രശ്നങ്ങളെക്കുറിച്ചു മൊത്തത്തിലും, ഏഷ്യാ ഭൂഖണ്ഡത്തിലെ കമ്മ്യൂണിസ്റ്റ് വ്യാപ്തിയെക്കുറിച്ചു് പ്രത്യേകമായും, കമ്മ്യൂണിസ്റ്റുകാരല്ലാത്ത പണ്ഡിതന്മാർ വിരചിച്ചിട്ടുള്ള നിഷ്പക്ഷഗ്രന്ഥങ്ങളുടെ പഠനം നമ്മുടെ അഭ്യസ്തവിദ്യരെ സംബന്ധിച്ചിടത്തോളം ഒരപരിത്യാജ്യകടമയാണ്. ഇങ്ങനെയുള്ള ആധുനികപ്രസിദ്ധീകരണങ്ങളിൽ പ്രഥമഗണനീയമാണ് Fr. A Nev tt S. J. എഴുതിയിട്ടുള്ള "India Going R d?" എന്ന ഗ്രന്ഥം. ഇതിൽ റഷ്യയിലും ചൈനയിലും ഇൻഡ്യയിലും കമ്മ്യൂണിസ്റ്റു പാർട്ടി ചെയ്യുന്ന പ്രവർത്തനങ്ങളെ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഇതേ ഇനത്തിൽപ്പെടുന്ന പല നല്ല ലഘുപുസ്തകങ്ങൾ "Society for Defence of Freedom in Asia" എന്ന സമിതിയിൽനിന്നും പ്രസിദ്ധീകരിച്ചുകാണുന്നു. അവയിൽ ചിലതാണ് The Trojan Horse, China is red with peasants blood എന്നീ രണ്ടു ഗ്രന്ഥങ്ങൾ. ഇതിൽ ആദ്യത്തെ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം, കമ്മ്യൂണിസ്റ്റ് പാർട്ടി ഇൻഡ്യയിൽ അനുഷ്ഠിക്കുന്ന കൃത്യം, ഈ രാജ്യത്തെ റഷ്യൻ അടിമസാമ്രാജ്യത്തിൽ ലയിപ്പിക്കുന്നതിനുള്ള ഗൂഢതന്ത്രപ്രയോഗമാണെന്നു കാണിക്കുകയാണ്. രണ്ടാമത്തെ ഗ്രന്ഥത്തിന്റെ പേരിൽനിന്നു് അതിന്റെ ഉള്ളടക്കമെന്തെന്നു ഗ്രഹിക്കാവുന്നതാണല്ലോ. ചൗഎൻ ലായിയുടെ കമ്മ്യൂണിസ്റ്റു ചൈനയിൽ ഇപ്പോൾ നടക്കുന്നതു്, പട്ടിണിയും മർദ്ദനവും കൊലയും മൂലമുള്ള കാർഷികപരിഷ്ക്കാരങ്ങളാണെന്നു് ഇതിൽ വിശദമായി വിസ്തരിച്ചിരിക്കുന്നു.

ഏതാനും ചില ലഘുഗ്രന്ഥങ്ങളുടെ പേരുകൾ ഉദാഹരണത്തിനുവേണ്ടി ഇവിടെ പ്രസ്താവിച്ചുവെന്നേയുള്ളൂ. അമേരിക്കയിലെ ബിഷപ്പ് ഫുൾട്ടൻ ഷീൻ എഴുതിയ അനേകഗ്രന്ഥങ്ങളും. അവിടെനിന്നും പ്രസിദ്ധീകരിക്കുന്ന Catholic World, The Sign, Common Weal, America, St. Antoney's Magazine, Liguorian, Catholic Digest തുടങ്ങിയുള്ള പത്രമാസികകളും ഇംഗ്ലണ്ടിലെ Universe, Catholic Times, Tablet, Edinburgh Review, Month മുതലായവയും ഇൻഡ്യയിലെ Examiner, New Leader, Herald മുതലായവയും വിലയേറിയ മാറു പ്രസിദ്ധീകരണങ്ങളാണ്.

നമ്മുടെ അഭ്യസ്തവിദ്യരായ യുവജനങ്ങൾ മലയാളഭാഷയിലുള്ള പത്രമാസികകളേയും ഗ്രന്ഥങ്ങളേയും പാരായണം ചെയ്യുന്നതിനോടൊപ്പം, മേൽവിവരിച്ചവകൂടി പതിവായി വായിക്കുന്നതായാൽ മാത്രമേ വിദേശമിഷനറിമാരുടെ അഭാവത്തിൽ, ഭാവി ഭാരതത്തിലെ കത്തോലിക്കാസഭയ്ക്ക്, കേരളീയകത്തോലിക്കരിൽനിന്നും വല്ല ഗുണവും സിദ്ധിക്കുവാനുള്ള സാദ്ധ്യത കാണുന്നുള്ളൂ.

—o—


## കൃതജ്ഞത

പരിശുദ്ധ മേരീരാജ്ഞിയുടെ സഹായത്താൽ ലഭിച്ച വിശേഷാനുഗ്രഹങ്ങൾക്ക് ഉപകാരസ്മരണ.

T. M. Mathai തൊണ്ടിപ്പുര, കാഞ്ഞിരപ്പള്ളി



ഒരെണ്ണയും പിടിക്കാത്തവർക്കും നീരിറക്കത്തിനും

**അമൃതതൈലം**

ഉപയോഗിക്കുക.

N. B. എല്ലാ തിങ്കളാഴ്ച ആലപ്പുഴ ബ്രാഞ്ചിലും ചൊവ്വ വെള്ളി ചാലക്കുടി ബ്രാഞ്ചിലും, ബുധൻ, ശനി ഇരിങ്ങാലക്കുട ബ്രാഞ്ചിലും 2മണി മുതൽ 5 മണിവരെ കെ. കെ. പാവുണ്ണി വൈദ്യൻ ഉണ്ടായിരിക്കും.

കാളൻ ആയുർവ്വേദ ഔഷധശാല നെല്ലായി.


## പുസ്തകാഭിപ്രായം

### തളിർമാല

(P. 17. By എളങ്ങളം ജെയിംസ്)

വിവിധ മട്ടുകളിൽ എഴുതിയിട്ടുള്ള 20 പാട്ടുകളാണ് ഇതിന്റെ ഉള്ളടക്കം. ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെപ്പററി 11 ദിവ്യജനനിയെ പുകഴ്ത്തി 9 പാട്ടുകളെ സംബന്ധിച്ചു ഇനുള്ള പ്രത്യേകത അവ വളരെ വേഗം പഴമയിലേക്കും വിസ്മൃതിയിലേക്കും മറയുന്നുവെന്നുള്ളതാണ്. പുതിയ പുതിയ വർണ്ണമട്ടുകളെ പുറത്തു വിട്ടുകൊണ്ട് മുന്നോട്ടു പായുന്ന ചലച്ചിത്രങ്ങളാണ് ഈ സ്ഥിതിവിശേഷത്തെ സൃഷ്ടിച്ചിട്ടുള്ളതു്. പുതിയ ട്യൂണിലുള്ള പാട്ടുകൾ സമ്മാനിച്ചു് വളർന്നുവരുന്ന തലമുറയെ തൃപ്തിപ്പെടുത്തുവാൻ ഇന്നു പലരും ശ്രമിക്കുന്നുണ്ട്. ശ്രീമാൻ ജയിംസ് ആ വഴിക്കു ചെയ്തിട്ടുള്ള സംഭാവനയാണ് തളിർമാല.


## St. Mary's College, Trichur

**The College Reopens on Tuesday 14th June 1955**

*The following courses of study are offered.*

**Intermediate:**

Part I — English.
Part II — Malayalam, Sanskrit & Hindi.
Part III — Gr. i. Mathematics, Physics & Chemistry.
Gr. ii. Physics, Chemistry & Natural Science.
Gr. iii Ancient History, Modern History, Indian History & Logic.

**B. A. Degree:**

Part I — English.
Part II — Malayalam, Sanskrit & Hindi.
Part III — Gr. i. b Mathematics.
Gr. ii. d Botany Main & Chemistry Subsidiary.
Gr. IV. b Economics & History.

Prospectus and application Forms can be had on remittance of Rs. Two.

PRINCIPAL




വിമർശനവീഥി

# കമ്മ്യൂണിസത്തിന്റെ ആവിർഭാവം എങ്ങനെയാണുണ്ടായതു്?

(ജെ. കുഞ്ഞപ്പറമ്പിൽ എസ്. ജെ.)

പത്തൊമ്പതാം നൂററാണ്ടിൽ യൂറോപ്യൻ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഇംഗ്ലണ്ടിൽ, സാമ്പത്തികവും സാമുദായികവുമായി പല വലിയ പരിവർത്തനങ്ങളും സംഭവിച്ചുകൊണ്ടിരുന്നു. ഇതുവരെ ചെറിയ ചെറിയ വ്യവസായശാലകളിലാണ് ഉല്പാദനം നടത്തിക്കൊണ്ടുവന്നതു്. വലിയ യന്ത്രങ്ങളൊന്നുമില്ലാതിരുന്നതിനാൽ മനുഷ്യൻ തന്റെ കൈയും ചെറിയ യന്ത്രങ്ങളുമുപയോഗിച്ചു ജോലിചെയ്തുപോന്നു. എന്നാൽ ഇരുമ്പ്, കല്ക്കരി തുടങ്ങിയവയുടെ ആവിർഭാവം ഉയർന്നതരം വ്യവസായശാലകളുടെ സ്ഥാപനങ്ങൾക്കു വഴിതെളിച്ചു. കൂടാതെ ഈയവസരത്തിൽ പല പുതിയ കണ്ടുപിടിത്തങ്ങളും അവമൂലം പല പുതിയ യന്ത്രങ്ങളുമുണ്ടായി. ഈ യന്ത്രങ്ങൾ വ്യവസായശാലകളിലെ ഉല്പാദനം ത്വരിതപ്പെടുത്തി. അമേരിക്കയിൽനിന്നും മററും ധാരാളം അസംസ്കൃതസാധനങ്ങൾ ഇംഗ്ലണ്ടിലേക്കും മററു യൂറോപ്യൻരാജ്യങ്ങളിലേക്കുംവന്നുകൊണ്ടിരുന്നു. ഇവയെ കഴിയുന്നതുംവേഗം യന്ത്രങ്ങളുടെ സഹായത്തോടുകൂടി മനുഷ്യർക്ക് ഉപകാരപ്രദമായ സാധനങ്ങളായി മാററി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും അയച്ചുകൊണ്ടുമിരുന്നു.

ഇതുപോലെ കൃഷിത്തൊഴിലിലും പല മാററങ്ങളും സംഭവിച്ചു. പത്തൊമ്പതാം നൂററാണ്ടിൽതന്നെ വലിയ തോട്ടങ്ങൾ കൃഷിചെയ്യുന്നതിനുപയുക്തമായ പല യന്ത്രങ്ങളും കണ്ടുപിടിച്ചു. ഇതിന്റെ ഫലമായി താണതരം കൃഷിക്കാർ ജോലിചെയ്തിരുന്ന ചെറിയ തോട്ടങ്ങൾ ആദായപ്രദമല്ലാതിരുന്നതിനാലോ, അവയെ പ്രഭുക്കന്മാർ ഒരു വലിയ തോട്ടം സൃഷ്ടിക്കുന്നതിനായി വിലകൊടുത്തു വാങ്ങിയതിനാലോ, കാലക്രമേണ നാമാവശേഷമായിത്തുടങ്ങി. ഭാരമേറിയ ജോലികളെല്ലാം യന്ത്രങ്ങൾ ചെയ്തതിനാൽ കൃഷിക്ക് അധികം തൊഴിലാളികളുടെ ആവശ്യവുമില്ലാതായി. അതിനാൽ തൊഴിലാളികൾ ഗ്രാമങ്ങളിൽനിന്നും ജോലിതിരക്കി വ്യവസായശാലകളിരുന്ന പട്ടണങ്ങളിലേക്കു പ്രവഹിക്കുവാൻ തുടങ്ങി.

വ്യവസായശാലകളിൽ അധികം തൊഴിലാളികളുടെ ആവശ്യമില്ലായിരുന്നെങ്കിലും ജോലി അന്വേഷിച്ചുകൊണ്ടുവന്നവർ അനവധിയായിരുന്നു. അമിതവ്യക്തിസ്വാതന്ത്ര്യം —ലിബറലിസം— മുതലായ സങ്കുചിതസിദ്ധാന്തങ്ങൾ അവയുടെ പരമകോടിയെ പ്രാപിച്ച അക്കാലത്തെ മുതലാളികൾ എങ്ങനെയെങ്കിലും ലാഭമുണ്ടാക്കി തങ്ങളുടെ ധനം പോഷിപ്പിച്ചുകൊണ്ടുവരണമെന്നാഗ്രഹിച്ചിരുന്നു. ഈ ഉദ്ദേശത്തോടുകൂടി അവർ ഏററവും കുറഞ്ഞകൂലി വാങ്ങുവാൻ സന്നദ്ധരായ തൊഴിലാളികൾക്കു മാത്രമേ ജോലി കൊടുത്തിരുന്നുള്ളു. പട്ടിണിയാൽ വലഞ്ഞ സാധുക്കൾ വേറെ യാതൊരു പോംവഴിയുമില്ലാതെ ഏററവും തുച്ഛമായ കൂലിപോലും സ്വീകരിച്ച് വേലചെയ്യുവാൻ മുമ്പോട്ടുവന്നു.

ഇതിന്റെയെല്ലാം ഫലമായുണ്ടായ സാമുദായികാസ്വാസ്ഥ്യം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും പരന്നു. ഒരുഭാഗത്തു സ്വകാര്യമൂലധനം കൈയടക്കിവച്ചിരിക്കുന്ന മുതലാളി, മറെറാരുവശത്തു് പട്ടിണിയാൽ വലയുന്ന തൊഴിലാളി. ചുരുക്കം ചില മുതലാളിമാർ സ്വാർത്ഥതല്പരരായി സുഖലോലുപമായ ജീവിതം നയിക്കുമ്പോൾ, ബഹുസഹസ്രം തൊഴിലാളികൾ ഉണ്ണാനും ഉടുക്കാനുമില്ലാതെ തപിക്കുന്ന കാഴ്ച ഹൃദയഭേദകമായിരുന്നു. ഈ ദുരവസ്ഥ സാധുക്കളുടെ ജനസംഖ്യ വർദ്ധിച്ചതോടുകൂടി കൂടുതൽ പരിതാപകരമായി. "ലിബറലിസ്സം" സിദ്ധാന്തം മുദ്രാവാക്യമായി കരുതിയിരുന്ന അന്നത്തെ ഗവമ്മെൻറുകൾ സാധുക്കളുടെ ശോചനീയമായ ഈ അവസ്ഥയെ പരിഹരിക്കുവാൻ യാതൊന്നും ചെയ്തില്ല

ഈ സന്ദർഭത്തിൽ സാധുക്കളായ തൊഴിലാളികൾ അനുഭവിക്കുന്ന യാതനകൾക്ക് പരിഹാരമുണ്ടാക്കിക്കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പലരും മുമ്പോട്ടുവന്നു. ഇവരിൽ ഒരാളായിരുന്നു 1818-ൽ ജമ്മനിയിൽ ജനിച്ച കാറൽമാർക്സ്. മാർക്സ് തന്റെ ജീവിതത്തിൽ പകുതിയും ചെലവഴിച്ചതു് ലണ്ടനിലായിരുന്നു. ലണ്ടനിലെ വലിയ വ്യവസായശാലകളിലും പട്ടണപ്രദേശങ്ങളിലും ജീവിച്ചിരുന്ന തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരുന്ന ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അദ്ദേഹം മനസ്സിലാക്കി. ഇവരിൽ അനേകംപേർ ആരോഗ്യം ക്ഷയിച്ച് സുഖക്കേടുകളാലോ പട്ടിണിയാലോ അകാലമരണത്തിനിരയായി കൊണ്ടിരുന്നു. ഇവയെല്ലാം കണ്ടറിഞ്ഞിരുന്ന മുതലാളിമാരോ അവർക്കു യാതൊരുവിധ സഹായവും ചെയ്യുവാൻ തയ്യാറായില്ല. മുതലാളിമാരെ മുമ്പേതന്നെ വെറുത്തിരുന്ന മാർക്സിനെ ഈ സംഭവഗതികൾ വല്ലാതെ വേദനിപ്പിച്ചു. ഈ ദുരിതങ്ങൾക്കെല്ലാം കാരണക്കാരായ മുതലാളിമാർക്കെതിരായി പടവെട്ടി ആ വർഗ്ഗത്തെ നശിപ്പിക്കണമെന്നദ്ദേഹം തീരുമാനിച്ചു. കൂടാതെ തന്റെ പഠനത്തിന്റേയും ചിന്തയുടേയും ഫലമായി ശേഖരിച്ചുവച്ചിരുന്ന ആശയങ്ങൾ ലോകത്തിനു്, പ്രത്യേകിച്ച് തൊഴിലാളികൾക്ക്, പ്രദാനംചെയ്യുവാൻ ഇതൊരു നല്ല സന്ദർഭവുമായി. അതിനാൽ ഉടൻതന്നെ തൊഴിലാളികൾ സന്തോഷപൂർവ്വം സ്വീകരിക്കാവുന്ന ഒരു സാമുദായികതത്വശാസ്ത്രം കണ്ടുപിടിക്കണമെന്നുറച്ച് മാർക്സ് അതിനായി പരിശ്രമിച്ചു.

ലോകത്തിലുള്ള എല്ലാ തൊഴിലാളികളേയും ഐക്യപ്പെടുത്തി അവരുടെ ഉന്നമനത്തിനുതകുന്ന ഒരു സാമുദായികസിദ്ധാന്തം കണ്ടുപിടിച്ചാൽ അവർ തീർച്ചയായും അതിനുവേണ്ടി പോരാടുമെന്നദ്ദേഹത്തിനറിയാമായിരുന്നു. പട്ടിണിയാലും മററു പലവിധ ക്ലേശങ്ങളാലും വിഷമിച്ചിരുന്ന ഇവർ എന്തും ചെയ്യുന്നതിനു് മടിച്ചില്ല. അവരുടെ സങ്കടങ്ങൾക്കു കാരണക്കാരായിരുന്ന മുതലാളിമാരെ അമർത്തി അവരുടെ സ്വത്തു കരസ്ഥമാക്കുന്നതു സന്മാർഗ്ഗനിയമങ്ങൾക്കു വിരുദ്ധമല്ലെന്നൊരാൾ പറഞ്ഞാൽ അതു് അതേപടി സ്വീകരിക്കുവാൻ ഈ സാധുക്കൾ തയ്യാറായിരുന്നു. കൂടാതെ ദൈവവിശ്വാസം, സന്മാർഗ്ഗനിയമങ്ങൾ മുതലായ ആദ്ധ്യാത്മികതത്വങ്ങൾ അമിതപണമോഹത്താൽ മുതലാളികളും പട്ടിണിയാൽ സാധുക്കളും പലപ്പോഴും മറന്നിരുന്നു. ഭൗതികലോകത്തിൽ മുഴുകിയ ഇവർ ആദ്ധ്യാത്മികസംഗതികൾ മറന്നതിൽ ആശ്ചര്യമില്ല. ഇക്കാരണങ്ങളാൽ താൻ രൂപീകരിക്കുവാൻ പോകുന്ന തത്വശാസ്ത്രം ശരിയോ, സന്മാർഗ്ഗനിയമങ്ങൾക്കു യോജിച്ചതോയെന്നു് ഒരുത്തരും അത്ര ഗാഢമായി ചിന്തിക്കുകയില്ലെന്നും മാർക്സ് കരുതിയിരിക്കാം. ഇതിനാലായിരിക്കാം എത്ര അബദ്ധങ്ങൾ അടങ്ങിയാലും സാരമില്ല, സമുദായത്തെ വലയ്ക്കുന്ന മുതലാളികളെ ഉച്ചാടനം ചെയ്യുന്നതിനു പശ്ചാത്തലവും തന്റെ ആശയങ്ങളെല്ലാം അടങ്ങിയതുമായ ഒരു സാമുദായികതത്വശാസ്ത്രം കെട്ടിപ്പടുക്കുന്നതിനദ്ദേഹം തീരുമാനിച്ചതു്.

ലോകത്തിലുള്ള തൊഴിലാളികളെയെല്ലാം ഐക്യപ്പെടുത്തുന്നതിനു് ഇതു യോജിച്ചസമയവുമായിരുന്നു. തീവണ്ടി കപ്പൽ മുതലായ ഗതാഗതമാർഗ്ഗങ്ങളും തപാൽ കമ്പി മുതലായ വാർത്താവിനിമയസൗകര്യങ്ങളും ഇതിനു ഉപകരിച്ചു. മാർക്സിന്റെ ആഹ്വാനം തൊഴിലാളികൾ തനിച്ചു നില്ക്കാതെ എല്ലാവരും ഒന്നിച്ചുചേന്ന് അവരുടെ ദുഃഖങ്ങൾക്കു കാരണക്കാരായ മുതലാളികളെ എതിർത്തു നശിപ്പിക്കണമെന്നായിരുന്നു. അന്നത്തെ സാമുദായികസ്ഥിതികളിൽ പാടേ ഒരു വിപ്ലവമുണ്ടാക്കി അവയെ ഉന്മൂലനംചെയ്തു് തൊഴിലാളികൾക്കു പ്രാധാന്യംനൽകുന്ന മറെറാരു സാമുദായികവ്യവസ്ഥിതി ഏർപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടെ മാർക്സ് തന്റെ കമ്മ്യൂണിസ്റ്റുതത്വശാസ്ത്രം ലോകത്തിനു പ്രദാനംചെയ്തു.

---

ഇതിലെ തളിരുകൾ ഒട്ടുമിക്കവയും മനോഹരങ്ങളാണു്. അതിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. എങ്കിലും ഒരു കാര്യം പ്രത്യേകം പറയേണ്ടതായുണ്ടു്. അതു് ഭാവസമുത്ഭാവനത്തെ സംബന്ധിച്ചാണു്. ഒരു ഗാനം വേറൊരു ഗാനത്തിൽനിന്നു വേറിട്ടു നില്ക്കുന്നതു് അവയിൽ പ്രയോഗിച്ചിട്ടുള്ള വിശേഷണങ്ങളുടേയും ക്രിയകളുടേയും വൈവിധ്യം കൊണ്ടു മാത്രമെന്നു വന്നാൽ അതത്രപന്തിയായിരിക്കുകയില്ലല്ലോ. പര്യായപദങ്ങൾക്കപ്പുറം ആശയങ്ങളുടെ വ്യക്തവും വ്യതിരിക്തവുമായ ഒരു തിരിവു് ആവശ്യകമാണു്. ഇത്രയും പറഞ്ഞതു് "തളിർമാല"യുടെ ആകർഷകതയെ പാടേ ഇടിച്ചുകാട്ടുവാനല്ല. ജയിംസിന്റെ തൂലിക കൂടുതൽ കൂടുതൽ നിറപ്പകിട്ടും ഭാവഗാംഭീര്യവുമുള്ള "തളിർമാലകൾ"ക്കു രൂപം കൊടുക്കുന്നതു കാണുവാൻ ആഗ്രഹിക്കുന്നതുകൊണ്ടു മാത്രമാണു്. (എസ്. ജെ. എം.)




---

# സെൻറ് വിൻസെൻറ ഡി പോൾ

## ഈ സഖ്യവും മററ സംഘടനകളും തമ്മിലുള്ള വ്യത്യാസം

(സി. എം. സെബാസ്റ്റ്യൻ അതിരമ്പുഴ)

സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിനു കേരളത്തിൽ പഴക്കമുണ്ടെങ്കിലും ഈയിടെയാണു് അതിനു കൂടുതൽ പ്രചാരം സിദ്ധിച്ചിട്ടുള്ളതെന്നു നമുക്കറിയാമല്ലോ. ബോംബെയിൽ ഒരു സുപ്പീരിയർ കൗൺസിലും കീഴ്ഘടകങ്ങളായി എറണാകുളം, വരാപ്പുഴ, തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം മുതലായ രൂപതകളിൽ സെൻട്രൽ കൗൺസിലുകളും സ്ഥാപിക്കപ്പെട്ടതും സെൻട്രൽ കൗൺസിലുകളുടെകീഴിൽ പല പർട്ടിക്കുലർകൗൺസിലുകൾ രൂപമെടുത്തതും ഈ അടുത്തസന്ദർഭത്തിൽ തന്നെയാണു്. ഇവയ്ക്കെല്ലാക്കും പ്രചോദനം നൽകുന്നതിനായി ബോംബെ കൗൺസിലിന്റെ നേതൃത്വത്തിൽ ഒരു ബുള്ളററിനും ആരംഭിച്ചു നടത്തിവരുന്നുണ്ടു്. ഇൻഡ്യയിലെ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തെ സംബന്ധിച്ച് ആലോചിച്ചാൽ ഇതൊരു വലിയ പുരോഗതിയെ കാണിക്കുന്ന ചൂണ്ടിപ്പലകതന്നെയാണു്. ഇങ്ങനെ നമ്മുടെ നാടുകളിൽ നട്ടുപിടിപ്പിക്കപ്പെടുന്ന സെൻറ് വിൻസെൻറ് ഡി പോൾ സഖ്യമാകുന്ന കല്പദ്രുമത്തിനുള്ള വൈശിഷ്ട്യങ്ങളും ഇതരസംഘടനകളിൽ നിന്നുള്ള വ്യത്യാസങ്ങളും നാം നന്നായി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഈ സംഘടനയ്ക്കു് ഇതിന്റെ ആരംഭകാലത്തോടു അനുബന്ധിച്ചുതന്നെ ആവശ്യമായ നിയമാവലി രൂപീകൃതമായി. കത്തോലിക്കാ സഭാദ്ധ്യക്ഷന്മാരുടേയും തിരുസംഘത്തിന്റെയും അംഗീകാരത്തോടുകൂടി പ്രസിദ്ധം ചെയ്തിട്ടുള്ള ഈ നിയമാവലി ഫ്റഞ്ച്ഭാഷയിൽ പല പതിപ്പുകൾ അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു. ഇനിയും പല പരിഷ്ക്കാരങ്ങൾ വരുത്തി അച്ചടിക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്. കാതലായ നിയമങ്ങളിൽനിന്നു് യാതൊരു വ്യത്യാസവും വരുത്തുന്നില്ലെങ്കിലും ദേശോചിതവും കാലോചിതവും ആയ ചില പരിപാടികൾ അംഗീകരിക്കത്തക്കവിധം നിയമാവലി പ്രസിദ്ധം ചെയ്യാനുള്ള അഭിപ്രായങ്ങൾ കേന്ദ്രസംഘടനയിൽനിന്നു ആരാഞ്ഞുകൊണ്ടിരിക്കുകയാണു്. അതിരമ്പുഴ പർട്ടിക്കുലർ കൗൺസിലിൽ നിന്നും കേന്ദ്രസംഘടനയുടെ അനുമതിയോടും അംഗീകാരത്തോടുംകൂടി നിയമാവലിയുടെ മലയാളവിവർത്തനം ഉണ്ടായിട്ടുണ്ടു്. ബ്രദർ ഡേവിഡ് മഹാപിള്ളയുടെയും ഒരു നിയമാവലി തർജ്ജിമ പ്രസിദ്ധം ചെയ്തു കഴിഞ്ഞിട്ടുണ്ടു്. ഇങ്ങനെ ഈ സംഘടന സംബന്ധിച്ചു നമുക്കു വേണ്ട എല്ലാ നിയമജ്ഞാനവും സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇന്നു സിദ്ധമായിട്ടുണ്ടു്. പോരെങ്കിൽ എറണാകുളം മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സിൽനിന്നും ആക്കും സൗകര്യമായി എപ്പോഴും ഉപയോഗിക്കത്തക്കവിധം നിയമസാരങ്ങൾ അടങ്ങിയ ഒരുലഘുഗ്രന്ഥംനേരത്തേ പ്രചാരത്തിൽ വന്നിട്ടുള്ളതുമാണു്.

ഇവയിൽനിന്നെല്ലാം നാം മനസ്സിലാക്കേണ്ടതു് ഈ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം, അംഗങ്ങൾ സ്വയം വിശുദ്ധി പ്രാപിക്കുന്നതിനും വിശുദ്ധിയെ സ്വയം വരിച്ചുകൊണ്ടുള്ള ജീവിതംമൂലം മററുള്ളവക്കു മാർഗ്ഗദർശനംനൽകുന്നതിനുംവേണ്ടിനിലകൊള്ളുന്നുവെന്നാകുന്നു. മറേറതു സാധാരണ ഭക്തസംഘടനകളെക്കാളും കവിഞ്ഞ നിർബന്ധം ഇക്കാര്യത്തിനു നിയമം ശാസിക്കുന്നുണ്ടെന്നു ആരും കരുതേണ്ടതില്ല. എങ്കിലും ജീവകാരുണ്യപ്രവർത്തനത്തിനുള്ള ഈ സംഘടനയിൽ ചേന്നു പ്രവർത്തിക്കുവാൻ ജീവിതവിശുദ്ധിയില്ലാത്ത ഒരുത്തനും സാധിക്കുകയില്ലെന്നുള്ളതു നിശ്ചയമാണു്. മററു സംഘടനകൾ മാസഫീസ്, വാർഷികഫീസ് തുടങ്ങി ചില സാമ്പത്തികകാര്യങ്ങളെ മുറുകെപ്പിടിക്കുമ്പോൾ ഈ സഖ്യം അതിന്റെ പ്രവർത്തകാംഗങ്ങളുടെ രഹസ്യപ്പിരിവിനേയും പ്രോത്സാഹകാംഗങ്ങളുടെ സംഭാവനയേയുമാണു കാര്യമായി കരുതുന്നതു്. ആണ്ടുവട്ടത്തിലെ വാർഷികക്കണക്കിൽ ധനപരമായ വലിയ വരവു ചെലവുകളേക്കാൾ കാര്യമായി പരിഗണിക്കേണ്ടതു് അംഗങ്ങളുടെ പ്രതിവാരകോൺഫറൻസുകളിലെ ഹാജരും അവർ സന്ദർശിച്ചിട്ടുള്ള സാധുകുടുംബങ്ങളുടേയും രോഗികളുടേയും സംരക്ഷണത്തിനേറെറടുത്തിട്ടുള്ള കുടുംബങ്ങളുടേയും സംഖ്യകളുമാണു്. ഇങ്ങനെ സ്വയം വിശുദ്ധിക്കും പരിത്യാഗത്തിനും വേണ്ടി സ്ഥാപിതമായ ഈ സഖ്യം ക്രിസ്തുനാഥന്റെ സുവിശേഷസ്നേഹത്തെ എന്നെന്നും കത്തിജ്വലിപ്പിക്കുന്ന ദീപഗൃഹംതന്നെയായിരിക്കണം. അതുകൊണ്ടു് ഒരുസ്ഥലത്തെ ഒരു സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയെന്നു പറഞ്ഞാൽ ആ സ്ഥലത്തെ സ്നേഹസമ്പന്നരായ സുഹൃത്തുക്കളുടെ സംഘടനയെന്നാണു നാം മനസ്സിലാക്കേണ്ടതു്. സൊസൈററി അംഗങ്ങൾ ക്രിസ്തുവിനെപ്രതി അന്യോന്യം സ്നേഹിച്ച് സംഘടനയിൽ ഒ

(ശേഷം 8-ാംപേജിൽ)




# ആ പുതിയ ചികിത്സ

(ഏലിയാമ്മ ജോർജ്ജ് വലിയതാഴത്ത്)

ഡോക്ടർ ഈപ്പച്ചൻ ഒരു മനഃശാസ്ത്രപണ്ഡിതൻ കൂടിയാണ്. മനുഷ്യജീവിതത്തിലെ ചില കുഴപ്പംപിടിച്ച പ്രശ്നങ്ങൾക്ക് ശരിയായ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുവാൻ അദ്ദേഹത്തിനുള്ള കഴിവു അസാമാന്യമാണ്. അതുമുണ്ട് അദ്ദേഹത്തിന്റെ അനുഭവജ്ഞാനം. പലതരം തീരാവ്യാധിക്കാരും, ജീവിതക്ലേശങ്ങൾകൊണ്ടു പൊറുതിമുട്ടിയവരും അദ്ദേഹത്തെ സമീപിക്കാറുണ്ടു, അവരെല്ലാം തക്ക ചികിത്സയുമുണ്ടു. ഡോക്ടർ ഈപ്പച്ചനെ സമീപിച്ചിട്ടുള്ളവരാരും തന്നെ നിരാശരായിട്ടുപ്പോയിട്ടില്ല. വെറുമൊരു മരുന്നുവ്യാപാരിയായ ഡോക്ടരല്ല; പണത്തിനുവേണ്ടി പരക്കംപായുന്ന ആളുമല്ല. സേവനം ജീവിതലക്ഷ്യമായി വരിച്ചിരിക്കുന്ന ഒരു യുവാവാണദ്ദേഹം.

അന്നൊരു സായാഹ്നത്തിൽ, ഡോക്ടർ ഈപ്പച്ചൻ മടിയൻകസേരയിൽക്കിടന്നു് കാററുകൊണ്ടു വിശ്രമിക്കുകയായിരുന്നു. വായിൽനിന്നു് സിഗററിന്റെ പുകച്ചുരുൾ അന്തരീക്ഷത്തിൽ അക്ഷരമെഴുതി മാഞ്ഞുപോകുന്നു. അപ്പോഴാണ് ആ സ്ത്രീയങ്ങു കയറിച്ചെന്നതു്. യൗവനയുക്തയാണ്. മാന്യമായി വസ്ത്രധാരണം ചെയ്തിട്ടുണ്ടു്. കണ്ടാലും തരക്കേടില്ല. പക്ഷേ, ഒരു പടകഴിഞ്ഞുവരുന്ന വഴിയാണെന്നുതോന്നും മുഖഭാവം കണ്ടാൽ! അവളുടെ ഉള്ളിൽ എന്തൊക്കെയോ വലിയ വിപ്ലവം നടക്കുന്നുണ്ടു്. അതിന്റെ കരിനിഴൽ മുഖത്തു സ്പഷ്ടമായിരുന്നു.

അവൾക്കിരിപ്പിടം നൽകി, ഡോക്ടർ.

"എന്റെ സാറേ, എന്നെയൊന്നു രക്ഷിക്കണേ!"

അവൾ വികാരത്തള്ളലോടെ ഒററശ്വാസത്തിൽ പറഞ്ഞുതുടങ്ങി: "ഞാനാകപ്പാടെ മടുത്തിട്ടാണ്."

"ഉം! കാര്യം തുറന്നുപറയൂ!"

"ഞാൻ എന്റെ ഭർത്താവിനെക്കൊണ്ടു മടുത്തു! എനിക്കയാളുടെകൂടെയുള്ള ജീവിതം സഹിച്ചുകൂടാ. ഞാനെങ്ങനെ രക്ഷപെടേണ്ടു!"

ഡോക്ടർ അനുഭാവപൂർവ്വം ഒന്നു തലകുലുക്കി.

"എന്റെ സാറേ! അയാൾ എന്നെ പെടുത്തുന്ന പാടു്!" അവൾ കോപംകൊണ്ടു കലിതുള്ളിയേക്കുമെന്നു തോന്നി, അപ്പോഴത്തെ മുഖഭാവം കണ്ടിട്ട്.

"എനിക്കയാളോടു ശരിക്കു പ്രതികാരം ചെയ്യണം. അയാളെ ആവുന്നത്ര ദ്രോഹിച്ചിട്ടുവേണം എനിക്കു രക്ഷപെടാൻ! എന്താണു ചെയ്യേണ്ടതു്? ഡോക്ടർ ദയവായി ഒന്നു പറഞ്ഞുതരൂ!"

ഭർത്താവിനെക്കൊണ്ടുള്ള ഉല്ക്കടമായ ഉപദ്രവങ്ങളുടെ മുള്ളുനിറച്ച ഭാണ്ഡം കെട്ടഴിച്ചുകാണിച്ചവൾ. അദ്ദേഹം അതെല്ലാം സഹതാപപൂർവ്വം വീക്ഷിച്ചു.

"ഏബ്രൻ! അങ്ങനെയാണോ? ങ്! ഹാ!" ഡോക്ടർ അവളോടു് അനുകമ്പയും ഭർത്താവിന്റെനേർക്കു് അമർഷവും പ്രകടിപ്പിച്ചു.

"സാരമില്ല. ഇക്കാര്യത്തിൽ ഞാൻ നിങ്ങളെ സഹായിക്കാം. പക്ഷേ, ഒരുകാര്യം. ഞാൻ പറയുന്നതുപോലെതന്നെ നിങ്ങൾ പ്രവർത്തിക്കണം. എങ്കിലേ ഫലിക്കൂ. അതിനു സമ്മതമാണോ?"

ഭർത്തൃവിദ്വേഷം നിറഞ്ഞുതുളുമ്പിനിന്ന അവളുടെ മനസ്സപ്പോൾ, കാര്യസാദ്ധ്യത്തിനുവേണ്ടി ഏതു പിശാചിനു മുക്കുകയറിടുവാനും സന്നദ്ധമായിരുന്നു! ഡോക്ടരുടെ നിർദ്ദേശം അതേപടി നിറവേററാമെന്നവൾ ഭരമേററു.

"ശരി. എന്നാൽ ഒരു കാര്യം ചെയ്യുക, അഭിനന്ദനങ്ങളും പ്രശംസകളുംകൊണ്ടു് അയാളെ അഭിഷേകം ചെയ്യണം. അങ്ങനെ നിങ്ങൾ അയാളെ സ്നേഹിക്കുന്നുണ്ടെന്നും അതു് അയാളുടെ ജീവിതത്തിനു് അപരിത്യാജ്യമാണെന്നും അയാൾക്കു തോന്നണം. അപ്പോൾ നിങ്ങൾക്കു രക്ഷപെടാനുള്ള നടപടിയാരംഭിക്കാം. അയാളെ ശരിക്കു ദ്രോഹിക്കുവാനുള്ള മാർഗ്ഗമതാണ്."

ആ ഭാര്യയൊന്നു ഞെട്ടി! "ഞാനാ മനുഷ്യനെ എങ്ങനെ പ്രശംസിക്കും!" ഈ ചിന്ത അവളെ പിടിച്ചു കുലുക്കി. എങ്കിലും അവളുടെ ലക്ഷ്യപ്രാപ്തിക്കു ആ നിർദ്ദേശം അനുസരിച്ചേ മതിയാവൂ!....

ഒടുവിൽ, പ്രതികാരബുദ്ധിയോടുകൂടിയാണെങ്കിലും അവൾ സമ്മതിച്ചു പിരിഞ്ഞു.

* * *

മൂന്നുമാസം മുന്നോട്ടുനീങ്ങി. ആ ഭാര്യ വീണ്ടും ഡോക്ടറെ സന്ദർശിച്ചു.

"എങ്ങനെയിരിക്കുന്നു?" അവളെ കണ്ടപ്പോഴേ ഡോക്ടർ കടന്നു ചോദിച്ചു.

"പറഞ്ഞതുപോലെതന്നെ ചെയ്തു ഞാൻ."

"കൊള്ളാം, എന്നാൽ ഇനി അയാളിൽനിന്നു രക്ഷപെടാനുള്ള മാർഗ്ഗം പറഞ്ഞുതരാം." ഡോക്ടർ പറഞ്ഞു.

"ഇല്ലില്ല!" അവൾ ഇടയ്ക്കുകയറി പറഞ്ഞു: "ഞാനദ്ദേഹത്തെ സ്നേഹിക്കുന്നു, അദ്ദേഹത്തിനും എന്നെ വിട്ടുപിരിഞ്ഞിരിക്കുക സങ്കടകരമാണ്. ഞങ്ങളുടെ കുടുംബജീവിതം ഇപ്പോൾ വളരെ ആനന്ദകരമാണ്. ഞാനദ്ദേഹത്തെ ഒരിക്കലും വിട്ടുപോകയില്ല."

ഡോക്ടർ ഈപ്പച്ചൻ ഒന്നുറക്കെ ചിരിച്ചു.

ആദ്ധ്യാത്മികവീഥി 51

## പ്രാർത്ഥനയുടെ ആവശ്യം

ദൈവത്തിന്റെ വത്സലമക്കളേ,

പ്രാർത്ഥന നിത്യരക്ഷയ്ക്കാവശ്യമാണെന്നും തിരിച്ചറിവിന്റെ പ്രായത്തിലെത്തിയിട്ടുള്ള ആരും പ്രാർത്ഥനകൂടാതെ രക്ഷപെടുകയില്ലെന്നും നാം കേട്ടിട്ടുണ്ടു്. പക്ഷേ അതിനുള്ള കാരണമെന്താണെന്നു പലർക്കും അറിയാമെന്നു തോന്നുന്നില്ല.

പ്രാർത്ഥനയിൽ നാലു സംഗതികളാണു പ്രധാനമായി ചെയ്യേണ്ടതെന്നു മുൻപേതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ആരാധിക്കുക, നന്ദി പറയുക, ക്ഷമാപണം ചെയ്യുക, അപേക്ഷിക്കുക.

ഇവയെല്ലാം എത്രകണ്ടു ആവശ്യമാണെന്നു യുക്തിയിൽനിന്നും വെളിപാടിൽനിന്നും നമുക്കു മനസ്സിലാക്കാം. നാം ദൈവത്താൽ ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ടവരും അവിടുത്തെ സ്വന്തവുമാണ്. അതു ഗ്രഹിക്കുന്നതിനു പ്രാപ്തിയുള്ളവരായ നാം അതു സമ്മതിച്ചുപറയാൻ കടപ്പെട്ടവരുമാണ്. ആരാധനവഴിയായി അതു മാത്രമാണു നാം ചെയ്യുന്നതു്.

നാമായിരിക്കുന്നതും നമുക്കുള്ളതുമെല്ലാം അവിടുന്നിൽനിന്നാണു നമുക്കു ലഭിച്ചിരിക്കുന്നതു്. ഐഹികവും പാരത്രികവുമായ ജീവിതത്തിനു നമുക്കാവശ്യമുള്ള സകലതും ധാരാളമായി നമുക്കു നൽകുന്ന പിതാവാണു് അവിടുന്നു്. അതിനാൽ അങ്ങേയോടു കൃതജ്ഞത പ്രകടിപ്പിക്കുന്നതും യുക്തിയുക്തമത്രേ.

നാമെല്ലാവരുംതന്നെ മുൻപറഞ്ഞ കാരണങ്ങളാൽ ദൈവത്തിന്റെ പ്രമാണങ്ങളെ കൃത്യമായി കാക്കുന്നതിനും അതുവഴിയായി അവിടുത്തെ പ്രസാദിപ്പിക്കുന്നതിനും കടപ്പെട്ടവരാണെങ്കിലും അക്കാര്യം തീരെ വിസ്മരിച്ചു പലപ്പോഴും അങ്ങേ കല്പനകളെ ലംഘിച്ചു അങ്ങേ കോപത്തിനു പാത്രവാന്മാരായിട്ടുണ്ടു്. അതിനാൽ ക്ഷമാപണവും ആവശ്യമായിത്തീരുന്നു.


നാം വെറും സ്വാഭാവികസൃഷ്ടികൾ മാത്രമായിരുന്നെങ്കിൽതന്നെയും ദൈവസഹായം കൂടാതെ ആസ്തിക്യത്തിൽ തുടരുന്നതിനോ എന്തെങ്കിലും ചെയ്യുന്നതിനോ പ്രാപ്തരാകുകയില്ലായിരുന്നു. തന്മൂലം അങ്ങേ സഹായം അപേക്ഷിക്കുന്നതു യുക്തിയുക്തവുമായിരുന്നു. എന്നാൽ നാം വെറും സ്വാഭാവികമനുഷ്യരല്ല. തന്റെ പ്രസാദവരദാനത്താൽ അവിടുന്നു നമ്മെ തന്റെ ദത്തുപുത്രരും സ്വർഗ്ഗത്തിനു് അവകാശികളുംകൂടി ആക്കിത്തീർത്തിട്ടുണ്ടു്. സ്വർഗ്ഗസമ്മാനത്തിനു യോഗ്യമായ എന്തെങ്കിലും അതിസ്വാഭാവികനന്മ ചെയ്യുന്നതിനു ദൈവത്തിന്റെ പ്രത്യേകസഹായം നമുക്കു ലഭിക്കേണ്ടിയിരിക്കുന്നു. ഈ സഹായം തിരിച്ചറിവിന്റെ പ്രായത്തിലെത്തിയിരിക്കുന്നവർ പ്രാർത്ഥിച്ചുതന്നെ വാങ്ങണമെന്നാണു് ദൈവതിരുമനസ്സു്.

"ചോദിച്ചാൽ നിങ്ങൾക്കു തരപ്പെടും" (മത്താ. 7-7) എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു ഇതിനെക്കുറിച്ചാണ്. "പരീക്ഷയിൽ അകപ്പെടാതിരിക്കുന്നതിനായി നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ" (മത്താ. 26, 41) എന്നുള്ള അവിടുത്തെ നിർദ്ദേശത്തിൽനിന്നു് നന്മ ചെയ്യുന്നതിനു മാത്രമല്ല തിന്മയിൽനിന്നു മാറുന്നതിനുപോലും പ്രാർത്ഥന അത്യാവശ്യമാണെന്നു തെളിയുന്നു.

ഇത്രമാത്രം ആവശ്യമായ പ്രാർത്ഥന ഒരു ദിവസവും മുടക്കാതെയിരിക്കുന്നതിനു് എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.


**കമലവിലാസ് വാസനസാമാനപെട്ടി_1.**




ഇതിൽ ദിനംപ്രതി ഉപയോഗത്തിനാവശ്യമായ: 1. വാസനചാന്തു് 1 കുപ്പി 4ണ. 2. കമലവിലാസ് കണ്ണെഴുത്തുമഷി 1 പെട്ടി 6 ണ. 3. ടോയ്ലററ് പൌഡർ 1 ടിൻ(ചെറിയതു്) 5 ണ. 4. നമസ്തേ നഖപോളീഷ് 1 കുപ്പി 10 ണ. 5. കമലാ സെൻറ് 1 കുപ്പി 8ണ. 6. കുസുമവിലാസം പരിമള കുന്തൽതൈലം ഉണ്ടാക്കുവാനുള്ളതു് 1 കുപ്പി ക. 2. വില. ഈ 6 സാമാനങ്ങളുള്ള നമ്പ്ര് 1 വാസനസാമാനപെട്ടി 1ന്നു് 4ക. അയപ്പാൻ ചിലവു് ക. 1 പുറമേ. ഒരേസമയം രണ്ടു പെട്ടി അയക്കുന്നതിനു് ചിലവു് ക. 1-8-0 മതിയാകും. വിലയും അയപ്പാനുള്ള ചിലവും ചേർത്തു മണിയാർഡറായി അയച്ചുതന്നാൽ തപാൽവഴി റജിസ്റ്റർ പാർസലായി അയച്ചുകൊടുക്കുന്നതാകുന്നു.

P. A. Aiyar, Kamalavilas Perfumery Works, Trichur, (S. I.)


(12-ാം പേജ് തുടർച്ച)

എന്നാൽ തേങ്ങയുടെ അടുത്തു കിടന്ന മറെറാരു സാധനം അവനെ ആകർഷിച്ചു. എന്താണതു്? വീട്ടിൽ വെള്ളം കോരുന്ന കുടമല്ലേ! അവൻ അടുത്തുചെന്നുനോക്കി. എടുക്കുവാൻ ശ്രമിച്ചു. വലിയ ഘനം. ബേബി അതിനുള്ളിൽ നോക്കി. അവനു അവന്റെ കണ്ണുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. കുടത്തിന്റെ വക്കുവരെ നിറച്ചു വട്ടത്തിലുള്ള മനോഹരസാധനങ്ങൾ — മഞ്ഞനിറം. അതെന്താണു്? സ്വർണ്ണനാണയങ്ങൾ!! അതു വല്ലവരുടേയും മുതലായിരിക്കുമെന്നു് അവനുതോന്നി. അതു താഴെയിട്ടിട്ടു് ഓടുവാൻ അവൻ ഭാവിച്ചു. അപ്പോൾ, "ബേബീ, അനുസരണയുടെ ഫലമായി നിനക്കു കിട്ടിയ സമ്മാനമാണിതു്" എന്നൊരു അശരീരിവാക്കു കേട്ടു. അവൻ ചുററും നോക്കി. ആരേയും കണ്ടില്ല. അവൻ ആദ്യം തേങ്ങയും പിന്നെ കുടവും എടുത്തു് സാവധാനം നടന്നുപോയി, വീട്ടിലേക്കു്!




PC. 302

**നോക്കൂ—ഇപ്പോൾ നമുക്ക് ഒരു റേഡിയോ വാങ്ങിക്കുവാൻ സാധിക്കും**

ഇതു് വെറും ഊഹംമാത്രമല്ല—അവർ കണക്കുകൂട്ടി തിട്ടപ്പെടുത്തിയതാണ്. അവർക്കു വളരെ നാളുകളായി വാങ്ങിക്കുവാൻ ആഗ്രഹമുണ്ടായിരുന്ന ആ റേഡിയോ ഈ മാസത്തിൽതന്നെ അവർക്ക് വാങ്ങിക്കുവാൻ കഴിയും. അവരുടെ ഈ മാസത്തെ ചിലവുകൾ അല്പം ചുരുക്കേണ്ടിവരുമെന്നുള്ളതു് വാസ്തവമാണ്. അതുപോലെ സേവിംഗ്സ് കണക്കിൽ നിന്നും ഒരു ചെറിയ സംഖ്യ പിൻവലിക്കേണ്ടിവരികയും ചെയ്യും. എന്നാൽ അതു് അവരുടെ ഈ ആഗ്രഹപ്രാപ്തിക്കുവേണ്ടിയാണല്ലോ. ഫാമിലി ബഡ്ജററ ബുക്ക് പാലാ ബാങ്കിൽനിന്നും വാങ്ങിയതു മുതൽ ശങ്കറിനും കമലയ്ക്കും മുടങ്ങാതെ സമ്പാദിക്കാൻ സാധിച്ചു.

**നിങ്ങൾക്കും സമ്പാദിക്കുവാൻ കഴിയും**

ഓരോ മാസത്തിന്റേയും ആരംഭത്തിൽ ആ മാസത്തിൽ പ്രതീക്ഷിക്കുന്ന വരവു് ഫാമിലി ബഡ്ജററ ബുക്കിൽ കുറിക്കുക. എന്നിട്ട് നിങ്ങൾക്കു ഉണ്ടാകാൻ ഇടയുള്ള ചിലവുകൾ ആ ബുക്കിലുള്ള 35 ഇനങ്ങളിൽ ഉദ്ദേശമായി എഴുതുക. അങ്ങിനെ നിങ്ങളുടെ സേവിംഗ്സ് കണക്കിലേക്ക് എത്ര മിച്ചം ഉണ്ടാക്കുവാൻ സാധിക്കുമെന്നും. മററിനങ്ങൾക്ക് എന്തുണ്ടെന്നും നിങ്ങൾക്കു കണിശമായി അറിയാം.

പാലാ ബാങ്കിൽനിന്നും കിട്ടുന്ന ഫാമിലി ബഡ്ജററ ബുക്ക് നിങ്ങളുടെ സമ്പാദ്യങ്ങളുടെ ഒരു ശരിയായ വിവരണം എഴുതുന്നതിനും ഉപകരിക്കും. അതു് നിങ്ങൾ കൊടുത്തുതീർക്കേണ്ടതായ കരം, ഇൻഷ്യുറൻസ് തവണകൾ മുതലായ കാര്യങ്ങളെപ്പററി നിങ്ങളെ അനുസ്മരിപ്പിക്കും. ഈ ചെറിയ ബുക്ക് നിങ്ങൾക്ക് ഒരനുഗ്രഹമായിരിക്കും. ഇതു് നിങ്ങളുടെ ധനപരമായ പല മനക്ലേശങ്ങളേയും ദൂരീകരിക്കുന്നതിനു് സഹായിക്കും.




പാലാ സെൻട്രൽ ബാങ്കിൽ കണക്കുള്ളവർക്കെല്ലാം സൌജന്യമായി ലഭിക്കുന്നതാണ് ഉപകാരപ്രദമായ ഈ ഫാമിലി ബഡ്ജററ ബുക്കിന്റെ ഒരു പ്രതി. നിങ്ങൾക്കു കണക്കില്ലെങ്കിലും ബുക്കിന്റെ ഒരു പ്രതി ആവശ്യമുണ്ടെങ്കിൽ, അടുത്തുള്ള ബ്രാഞ്ചിലേക്ക് രൂ1-ണ3 മണിആർഡർ അയക്കുക. ഇന്നുതന്നെ ഒരു പ്രതി കരസ്ഥമാക്കുക.

ESTD. 1927

**പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം**

ഹെഡ് ആഫീസ്: പാലാ, തിരുവിതാംകൂർ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

Reg. M. No. 2293


# Sathya Deepam

Vol. 28 Ernakulam June 1 1955 No. 40

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

കൊച്ചുപുണ്യവാൻെറ ശൈശവകാലത്തെ മാതൃകാപരമായ പ്രവൎത്തനങ്ങളും മാതാപിതാക്കന്മാരുടെ ശ്രദ്ധാപൂൎവ്വമായ ശിക്ഷണത്തിൽ നേടിയ സൽഗുണങ്ങളും നിങ്ങൾ കണ്ടുകഴിഞ്ഞു. ആദ്യകുർബാനസ്വീകരണം കഴിഞ്ഞു ശോഭനമായ ഒരു ബാല്യത്തിലേക്കാണു് ദോമിനി ഇപ്പോൾ കാലുവയ്ക്കുന്നതു്. കുട്ടികൾക്കു അനുകരിക്കുന്നതിനുള്ള സാധാരണപ്രവൎത്തനങ്ങളിൽ ദോമിനി എങ്ങനെ പെരുമാറുന്നുവെന്നു നിങ്ങൾ ശ്രദ്ധയായി മനസ്സിലാക്കുവാൻ ശ്രമിക്കുമല്ലോ. തൻെറ കാവൽമാലാഖ എപ്പോഴും തന്നോടുകൂടിയുണ്ടെന്നുള്ള ബോദ്ധ്യത, കളിവിനോദങ്ങളിൽ ഏർപ്പെടുന്നതിനു മാതാപിതാക്കന്മാരുടെ അനുമതി വാങ്ങുന്നതിനുള്ള വ്യഗ്രത, ക്ലാസ്സിൽ പഠനവിഷയങ്ങളിലുള്ള ശ്രദ്ധ എന്നിവ മുൻചിത്രത്തിൽ നാം കണ്ടു. തുടൎന്നുള്ള രംഗങ്ങൾ നോക്കുക:—




## 24-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—1. ദോമിനി.
2. സാവിയോ.

## പ്രശ്നം നമ്പ്ര് 25

(കെ. പി. വർക്കി, അയർക്കുന്നം.)

മദ്യപാനികളും ജനോപദ്രവികളുമടങ്ങിയ ഒരു വലിയ കൂട്ടുകുടുംബത്തിലെ അംഗമാണു ഞാൻ. എൻെറ പേരിനു മൂന്നക്ഷരമുണ്ടു്. ആദ്യത്തെ അക്ഷരം കുലത്തിലുണ്ടു്, വംശത്തിലില്ല; രണ്ടാമത്തെ അക്ഷരം കുളത്തിലുണ്ടു്, കുഴിയിലില്ല; മൂന്നാമത്തെ അക്ഷരം വിയത്തിലുണ്ടു്, കയത്തിലില്ല. എൻെറ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

---

വല്യേട്ടൻ നിർദ്ദേശിച്ചതനുസരിച്ചു കുഞ്ഞനുജന്മാർ അയച്ചുതന്ന രണ്ടു ലേഖനങ്ങളാണു് ഇന്നു ബാലരംഗത്തിൽ ചേർക്കുന്നതു്. കൂട്ടുകാരുടെ ലേഖനങ്ങളും ചെറുകഥകളും വായിക്കുവാൻ ഒരു പ്രത്യേക ആനന്ദം നിങ്ങൾക്കുണ്ടാകുമല്ലോ. അവ കാണുമ്പോൾ നിങ്ങൾക്കിഷ്ടപ്പെട്ടാൽ അവയെ അനുകരിച്ചെഴുതുന്നതിനും, കുറവുകൾ കണ്ടാൽ അതു തീൎത്തു കൂടുതൽ മെച്ചമായി എഴുതുന്നതിനും പ്രേരണയുണ്ടാകും, തീർച്ചയാണു്. വല്യേട്ടൻ മുൻപു സൂചിപ്പിച്ചതുപോലെ അങ്ങിനെ എഴുതുന്നവ അറിവുള്ളവരെ കാണിച്ചു തിരുത്തി ശരിപ്പെടുത്തി നന്നായി എഴുതി അയച്ചുതരുമ്പോൾ വല്യേട്ടൻ പരിശോധിച്ചു പ്രസിദ്ധീകരണാർഹമായവയെ സ്ഥലസൗകൎയ്യംപോലെ പ്രസിദ്ധീകരിക്കാം. വ്യവസ്ഥകളെല്ലാം ഓൎമ്മിച്ചിരിക്കണമെന്നു പ്രത്യേകം പറയേണ്ടല്ലോ.

വല്യേട്ടൻ.

## പൈലോച്ചനു വെളിവുണ്ടായി

### ഒരു ലഘുപ്രഹസനം

(തോമസ്സ് മാത്യു പാറക്കൽ, മൂവാററുപുഴ. വയസ് 15)

സ്ഥലം:- ഒരു ഗ്രാമത്തിലെ കാപ്പിക്കട. കാപ്പികുടിക്കുവാൻ വന്ന കുഞ്ഞിപ്പൈലോച്ചനും, രാമകൃഷ്ണനും തമ്മിൽ ചെറിയൊരു വാഗ്സമരം നടക്കുകയാണു്. രണ്ടു മൂന്നു പേർ കേൾവിക്കാരായും കൂടിയിട്ടുണ്ടു്.

രാമകൃഷ്ണൻ:- എന്താടാവേ, പൈലോച്ചാ, പെരുന്നാളൊക്കെ ആയിട്ടു് നീ പള്ളിലൊന്നും പോകാത്തതു്?

കുഞ്ഞി:- നീയിങ്ങനെ പറയല്ലെൻെറ രാമകൃഷ്ണാ! ഈ പള്ളീം പട്ടക്കാരുമൊക്കെ കള്ളന്മാരല്ലിയോടാ! നിനക്കൊക്കെ എന്തറിയാം?

രാമ:- ശ്! ശ്ശ്!! നിറുത്തു! പൈലോച്ചാ! എന്തായീ പറയണതു്. അവരുടെ നാടും വീടുമുപേക്ഷിച്ചു് അന്യൎക്കുവേണ്ടി സേവനമനുഷ്ഠിക്കുന്ന വൈദികരേപ്പററിയാണോ നീയീ പറയണതു്? കഷ്ടം! കഷ്ടം!!

(ഇതിനിടയിൽ അവരുടെ സംസാരം കേട്ടു് ചാക്കോമാസ്റ്ററും അടുത്തു ചെന്നിരുന്നു സംസാരത്തിൽ പങ്കുകൊണ്ടു.)

മാസ്റ്റർ:- എടാ പൈലോച്ചാ! നീയെങ്ങിനെയാ ഇങ്ങനെ തലതിരിഞ്ഞു പോയതു്!

രാമ:- പിന്നെയെന്നാ സാറേ, ഇവനീപ്പറയണെ?

മാസ്റ്റർ:- കൃഷ്ണൻ പറഞ്ഞതു സത്യമാണു്. (പൈലോച്ചനോടു്) നീയെന്തിനാ ഇങ്ങനെ വൈദികരെ ദൂഷിച്ചു പറയുന്നതു്!

കുഞ്ഞി:- അവരെൻെറ സാറേ, സമുദായത്തിലെ ഇത്തിക്കണ്ണികളല്ലേ?

മാസ്റ്റർ:- ശുദ്ധമേ പൊളി! ഇതു ആ കമ്മ്യൂണിസ്റ്റുകാരുടെ പുസ്തകത്തിൽനിന്നു പഠിച്ചതല്ലേ നീ!

കുഞ്ഞി:- അതേ സാറേ; അതിലെന്താണൊരു തെററു്?

മാസ്റ്റർ:- അതു മുഴുവനും തെററാണെൻെറ പൈലോച്ചാ. അവന്മാരു നമ്മളെ ദൂഷിപ്പിക്കുന്ന ഒരു തരം മോസ്കോ നോക്കികളാണു്. ഇൻഡ്യക്കാരായ അവർ മാതൃരാജ്യത്തെ അവഹേളിച്ചുകൊണ്ടു് റഷ്യയെപ്പററി സ്തുതിഗീതങ്ങൾ പാടുകയല്ലേ ചെയ്തിട്ടുള്ളതു്? നിനക്കിതൊന്നുമറിഞ്ഞുകൂടേ?

കുഞ്ഞി: അപ്പോ അവരു ഇൻഡ്യാക്കാരല്ലേ!

മാസ്റ്റർ: അതേ, പക്ഷേ അവർ നമ്മുടെ നാടിൻെറ സകല പുരോഗതിക്കും വിലങ്ങടിച്ചു നിൽക്കുകയാണു് ചെയ്തിട്ടുള്ളതു്. നമ്മുടെ സ്വാതന്ത്ര്യസമരത്തെ വെള്ളക്കാരുടെ കാശുവാങ്ങി ഒററുകൊടുത്ത വഞ്ചകരാണവർ.

കുഞ്ഞി:- ഇതൊക്കെ നേരാണോൻെറ സാറേ?

മാസ്റ്റർ:- പിന്നെ പൊളിയാണോ? ഇതെല്ലാം പരസ്യമായ രഹസ്യങ്ങളാണു്. ഞാൻ ശരിക്കു പല പുസ്തകങ്ങളും വായിച്ചു താരതമ്യപ്പെടുത്തി പഠിച്ചതാണു്.

കുഞ്ഞി:- ആങ്ഹാ! അങ്ങനെയോ!

രാമകൃ:- ഇപ്പോഴെന്തായീ കൂവേ!

കുഞ്ഞി:- ശരി, സമ്മതിച്ചു. നിങ്ങൾ പറയുന്നതാണു് ശരിയെന്നെനിക്കു തോന്നുന്നു. അവരുടെ ചില പുസ്തകൾ വായിച്ചു ഞാനങ്ങന്ധാളിച്ചുപോയി.

## അനുസരണയുടെ ഫലം

(മാത്തുക്കുട്ടി ജെ. കുന്നപ്പള്ളി, കാഞ്ഞിരപ്പള്ളി. വയസ്സ് 11)

"അനുസരണ ബലിയേക്കാൾ നല്ലതാകുന്നു" എന്നു് യേശു അരുളിച്ചെയ്തിരിക്കുന്നു. അനുസരണയുടെ ഫലം എന്താണെന്നു് തെളിയിക്കുന്ന ഒരു കഥ ഞാൻ പറയാം.

ബേബിക്കു വയസ്സ് പത്തേയുള്ളു. അനുസരണയുടെ പൎയ്യായമാണു് അവൻ. അവനൊരനുജനുണ്ടു്, ടോം. ഒരു ദിവസം അവർ മുററത്തു കളിച്ചുകൊണ്ടുനിന്നപ്പോൾ അമ്മ പറഞ്ഞു: "ടോമീ, പറമ്പിൽ ഒരു തേങ്ങ വീണു. പോയി എടുത്തോണ്ടുവാ."

ടോമി:- "എന്നെക്കൊണ്ടു പററുവേല"

അമ്മ ബേബിയോടും അതാവൎത്തിച്ചു. കേൾക്കാത്ത താമസം. അവൻ പറമ്പിലേക്കോടി. തേങ്ങാ കണ്ടുപിടിക്കുവാൻ അധികസമയം വേണ്ടിവന്നില്ല.

(ശേഷം 11-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1